MR. A. G. MENON:
128. To reduce the allotment of Rs. 3,82,606 for Excise by Re. 1.

MR. P. S. MAHOMED:
129. To reduce the allotment of Rs.3,82,606 for Excise by Rs 6.

MR. N. K. KRISHNA PILLAI:
130. To reduce the allotment of Rs. 3,82,606 for Excise by Rs. 100.

MR. K. P. NILAKANTA PILLAI:
131. To reduce the allotment of Rs. 3,82,606 for Excise by Rs, 100.

MR. MATTHEW MURIKKAN:
132. To reduce the allotment of Rs. 3,82,606 for Excise by Rs. 100.

MR. ITTOOP ITTEECHAN:
133. To reduce the allotment of Rs 3,82,606 for Excise by Rs. 100.

MR. A. C. KURIAKOSE:
134. To reduce the allotment of Rs. 5,842 for Inspectors by Rs. 100.

MR. R. KESAVA PILLAI:
135. To reduce the allotment of Rs. 1,419 for establishment by Re. 1.

MR. A. C. KURIAKOSE:
136. To reduce the allotment of Rs. 1,419 for establishment by Rs. 50.

MR. A. C. KURIAKOSE:
137. To reduce the allotment of Rs. 1,500 for travelling allowance by Rs. 100.

MR. K. P. NILAKANTA PILLAI:
138. To reduce the allotment of Rs. 7,770 for pay of menials by Rs. 100.

MR. A. G. MENON:
139. To reduce the allotment of Rs. 91,317 for Customs by Rs. 100.

MR. K. MADHAVAN PILLAI:
140. To reduce the allotment of Rs. 91,317 for Customs by Rs. 100.

MR. ITTOOP ITTEECHAN:
141. To reduce the total allotment of Rs. 6,81,938 under Demand III by Rs. 100

MR. V. S. KRISHNA PILLAI:
141 A. To reduce the allotment of Rs. 6,81,938 by Rs. 100.

**PRESIDENT**: I now put Demand No. III Excise Department for Rs. 6,81,938 to the vote of the House.

The motion was carried and grant was made.

DEMAND No. IV—FOREST.

**PRESIDENT**: The House will now proceed to Demand No. IV.

**MR. R. DHANUKOTI PILLAI** (*Conservator of Forests*): I rise to move for a grant not exceeding Rs. 8,27,550—under Demand No. IV—Forest.

***Motion 142.***

To reduce the allotment of Rs. 2,00,000 for Royal trees by Re. 1.

**MR. TAMARAPALLIL KOHCUTOMMAN** (*Pattanamtitta*): സർ, രാജകീയവൃക്ഷങ്ങൾക്കായി ബഡ്ജറ്റിൽ ചേർത്തിട്ടുള്ള രണ്ടുലക്ഷംരൂപായിൽനിന്നും ഒരുരൂപാ കുറയ്ക്കണമെന്നുള്ളതാണ് എന്റെ ഉപക്ഷേപം. രാജകീയവൃക്ഷങ്ങൾ മുറിച്ചുമാറ്റിക്കൊണ്ടുപോകുന്നതിൽ വസ്തുടമസ്ഥന്മാ

LIBRARY ARCHIVES Kerala Legislative Assembly

ക്ക് നേരിടുന്നതായ ചില കഷ്ടനഷ്ടങ്ങളെപ്പറ്റി പറയുന്നതിനാണ് ഞാൻ ഈ ഉപക്ഷേപം ഇവിടെ ഹാജരാക്കീട്ടുള്ളതു്. കടിയാനവന്മാരുടെ പുരയിടങ്ങളിൽനിന്നു തടിമുറിച്ചു മാറ്റിക്കൊണ്ടുപോകുന്നതിനു് റവന്യൂ ഉദ്യോഗസ്ഥന്മാരും സ്ഥലംറേഞ്ചു് ആഫീസറും ജായിന്റ് മഹസർ എഴുതുക എന്നൊരു ഏർപ്പാടുണ്ടു്. ഇതു് സാധാരണയായി നടപ്പിൽവരുന്നതല്ല. പുരയിടം ഉടമസ്ഥനു് ഈ ജായിന്റു് മഹസർ തയാറാക്കാതെ രസീതുകിട്ടുകയില്ല. ഈ ജായിന്റു മഹസർ എഴുതുന്നതിനെസംബന്ധിച്ചു് പലഎഴുത്തുകുത്തുകളും റവന്യൂഡിപ്പാർട്ടുമെന്റും ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റുമായി നടന്നിട്ടുള്ളതു് എനിക്കറിയാം. പാർവത്യകാർ ജായിന്റു മഹസർ എഴുതുന്നസ്ഥലത്തുപോകാതെയിരിക്കുന്നതിനു് വല്ലകാരണങ്ങളും പറഞ്ഞുപോകാതെയിരിക്കുന്നതായിട്ടാണു് സാധാരണകാണുന്നതു്. ഈ മഹസറിനുശേഷം വാങ്ങിക്കുന്നരസീതുകൊണ്ടു് വസ്തുവിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനു സാധിക്കുമോ എന്നുള്ളകാര്യവും സംശയമാണു്. കടിവിലകിട്ടണമെങ്കിൽ തഹശീൽദാർ തന്നെ സകലവിവരങ്ങളും കാണിച്ചു് സർട്ടിഫിക്കറുകൊടുക്കണം. സാധാരണ അതിരുകയ്യാലകളുംവച്ചു് പുരയിടങ്ങളിൽ താമസിക്കുന്ന ആളുകളെ സ്ഥലം റേഞ്ചുക്കറിയാം. തടിമുറിച്ചുകൊണ്ടുപോകുമ്പോൾ റേഞ്ചർമാത്രംതന്നെ സ്റ്റാക്കു് നമ്പർ, തടിയുടെ നീളം, വണ്ണം, ഇവയെല്ലാം കാണിച്ചു് ഒരുരസീതു് എഴുതിക്കൊടുത്താൽ മതിഎന്നവയ്ക്കുന്നപക്ഷം ഏതാണ്ടു് രക്ഷയുണ്ടായിരിക്കുമായിരുന്നു. കടിവിലവാങ്ങിക്കുന്നതിനു് തഹശീൽദാരുടെ സർട്ടിഫിക്കറില്ലാതെ സാധിക്കുന്നതല്ല. കടിയുടമസ്ഥന്റെ തടി എന്നു് വിറ്റു, അല്ലെങ്കിൽ എത്രകാലത്തു് വില്ക്കാൻപോകുന്നു, എന്നു് അറിയാൻ ഇപ്പോൾ യാതൊരുവഴിയുമില്ല. തടിവിറ്റുകഴിയുമ്പോൾ ഉടനെതന്നെ പുരയിടം ഉടമസ്ഥനു് നോട്ടീസുകൊടുക്കണമെന്നു് വയ്ക്കുന്നപക്ഷം അയാൾക്കു് അറിയുന്നതിനു് എളുപ്പമുണ്ടാകുമായിരുന്നു.

കടിവിലബില്ലിൽതന്നെ വേറെയുംചിലതുകൂടെ ഉണ്ടു്. തടി ഏതു ഡിപ്പോവിൽ വിൽക്കുന്നുവോ അതിനടുത്തുള്ള ടഷറിയിൽ മൂന്നിലൊരുഭാഗം വിലടുക്കുന്നു. ബാക്കിയുള്ളതുക ലേലക്കാരൻ ഏതുതാലൂക്കിൽപാക്കുന്നുവോ ആതാലൂക്കിലേക്കു് അയച്ചുകൊടുക്കുന്നു. ഇങ്ങനെ ഒരുതടിയുടവില രണ്ടു ടഷറിയിൽ ഒടുക്കുകനിമിത്തം ടഷറി വെരിഫിക്കേഷനായി ബിൽ ഈ രണ്ടുടഷറിയിലും അയക്കേണ്ടിയിരിക്കുന്നതുകൊണ്ടു് കടിവിലകിട്ടുന്നതിനു് കാലതാമസം നേരിടുന്നു. ഇതും ആവശ്യമില്ലാത്ത ഒരു നടപടിയാണു്.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Thamarapallil Kochutommman.]

മുൻകാലങ്ങളിൽ പുതുവൽപതിവുകാലത്തു് ഭൂമിയെമാത്രം ആഗ്രഹിച്ചു് അളുകൾ പുതുവൽ പതിക്കയായിരുന്നു ചെയ്തുവന്നിരുന്നതു്. അക്കാലത്തു് രാജകീയ വൃക്ഷങ്ങൾ സൂക്ഷിച്ചുകൊള്ളാം എന്നു് എഴുതിവച്ചു് അളുകളും കണ്ടേക്കാം. അതു് ഒരവകാശമായിട്ടു പറഞ്ഞു് രാജകീയവൃക്ഷങ്ങളുടെ പൂണ്ണാവകാശം കൂടികുടിക്കു് വിട്ടുകൊടുക്കാതിരിക്കരുതു്; അതു് കൂടികുടിക്കു കൊടുക്കേണ്ടതാണു്; എന്നു് കഴിഞ്ഞപ്രജാസഭയിലും നിയമസഭയുടെ ബഡ്ജറ്റു യോഗകാലങ്ങളിലും വാദിച്ചിട്ടുള്ളതായിക്കാണുന്നുണ്ടു്. ഇങ്ങനെ ജനങ്ങളുടെ മുറവിളികൂട്ടുതലായപ്പോൾ ഗവണ്മെൻറു് ഒരു റായൽറ്റികമ്മിറ്റിയെ ഏർപ്പെടുത്തി അതിൻെറ റിപ്പോർട്ടുവരുത്തീട്ടുണ്ടു്. അവരുടെ ശുപാർശപ്രകാരം എന്തുനടപടി നടത്തിയെന്നു് ഇതുവരെ അറിയാനിടയായിട്ടില്ല. ഏതായാലും ഗവണ്മെൻറിനും ജനങ്ങൾക്കും ഒരുവിധത്തിലും നഷ്ടംവരാതിരിക്കുന്നവിധത്തിൽ എന്തെങ്കിലും ഒരു ഏർപ്പാടുചെയ്യണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ അവതരിപ്പിച്ചുകൊള്ളുന്നു.

MR. R. RAMAN PILLAI (*Kottayam*): ഈ ഉപക്ഷേപത്തിനെ ഞാൻ ബലമായി പിൻതാങ്ങുന്നു. റായൽറ്റി എന്നുപറയുന്ന തേക്കു്, ഈട്ടിമുതലായ വൃക്ഷങ്ങളിന്മേൽ ഗവണ്മെൻറിനുള്ള അവകാശംകൂടികുടിക്കു് വിട്ടുകൊടുക്കണമെന്നു് ഈ കൌൺസിലിൽ ഉപക്ഷേപവും പ്രമേയവും പാസ്സായിട്ടും ഇതേവരെ അതു് നടപ്പിൽവരുത്താത്തതിൽ എനിയ്ക്കുള്ള മനസ്താപത്തെ ഒന്നാമതായിട്ടു രേഖപ്പെടുത്തിക്കൊള്ളുന്നു. പഴയകാലത്തു കൂടിപ്പുരയിടങ്ങളിൽ ധാരാളമായിട്ടു തേക്കുതടി ഉണ്ടായിരുന്നു. ഇപ്പോൾ തേക്കുതടി തീരെയില്ലെന്നായി. ഇതിനുള്ള കാരണം കൂടിയാനവൻ അവൻെറ സ്വന്തപുരയിടത്തിൽ നട്ടുപിടിപ്പിക്കുന്ന തേക്കുവൃക്ഷത്തിൻെറ ഇലപോലും അവന്നു തൊടാൻ അവകാശമില്ല. അതു് കഠിനകരമാണു്. അതുകൊണ്ടു് പുരയിടങ്ങളിൽ മുളയ്ക്കുന്ന തേക്കുതടിപോലും അവർനശിപ്പിക്കയാണു് ചെയ്യുന്നതു്. തടി ഇല്ലാതെയാകുന്നതു് രാജ്യത്തിൻെറ ധനസ്ഥിതിയ്ക്കു് വലുതായ നഷ്ടമാണു്. അതുകൊണ്ടു് ഈ തടി പൂർവാധികം പുരയിടങ്ങളിൽ ഉണ്ടാകുന്നതിനുവേണ്ടി ഗവണ്മെൻറു് ഇപ്പോൾ നാമമാത്രമായിവച്ചുകൊണ്ടിരിക്കുന്ന ഈ അവകാശത്തെ കൂടിയാനവന്മാക്കായി വിട്ടുകൊടുക്കേണ്ടതാണു്. അങ്ങനെ വിട്ടുകൊടുക്കുന്നതുവരെ വേറെ ഒരു സംഗതിക്രൂടിചെയ്യണമെന്നു് ഞാൻ നിർദ്ദേശിച്ചുകൊള്ളുന്നു. ഇപ്പോൾ കൂബിക്കടിയ്ക്കു് ക്ര ഠ അണമുതൽ ഒരു ക്രു പാവരെ ചിലവുചെയ്താണു് ഈ തടിവെട്ടി ഡിപ്പോവിൽ കൊണ്ടുവരു

LIBRARY ARCHIVES Kerala Legislative Assembly

ന്നതു്. എന്നാൽ ആപുരയിടംഉടമസ്ഥനുതന്നെ ഈ ചിലവുകഴിച്ചു് പോക്കിയുള്ള താരിപ്പുവിലയുടെ പകുതിവിലയുള്ളു് കൊടുക്കുന്നതായിരുന്നാൽ കുടിയാനവനു് അതു് വളരെപ്രയോജനകരമായിരിക്കുമെന്നുമാത്രമല്ല ഗവണ്മെൻറിനു നഷ്ടവും വരികയില്ല. തടിഡിപ്പോവിൽ കൊണ്ടുപോയാൽ തടിയുടെ ഉടമസ്ഥൻ അറിയുന്നതിനു് നിവൃത്തിയില്ലാതെ കുടിയാനവനു് കുടിവിലയായി കിട്ടേണ്ടപണം ഫർഫീറു ചെയ്തു് ഒരുനല്ലസംഖ്യ ഗവണ്മെൻറിനു് ഈടാക്കാം എന്നുള്ള ഉദ്ദേശത്തോടുകൂടിയല്ലേ ഇപ്രകാരം ചെയ്യുന്നതെന്നും സംശയിക്കേണ്ടിയിരിക്കുന്നു. നാലുവർഷമായി കുടിവിലകിട്ടാൻ വേണ്ടിശ്രമിച്ച എനിക്കു് ഇതുവരെയായിട്ടും അതു് കിട്ടീട്ടില്ല എന്നു് പരസ്യമായി പ്രസ്താവിക്കാതിരിക്കാൻ നിവൃത്തിയില്ല. ആ സ്ഥിതിക്കു് സാധുജനങ്ങളുടെ കഥ എന്തായിരിക്കുമെന്നുള്ളതു് ഗവണ്മെൻറു തന്നെ ആലോചിച്ചു നോക്കുകയാണു് നല്ലതു്. കൺസർവേറരുടെ അടുക്കൽ പരാതി പറഞ്ഞാൽ തഹശീൽദാരുടെ സർട്ടിഫിക്കറു് ഹാജരാക്കണം എന്നു പറയും. തഹശീൽദാരുടെ അടുക്കൽ സർട്ടിഫിക്കറിനു് അപേക്ഷിച്ചാൽ അദ്ദേഹം പാവത്തുകാക്കു് എഴുതി അയക്കാം എന്നും പറയും. ഇങ്ങനെ എഴുത്തുകുത്തു് ഒരിക്കലും തീരാതെ കുടിയാനവനു് പണം കിട്ടാൻ വളരെ വിഷമമുണ്ടു്. ഗവണ്മെൻറു തടിയാണെന്നു് വിചാരിക്കുന്ന കാലത്തോളം അതു് മുറിച്ചുകൊണ്ടുപോകുവാൻ ഗവണ്മെൻറിനു് അവകാശമില്ലെന്നു് ഞാൻ പറയുന്നില്ല. എന്നാൽ ഗവണ്മെൻറിൻെറ ആവശ്യത്തിനാണെങ്കിൽ അതു് ക്ഷന്തവ്യമാണു്. നേരെ മറിച്ചു് ഈ തടി അന്യനാട്ടുകാക്കു് വില്ക്കുന്നതിനുവേണ്ടി ഈ സംഖ്യ ഗവണ്മെൻറിൽ നിന്നും ചിലവു ചെയ്തു കുടിയാനവനേയും കുടി നഷ്ടം സഹിപ്പിച്ചു കൊണ്ടുപോകണമെന്നുള്ള ആവശ്യം എന്താണെന്നു് ഗവണ്മെൻറു നല്ലപോലെ ആലോചിച്ചു നോക്കണം. അതിനാൽ ഞാൻ മുമ്പു് സൂചിപ്പിച്ചതുപോലെ ഗവണ്മെൻറിനു് തടി മുറിച്ചുകൊണ്ടു പോകുന്നതിനുള്ള ചിലവു കഴിച്ചു് ബാക്കിയുള്ള താരിപ്പുവിലയുടെ പകുതിവിലയുള്ളു് കുടിയാനവനു് കൊടുക്കുന്നതിനു് നിശ്ചയിച്ചാൽ ഈ രാജ്യത്തു് ധാരാളം തടിയുണ്ടാകുന്നതിനിടയാകും. മറു രാജ്യങ്ങളിൽ തേക്കു്, ഈട്ടി, മുതലായ വൃക്ഷങ്ങളുടെ അവകാശം ഗവണ്മെൻറിനില്ല. ചന്ദനം മുതലായ ചില വൃക്ഷങ്ങളുടെ അവകാശം ചില രാജ്യങ്ങളിൽ ഗവണ്മെൻറിനു് ഉണ്ടെന്നു് കേട്ടിട്ടുണ്ടു്. ഇങ്ങനെ സമീപദേശങ്ങളിൽപോലും ഇല്ലാത്ത അവകാശം വച്ചുകൊണ്ടു് രാജ്യത്തി

LIBRARY ARCHIVES Kerala Legislative Assembly

[Mr. R. Raman Pillai.]

ന്റെ ധനസ്ഥിതിയ്ക്ക് ദോഷം വരുത്താതെ ഇതിനു മുമ്പ് പാസായിട്ടുള്ള പ്രമേയങ്ങളെ ശക്തിയിൽ വരുത്തുകയും, കടിയാനവന് കിട്ടേണ്ടതായ അവകാശം കഴിയുന്നതും വേഗത്തിൽ കൊടുത്തു തീർക്കയും ചെയ്യുന്നതിനു വേണ്ട വ്യവസ്ഥകൾ ഉണ്ടാക്കണം എന്നുള്ള നിർദ്ദേശത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ ബലമായിട്ട് പിൻ താങ്ങിക്കൊള്ളുന്നു.

MR. K. MADHAVAN (*Nominated*): സർ, മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ അവർകളുടെ പ്രമേയത്തെപ്പിൻതാങ്ങി ഇരണ്ടൊരു വാർത്തകൾ സൊല്ലവേണ്ടിയിരുക്കിറതു. ഇത്തിരുവിതാങ്കൂർ രാജ്യത്തിൽ ഇന്ത ഏഴൈ ജനങ്കൾ ഇന്ത ഫാരസ്ടു ഡിപാർട്മെണ്ടാരാൽ താരാളമ് കഷ്ടം അനുപവിത്തു വരുകിറാർകൾ എൻപതു നിച്ചയമായ് യാവരുമ് അറിന്ത വിഷയമ്. പാവങ്കളാകിയ ഏഴൈകളുക്കു വേലൈയില്ലാമൽ കഷ്ടപ്പടുകിറാർകൾ. അവർകൾ തങ്കൾ തരിത്തിരത്താൽ മലൈയടിവാരങ്കളുക്കുപ് പോയ്, പട്ടുപ് പോന മരങ്കളൈയുമ്, വേറു ഉപയോകമറ്റു പൊടിന്തു പോന വിറകുകളൈയുമ് തൊളിലുക്കുക് കൊണ്ടുവന്തു വിലൈക്കുക് കൊടുത്തു കാലക്ഷേപമ് സെയ്കിറാർകൾ. ഇന്നുമ്, ഇന്ത ഏഴൈകൾ മലൈയടിവാരങ്കളുക്കുച് സെന്റു പുല്കൊണ്ടുവന്തുമ് വിറ്റു കാലക്ഷേപമ് സെയ്കിറാർകൾ. ഇവർകളുക്കു ഫാരസ്ട് ഡിപാർട്മെണ്ടാർ പല കഷ്ടങ്കൾ സെയ്തുവരുകിറാർകൾ. അതാവതു അപ്പടി കൊണ്ടുവരുകിറവർകളിടമിരുന്തു ഒരു മരക്കാൽ, രണ്ടു മരക്കാൽ നെല്വിലൈ കട്ടായപ്പടുത്തിപ്പിരിക്കിറാർകൾ. അപ്പടിയാരാവതു കൊടാവിട്ടാൽ, ഉടനെ അവർകൾ ഇന്ത ഏഴൈ ജനങ്കളിൻ പേരിൽ കേസ് എടുക്കിറാർകൾ. അതാവതു ഇവർകൾ പേരിൽ മരമ് വെട്ടിനതാകവുമ്, കാട്ടിൽ തീ വൈത്തതാകവുമ് കേസ് എടുത്തു ഇവർകളൈ തുൻപപ്പടുത്തുകിറാർകൾ. സർ, ഇവർകളുക്കു ഒരു വരുഷത്തിൽ രണ്ടു മാതമ് വേലൈയില്ലൈ. അവർകളൈ ഇന്ത വിറകു എടുക്കവുമ്. പുൽ അറുക്കവുമ് വിടാവിട്ടാൽ അവർകൾ പാടു കഷ്ടമ് താൻ. ഇവർ തങ്കൾ ജീവനത്തിറ്കാകത്താൻ പുൽ അറുക്കവുമ് വിറകു കൊണ്ടു വരവുമ് സെയ്കിറാർകൾ. ആതലാൽ ഇവർകളൈ ആയുതങ്കളില്ലാമൽ കാടുകളുക്കുമ് മലൈകളുക്കുമ് വിറകു എടുക്കവുമ് പുൽഅറുക്കവുമ് അനുമതിക്കവേണ്ടുമ്. മേലേ സൊന്നതു അനുസരിത്തു ഏഴൈ ജനങ്കൾ മലൈയിലേറി വിറകു, എടുക്കവോ പുല്ലറുക്കവോ സെയ്യുമ് പോതു അവർകളൈ പലവിതത്തിലുമ് കഷ്ടപ്പടുത്താമലിരുക്കവേണ്ടുമാറു പാരസ്ടു സംപന്തിത്ത ഒരു ഉത്തിയോകസ്തർ, റേഞ്ചറോ കാർടോ വേറുയാരാവതു ഒരുവർ കിരുമങ്കളിൽ പ്രവേശിക്കവോ ഏഴൈകളിടമിരുന്തു നെല് മുതലിയ പൊരുൾകളൈപ് പിടിക്കവോ സെയ്താൽ അപ്പടിപ്പട്ടവർകളൈ സിക്ഷിത്തു വേലൈയിലിരുന്തുപ് പിരിത്തു വിടപ്പടുമ് എൻറു പ്രത്തിയേകമാനചട്ടമ് ഏർപടുത്ത വേണ്ടുമെൻറു കേട്ടുക്കൊണ്ടു എൻ അഭിപ്രായത്തൈ മുടിത്തുക്കൊൾകിറേൻ.

MR. T. C. KESAVA PILLAI (*Kalkulam cum Vilavancod*): സർ, മി. കൊച്ചുതൊമ്മന്റെ ഉപക്ഷേപത്തെ പിൻതാങ്ങുന്നതോടുകൂടി ഞാനും രണ്ടുവാക്കു പറഞ്ഞു കൊള്ളട്ടെ. കല്ക്കുളം, വിളവംകോട് താലൂക്കിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അതുത്തിയിൽ പെട്ടതായ വനങ്ങളിൽ നിന്നും പൊന്മന മുതലായ സ്ഥലങ്ങളിലേക്ക് കൃഷിക്കാക്ക് വളം കൊണ്ടുപോകുന്നതിന് മുമ്പ് പാസ് വേണമെന്നൊരു വ്യവസ്ഥയുണ്ടായിരുന്നു. അതു് അനുവദിച്ചു കൊടുത്തിട്ടുണ്ടെന്നു് മുമ്പാരിക്കൽ കൺസർവേറാർ പറഞ്ഞിട്ടുണ്ടെങ്കിലും അതു് പ്രയോഗത്തിൽ കൃഷിക്കാക്ക് ഉപയോഗപ്രദമായി വരുന്നില്ല എന്നുള്ള സംഗതി ഞാൻ ഇവിടെ അറിയിച്ചുകൊള്ളുന്നു. ഈ സംഗതിയിൽ കൺസർവേറാർ അവർകും മേലാൽ നിഷ്കർഷയായിട്ട് പ്രവർത്തിക്കണം. കന്നുകാലി മേച്ചിലിനു് ഒഴിച്ചിട്ടിട്ടുള്ളതായ ഏതാനും സ്ഥലങ്ങളിൽ കന്നുകാലികും, ആട്ടിൻ പറം ഇവയെ കൊണ്ടുപോകുന്ന ആളുകളെ ഫാറസ്റ്റ് സിൽബന്ധികും വളരെ കഠിനമായി ഉപദ്രവിച്ചു വരുന്നു. കൃഷിസ്ഥലം വർദ്ധിച്ചുവരുന്നതായ കാലത്തു് ആടു് മുതലായവയെ പരിരക്ഷിക്കുന്ന ആളുകൾക്കു് ഒരു സ്ഥലത്തുതന്നെ താമസിക്കാൻ നിവർത്തിയില്ല. ഇതിലേക്കു വേണ്ടി അവക്ക് മലപ്രദേശങ്ങളിൽ പോകേണ്ടതായിട്ടിരിക്കുന്നു. അങ്ങനെ പോകുന്നവരെ ഫാറസ്റ്റ് സിൽബന്ധികും ഉപദ്രവിക്കുന്നുവെങ്കിൽ അതു് അവക്ക് വളരെ സങ്കടമാണു്. ഇങ്ങനെയുള്ള സംഗതികളിൽ കൺസർവേറരുടെ ശ്രദ്ധാപതിയണമെന്നു് അപേക്ഷിക്കുന്നു.

കൃഷി ആവശ്യത്തിനുള്ള കലപ്പ മുതലായ ആയുധങ്ങൾ ഉണ്ടാക്കുന്നതിനായി പ്രത്യേകം അനുവാദത്തോടുകൂടി പഴയ ആളുകൾ വനത്തിനുള്ളിൽ ചെന്നു് തടി വെട്ടിക്കൊണ്ടുവരിക പതിവുണ്ടു്. അവർ മോഷ്ടിക്കാൻ പോകുന്നവരല്ല. ഇതിനെ അടിസ്ഥാനപ്പെടുത്തി അവർ ഇതു് നാളതുവരെ നടത്തിവരികയാണു്. ഒരു കണിശക്കാരനായ റേഞ്ചർ ഇങ്ങനെ പോകുന്നവരെ പലവിധത്തിലും ഉപദ്രവിക്കുന്നുണ്ടു്. അതുകൊണ്ടു് ആളുകളുടെ യോഗ്യതയനുസരിച്ചു് ഡിപ്പാർട്ടുമെൻറു് സിൽബന്ധികും പ്രവർത്തിക്കണമെന്നു് അവരെ ഉപദേശിക്കണമെന്നു ഞാൻ പ്രത്യേകം അപേക്ഷിക്കുന്നു.

പെരിപ്പാറ മുതൽ പത്തുകാണിവരെയുള്ള ചിലസ്ഥലങ്ങളിൽ പുകയില കൃഷിനടത്തുന്നുണ്ടു്. (ഈ സംഗതി എക്സൈസ് ഡിമാൻഡു് ആലോചനയ്ക്കുവന്നപ്പോൾ പറയണമെന്നു് വിചാരിച്ചിരിക്കയും സമയം കിട്ടാഞ്ഞതുകൊണ്ടു് പറയാതിരിക്കയും ചെയ്തതാണു്, ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിനെ കൂടി സംബന്ധിക്കുന്നതായ ഒരു സംഗതിയായതുകൊണ്ടു് ഇപ്പോൾ പറയുന്നുവെന്നേയുള്ളു.) എക്സൈസ് ഡിപ്പാർട്ടുമെൻറിലെ ചില സിൽബന്ധികും പണം ഉണ്ടാക്കാൻ മാത്രം വേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

മലകളിൽ കയറി സാധുക്കളായ കാണിക്കാരെ ഉപദ്രവിച്ച് അവരുടെ പുകയിലകൃഷിയെ നശിപ്പിക്കുന്നുണ്ട്. അവരെ പ്രോത്സാഹിപ്പിച്ച് ഈ കൃഷിനടത്തുന്നപക്ഷം ഇന്ന് നാം തുമ്പിനാപ്പള്ളി മുതലായ സ്ഥലങ്ങളിലേക്ക് പുകയിലയ്ക്കുവേണ്ടി പണം അയക്കുന്ന ആവശ്യം ഉണ്ടാകുന്നതല്ല, അതിനാൽ ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറും എക്സൈസ് ഡിപ്പാർട്ടുമെൻറും ക്രമീകരിച്ച് ഒരു പ്രൊപ്പോസൽ അയച്ചാൽ വളരെ നന്നായിരിക്കും. തിരുവിതാംകൂർ ഗവണ്മെൻറിന് ആരേയും പേടിക്കാനില്ല. ഈ നാട്ടിൽ ജനിച്ച മഹാനായ ദിവാൻ പ്രസിഡണ്ട് അവർകൾ തന്നെ ധൈര്യസമേതം തിരുവിതാംകൂറിന്റെ സ്വാതന്ത്ര്യത്തേയും സാമ്പത്തിക നിലയേയും വർദ്ധിപ്പിക്കുന്നതിനായി ഏതു ഗവണ്മെൻറിനോടും തടഞ്ഞു പറയാനോ യുദ്ധം ചെയ്യാനോ തയാർ എന്ന നിലയിൽ അന്യ രാജ്യത്തുനിന്നും പുകയില വരുത്താതെ നമ്മുടെ നാട്ടിൽതന്നെ പുകയിലയുണ്ടാക്കാൻ തക്ക സൌകര്യമുണ്ടാക്കിക്കൊടുക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

പോലീസുകാരും ചിലസംഗതികളെപ്പറ്റി അന്വേഷണം നടത്തുന്നില്ല എന്നാണ് ഇനിഎനിക്ക് പറയാനുള്ളത്. ഫാറസ്റ്റിന്റെ സർവിനകത്തു് (Kani land) കാണിലാൻഡ് എന്നൊരുസ്ഥലമുണ്ട്. അവിടെ കാണിക്കാർ അനേകായിരം വർഷങ്ങളായി താമസിച്ച് ദേഹണ്ഡിച്ച് അന്യരുടെ ഉപദ്രവം കൂടാതെ താമസിച്ചുവരികയാണ്. ഈയിടെതന്നെ നെയ്യാറിൻകര പനച്ചമൂട് എന്നസ്ഥലത്തു് ഏതാനും അക്രമികളും കുറെകാണിക്കാരെ കൊണ്ടുപോയി മദ്യപിപ്പിച്ച് അവരെ കൊണ്ട് ആധാരം എഴുതിച്ച് വാങ്ങിച്ചിട്ടുണ്ട്. ഈയാളുകൾ വളരെ സ്വാധീനശക്തിയുള്ളവരാകുന്നു. ഇന്നാർ എന്ന് ഞാൻ ഇവിടെ പറയുന്നില്ല. ഈ സാധുക്കളായ കാണിക്കാരുടെ രക്ഷയെ മുൻനിറുത്തി പ്രവർത്തിക്കുന്നതിന് പോലീസ് കമ്മീഷണർ വേണ്ട ഏർപ്പാടുകൾ ചെയ്യാത്തതു് എത്രയും പരിതാപകരമായ ഒരു സംഗതിയാണെന്ന് ദിവാൻജി അവർകളേയും ഈ കൊൺസിലിനേയും അറിയിച്ചുകൊള്ളുന്നു.

**PRESIDENT**: The Dewan is not here.

**MR. T. C. KESAVA PILLAI** (*Kalkulam cum Vilavankod*): ദിവാൻ പ്രസിഡണ്ട് അവർകളെ അറിയിച്ചുകൊള്ളുന്നു.

ഫാറസ്റ്റിനകത്തുള്ള കാണിക്കാർ ചന്തയ്ക്കുകൊണ്ടുപോകുന്ന പുമുട്ടകളെ മഹമ്മദീയർ തടഞ്ഞു് പത്തുരൂപയ്ക്കുള്ള സാമാനങ്ങൾക്ക് അര

LIBRARY ARCHIVES Kerala Legislative Assembly

ശ്രമാകൊടുത്തു് അവരുടെ കയ്യിൽ നിന്നും സാമാനം പിടിച്ചുപറിക്കുന്നു. ഈ സംഗതിയിലും പോലീസ് കമ്മീഷണരുടെ ശ്രദ്ധപതിയേണ്ടതാണു്.

ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ അറിയേണ്ടതായ ചില സംഗതികൂടി ഇനി എനിക്കു് പറയേണ്ടതായിട്ടുണ്ടു്. അതായതു് സാധുക്കളായ കാണിക്കാക്കു് കുടയിനാ വിലവാങ്ങാതെ കൊടുക്കുന്നതിനു് വേണ്ട ഏർപ്പാടുകൾ ചെയ്യുകയും അവർ ചന്തയിൽ വരുമ്പോൾ അവരുടെ കാലിലുള്ള വ്രണങ്ങൾ മുതലായവയെ ചികിത്സിക്കത്തക്കവണ്ണം ആംബുലൻസ് കാറുകൾ ചന്തദിവസം പൊന്മന, പനച്ചമൂടു് മുതലായസ്ഥലങ്ങളിൽ കൊണ്ടുവരുന്നതിനു് വേണ്ടഏർപ്പാടുകൾ ചെയ്യണം.

**DR. K. RAMAN TAMPI** (*Inspecting Medical Officer*): പനച്ചമൂട്ടിൽ ഇപ്പോൾ ഒരു ആശുപത്രി നടക്കുന്നുണ്ടെന്നു് മെമ്പർക്കറിയാമോ?

**MR. T. C. KESAVA PILLAI** (*Kalkulam* cum *Vilavankod*): അതുമാതിരിധാരാളം മേലും ഉണ്ടാക്കണം.

**PRESIDENT**: That relates to the Medical Department.

**MR. T. C. KESAVA PILLAI** (*Kalkulam* cum *Vilavankod*): അതു് ഫാറസ്റ്റിന്റെ സംരക്ഷണത്തിൽ കൂടിയുൾപ്പെട്ടതാണു്.

ഇനി എനിക്കു് പ്രത്യേകിച്ചു് പറയാനുള്ളതു് ക്കാമല റിസർവിനെപ്പറ്റിയാകുന്നു. പേച്ചിപ്പാറയോടു ചേർന്നുള്ള "വലിയേലാ" എന്നുള്ളസ്ഥലത്തെ കഴിയുന്നതും വേഗത്തിൽ ഡിസ്സ്അഫാറസ്റ്റു ചെയ്തു പതിച്ചുകൊടുക്കണം. ഫാറസ്റ്റുനയം കുറേക്കൂടിപ്രായോഗികമായരീതിയിൽ വരുത്തക്കവണ്ണം കൺസർവേറ്റർ പ്രവർത്തിക്കണം.

**MR. P. S. MAHOMED** (*Nominated*): ഏവിടെയുള്ള മഹമ്മദീയരാണു് കാണിക്കാരുടെ സാമാനങ്ങൾ പിടിച്ചു പറിക്കുന്നതു് എന്നു് പറഞ്ഞതു്?

**MR. T. C. KESAVA PILLAI** (*Kalkulam* cum *Vilavankod*): അവർ പുഴക്കാരല്ല. മലകൾക്കടുത്തു് താമസിക്കുന്ന കുറുവടക്കാരാണു്.

**MR. P. S. MAHOMED** (*Nominated*): കുറുവടക്കാരാണോ?

**MR. T. C. KESAVA PILLAI** (*Kalkulam* cum *Vilavankod*): അതെ; തഴ്ന്നതരം കുറുവടക്കാർ.

**MR. K. MADHAVAN PILLAI** (*Trivandrum* cum *Neduvangad*): "Depressed Class Protector" കണിക്കാക്കു വേണ്ടി ഒന്നും പ്രവർത്തിച്ചിട്ടില്ലേ?



LIBRARY ARCHIVES Kerala Legislative Assembly

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*) : അവക്ക പ്രൊട്ടെക്ടറുമില്ല, പ്രതിനിധിയുമില്ല. അവക്ക് പ്രതിനിധി ഉണ്ടാകേണ്ടിരിയിക്കുന്നു.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : അധഃകൃതസംരക്ഷകൻ കാണിക്കാരുടെ കാര്യം അവിടെ വന്നു അന്വേഷിച്ചിട്ടുണ്ടോ?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): അവിടെ വന്നിട്ടില്ല.

പത്തുകാണിവഴികുട്ടപ്പകാണിയിൽക്കൂടെ ഒരു റോഡുക്രടി അനുവദിച്ചു കൊടുക്കണമെന്നുക്രടി ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): സർ, തേക്കുതടിയെ സംബന്ധിച്ചുള്ള ഈ ഉപക്ഷേപത്തെപ്പറ്റി ഞാനും ചിലതു പറയണമെന്നു വിചാരിക്കുന്നു. കുടിപ്പുരയിടങ്ങളിൽനിന്നു തടി മുറിച്ചുകൊണ്ടുപോകുന്ന വിഷയത്തിൽ കുടികർക്കുള്ള അവകാശം ശരിയായി കിട്ടാത്തവിധത്തിൽ പല സമ്പ്രദായങ്ങളും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു എന്നാണ് ഈ ഉപക്ഷേപം അവതരിപ്പിച്ച സാമാജികൻ പറയുന്നതു്. ഇതിനു പ്രതിവിധികർം ഉണ്ടാക്കണമെന്നുള്ള ഒരുപക്ഷേപം ഇതിനുമുമ്പു മറെറാരു രൂപത്തിൽ ഇവിടെ അവതരിപ്പിച്ചു് പാസാക്കിയിട്ടുണ്ടു്. കുടിപ്പുരയിടങ്ങളിലെ തേക്കുതടിയുടെ പൂണ്ണാവകാശം കുടിയുടമസ്ഥനുതന്നെ വിട്ടുകൊടുക്കണമെന്നു് ഒരു പ്രമേയവും ഇവിടെ പാസാക്കീട്ടുണ്ടു്. അതു ഉടനെ നടപ്പിൽ വരുത്തിയാൽ ഈ പറഞ്ഞ ഉപദ്രവത്തിനെല്ലാം പ്രതിവിധി ഉണ്ടാകും. അതാണു ഗവണ്മെൻറു ചെയ്യേണ്ടതു്.

കുടിപ്പുരയിടങ്ങളിലുള്ള വൃക്ഷങ്ങളുടെ അവകാശം ഗവണ്മെൻറിനാണു് എന്നു സ്ഥാപിച്ചിരിക്കുന്നതു ഗവണ്മെൻറിനും കുടികർക്കും ഒന്നുപോലെ നഷ്ടമാണു്. മറെറാരു രാജ്യത്തും ഈ ഏർപ്പാടില്ല. ഇതു് ഒരു പരിഷ്കൃതസമ്പ്രദായവുമല്ല. ഈ രാജ്യത്തെ ജനപ്രതിനിധിസഭയിൽ വേണ്ടുണ്ണദോഷവിമർശനം നടത്തി ഇതു നിറുത്തിക്കളയണമെന്നു് ഒരുപക്ഷേപം പാസാക്കിയുമിരിക്കുന്നു. ഈ സ്ഥിതിക്കു് ഈ നിലയിൽ തന്നെ അതിനെവച്ചു കൊണ്ടുപോകുന്നതു വളരെ കഷ്ടമായിട്ടുള്ളതാണു്. റായൽറ്റി അബാളിഷ് (abolish) ചെയ്താൽ കുടികർക്കു നഷ്ടമാണെന്നു കൺസർവേറർ പറയുന്നു. എന്നാൽ അദ്ദേഹം പറയുന്നതുപോലെ അതു് ഒരിക്കലും നഷ്ടമല്ല! ഇപ്പോഴത്തെ നിലയ്ക്കു് രാജകീയവൃക്ഷങ്ങൾ കുടിപ്പുരയിടങ്ങളിൽ മുളയ്ക്കുമ്പോൾ തന്നെ ജനങ്ങൾ നശിപ്പിച്ചുകളയു

LIBRARY ARCHIVES Kerala Legislative Assembly

കയാണു ചെയ്യുന്നതു്. മിക്കവാറും കുടിപ്പുരയിടങ്ങളിൽ രാജകീയവൃക്ഷങ്ങൾ ഇല്ലാതായിട്ടുണ്ടു്. മേലിൽ ഇപ്പോഴത്തെ സ്ഥിതിക്കുതീരെ ഉണ്ടാവുകയില്ല. ഇപ്രകാരം ഇല്ലാത്ത ഒരു സാധനം ഗവണ്മെൻറുവകയാണെന്നു പറയുന്നതുകൊണ്ടു് എന്താണു വിശേഷം? അതുകൊണ്ടു തേക്കുവൃക്ഷങ്ങൾ സൂക്ഷിക്കുന്നതിനും നട്ടുവളർത്തുന്നതിനും ജനങ്ങൾക്കു താല്പര്യം വരത്തക്കവണ്ണം അവ കുടികൾക്കു് വിട്ടുകൊടുത്താൽ അവ ധാരാളംവളർത്തുകയും അങ്ങിനെ ഉണ്ടാകുന്ന തടികൾ ഇപ്പോഴത്തെപ്പോലെ വിദേശികൾ തന്നെഅധികഭാഗവും വാങ്ങിക്കയും ചെയ്യും. എന്തെന്നാൽഒരുകണ്ടി തേക്കുതടിയുടെ വിലകൊണ്ടുതന്നെ രണ്ടുകണ്ടി തടി കിട്ടുന്നതായ തേമ്പാവു്, ഇരുമുള്ളു് മുതലായ തടികളെ വാങ്ങിയെ ജനങ്ങൾ പുരപണിക്കു് ഉപയോഗിക്കയുള്ളൂ. അതുകൊണ്ടു തേക്കുതടിയ്ക്കു് ഒരു തീരുവ ചുമത്തുന്നപക്ഷം ഗവണ്മെൻറിനു് ആ ഇനത്തിൽ നല്ല ആദായം കിട്ടുന്നതാണു്. ഇതിനെപ്പറ്റിവിസ്തരിച്ചു് ഇതിനുമുമ്പുപറഞ്ഞിട്ടുണ്ടു്. പണ്ടു മുളകുമടിസ്ഥലത്തിലേഏർപ്പാടുണ്ടായിരുന്നു. കുടികൾ മുളകുകൃഷി ചെയ്താൽ മുളകു ഗവണ്മെൻറിനെ ഏൽപ്പിക്കണം. ദിവാൻ സർ ടി. മാധവറാവുവിൻെറ കാലത്തു് ആ ഏർപ്പാടു നിറുത്തി. മുളകു് ജനങ്ങൾക്കു് കൃഷിചെയ്യുന്നതിനായിവിട്ടുകൊടുക്കയും അതിനു് ഒരു തീരുവ ചുമത്തുകയും ചെയ്തു. മുളകൃഷിചെയ്തുകിട്ടുന്ന ആദായംമുഴുവനും കുടികൾക്കു ലഭിക്കുന്നുണ്ടെന്നു കുടികൾവിചാരിക്കുന്നുണ്ടെങ്കിലും ഒരു ഭാഗം തീരുവ ഇനത്തിൽ ഗവണ്മെൻറിനാണു ലഭിക്കുന്നതു്. ഏതുവിളവുസാധനത്തിനു തീരുവ ഏർപ്പെടുത്തിയാലുംഅതു കൃഷിക്കാരനിലാണല്ലൊ വന്നവസാനമായികൊള്ളുക. കണ്ടിഒന്നുക്കു ൧൫ രൂപായോ ൧൬,രൂപായോ തീരുവ ഇനത്തിൽ ഗവണ്മെൻറിനു് ഇപ്പോൾ കിട്ടുന്നുണ്ടു്. അതുപോലെതേക്കുതടിക്കു തീരുവ ഏർപ്പെടുത്തിയാൽ തടികൾ രാജ്യത്തുവളർക്കയും ഗവണ്മെൻറിനു സ്ഥിരമായ ആദായം ഉണ്ടാവുകയും ചെയ്യും. ഇവിടെ ഇതിനെ സംബന്ധിച്ചു് വാദം തുടങ്ങിയശേഷമാണു് ഈസംഗതി കൊച്ചിയിൽ കൌൺസിലിൽ കൊണ്ടുവന്നതു്. ആദ്യം ആലോചിക്കാമെന്നു ഗവണ്മെൻറു മറുപടി പറഞ്ഞു. പിന്നീടു് മഹാരാജാവുതിരുമനസ്സിലെ ഒരു തിരുനാൾ ദിനത്തിൽ ജനങ്ങൾക്കു് ഒരു അനുഗ്രഹം എന്നനിലയിൽ റായൽറ്റി നിർത്തിയിരിക്കുന്നതായിവിളംബരം പ്രസിദ്ധപ്പെടുത്തി.

ബ്രിട്ടീഷ് ഇൽഡ്യയിലും തേക്കുതടിസൌജന്യ്ക്കാനറായിലും ഉണ്ടു്. ബ്രിട്ടീഷ് ഇൻഡ്യയിൽ കുടിപ്പുരയിടങ്ങളിലുള്ള തേക്കുതടിയുടെ അവകാശം കുടികൾക്കാണു്. അതുപോലെ തന്നെ മൈസൂരിൽ ഷിമോഗാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitomman.]

മുതലായ ചില ഡിസ്ട്രിക്ടുകളിൽ തേക്കുതടിയുണ്ടെന്നുകേട്ടിട്ടുണ്ട്. അവിടേയും കൂടികഠംക്ക തന്നേയാണ് അവകാശം.

ഇൻഡ്യയുടെ ആരാമംഎന്നാണല്ലൊ ഈ രാജ്യത്തെപ്പറ്റി പറയാറുള്ളത്. തിരുനൽവേലി, മധര മുതലായ ജില്ലകളിൽ അധികവും ധാന്യങ്ങളാണ് വളരുന്നത്. എന്നാൽ ഇവിടെ അങ്ങിനെയല്ല. വൃക്ഷങ്ങളാണ് അധികം. ഈ നിലയ്ക്ക പോവുകയാണെങ്കിൽ ഒന്നോ രണ്ടോ വർഷങ്ങൾ കഴിയുമ്പോൾ ഈ വിലയേറിയ തേക്കുതടി റിസർവ്വ വനങ്ങളിൽ അല്ലാതെ കുടിപ്പുരയിടങ്ങളിൽ കാണുകയില്ല. ഫാറസ്റ്റ്ഡിപ്പാർട്ടുമെൻറ് കൃഷിയുള്ള ഒരു ഡിപ്പാർട്ടുമെൻറല്ലല്ലോ. അഥവാ ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറ കൃഷിചെയ്യുകയാണെങ്കിലും ചെയ്യകൊള്ളട്ടെ, വിരോധമില്ല. ആദായകരമായ തൊഴിൽ ജനങ്ങളും നടത്തുന്നതുകൊണ്ട് എന്താണവിരോധം?

ക്രൂടാതെ തേക്കുതടി മുളകൃഷി ചെയ്യുന്നതിനു പറ്റിയവൃക്ഷമാണ്. തൊലിയുടെ കട്ടികൊണ്ടും വേനൽക്കാലത്തു ഇല പൊഴിയുന്നതുകൊണ്ടും മറ്റു ആഞ്ഞിലി മുതലായ വൃക്ഷങ്ങളിൽ മുളകു പടർത്തുന്നതിനെക്കാൾ കുറേക്കൂടി ഫലപ്രദമായിരിക്കും തേക്കുതടിയിൽ മുളകുപടർത്തിയാൽ. തേക്കു തൈവച്ച് മൂന്നാംകൊല്ലം മുളകു ഇടാം. ആഞ്ഞിലിയിൽ മുളകുകൊടി ഇട്ടാൽ വെയിൽകൊള്ളുന്നസ്ഥലത്തു ആഞ്ഞിലിവൃക്ഷം നിന്നാൽ മാത്രമേ പൂർണ്ണമായഫലം കിട്ടുകയുള്ളു. ഇടതിങ്ങിനിന്നുയാണെങ്കിൽവലിയ ഫലം കിട്ടുകയില്ല. തേക്കുതടിയായാൽ ആ ദോഷമില്ല.

എട്ടുവർഷത്തിനുമുമ്പുതന്നെ ഈ വിഷയം ഞാൻ ഈ കൌൺസിലിൽ ഒരു പ്രമേയരൂപത്തിൽ കൊണ്ടുവരികയും അതനുസരിച്ച ഒരു കമ്മിറ്റിഏർപ്പെടുത്താമെന്നു പറഞ്ഞതുകൊണ്ടു ആ പ്രമേയം പിൻവലിക്കയുമാണുണ്ടായത്. ഒടുവിൽ ഒരു കമ്മിറ്റിഏർപ്പെടുത്തി. ഞാനും അതിലെ ഒരംഗമായിരുന്നു. ഒരു റിപ്പോർട്ടുംസമർപ്പിച്ചു. പക്ഷെ ആ റിപ്പോർട്ട ഇനിയും വെളിയിൽ വന്നിട്ടില്ല. കാര്യം പണ്ടത്തേപോലെതന്നെനടക്കുന്നു.

**MR. K. MADHAVAN PILLAI** (*Trivandrum cum Neduvangad*): ഈ റായൽടി ഇനത്തിൽനിന്നുമുള്ള വരവുകഴിച്ചാൽ ഫാറസ്റ്റു ഡിപ്പാർട്ടുമെൻറിൽനിന്നും എന്താദായം ലഭിക്കും?

**MR. TARIATU KUNJITOMMAN** (*Muvattupuzha cum Todupuzha*): പറയത്തക്കവണ്ണം ഒന്നുമില്ല. അതുകൊ ലക്ഷ്യമാണ് ഫാറസ്റ്റ്ഡിപ്പാർ

LIBRARY ARCHIVES Kerala Legislative Assembly

ട്ടുമെൻറിലെചിലവുകഴിച്ചുള്ള വരവു്. അതിൽ ന്യലക്ഷവും റായൽടി ഇനത്തിൽനിന്നുമാണു്. അതുകൊണ്ടായിരിക്കാം ഈ വിഷയത്തിൽ കൺസർവേററർ വിരോധാഭിപ്രായം പ്രകടിപ്പിക്കുന്നതു്. എന്നാൽ ഇങ്ങനെ ഒരു വരുമാനം കാണിച്ചതുകൊണ്ടു് ഒരു വിശേഷവുമില്ല. ഫാറസ്ററിൽനിന്നും ഇപ്പോൾ കിട്ടുന്ന വരവു് ഫാറസ്ററ വരവായിട്ടുകണക്കാക്കിയാൽമതി. തേക്കുതടി കൂടികഠംക്കു വിട്ടുകൊടുക്കുന്നപക്ഷം തീരുവയിനത്തിൽ ഗവണ്മെൻറിനു ആദായം ഉണ്ടാകും. അതു എക്സൈസ് ഇനത്തിൽ ചേരും, ഫാറസ്ററിൽ ചേർത്തുകണക്കാക്കുവാൻ സാധിക്കുകയില്ല. അതുകൊണ്ടാണു് ഫാറസ്ററുകാർ തടസ്ഥംപറയുന്നതു്. ജനങ്ങളുടെ തടികഠം ഫാറസ്ററുകാരുടെ വകയാണെന്നു പറഞ്ഞു മറവു കൃഷികളേയും നശിപ്പിച്ചു കുടിയാനവൻെറ രോദനങ്ങളെ വകവയ്ക്കാതെ ആനകരിമ്പുതോട്ടത്തിൽ കടന്നതുപോലെയുള്ള അഴിമതികഠം കാണിച്ചു തടികൊണ്ടുപോകുന്നു. അതിൽനിന്നും ഗവണ്മെൻറിനുകിട്ടുന്ന ആദായമോ തുച്ഛമാണു്. ഇവസമുദ്രതീരത്തെ ഡിപ്പോകളിൽകൊണ്ടുചെന്നു് വിദേശികഠംക്കു വില്ക്കുയാണു്. "വിദേശികഠം തരുന്നതിൽ കൂടുതൽ വിലഞങ്ങഠം തരാം. തരിശുഭൂമി പതിക്കുമ്പോഠം മരവില ഈടാക്കുന്നതുപോലെ ഈടാക്കിക്കൊള്ളുക, എങ്കിലും ഈ തടി മുറിച്ചുകൊണ്ടുപോകരുതു്" എന്നു പറഞ്ഞാൽ കേഠംക്കയില്ല. ഇങ്ങനെ തടി കൂടികഠംക്കു തന്നെ കൊടുക്കുന്നതുകൊണ്ടു ഗവണ്മെൻറിനു യാതൊരു ദോഷവുമില്ല. ഗവണ്മെൻറിനു കിട്ടുന്ന ശുല്കാദായത്തിൽ സല്പം കുറവിലകൊടുത്താലും ആ തടി കൂടിയാനവനു കൊടുക്കയില്ല. സാധാരണ കൂടിയാനവന്മാർ അധികവും സാധുക്കളും കൂലിവേലക്കാരുമായിരിക്കും. അവർ രണ്ടു ദിവസം വേലയ്ക്കു പോകുന്നതിനു സാധിക്കാതെവരുമ്പോഠം അവരുടെ ചെറുപുരയിടത്തിൽ കൃഷിചെയ്തിട്ടുള്ള കുരുമുളകുമുതലായ സാധനങ്ങളിൽനിന്നും ആദായം എടുത്തു കഴിച്ചുകൂട്ടാമെന്നു വിചാരിക്കുമ്പോഠം ആ വിളവുകളെല്ലാം നശിപ്പിച്ചു തടി വെട്ടിമുറിച്ചു കൊണ്ടുപോകുന്നതു് എത്രഖേദനീയമാണു്.

ജനങ്ങളുടെ സാമ്പത്തികനില നാഠംക്കുനാഠം ക്ഷയിച്ചുകൊണ്ടിരിക്കയാണു്. കൃഷിചെയ്യുന്നതിനു വേണ്ട സഹായം ചെയ്തുകൊടുക്കുന്നതിനുപകരം ഇങ്ങിനെ കൃഷി വിളവുകളെ നശിപ്പിച്ചാൽ വലിയ നഷ്ടമാണു്. റിസർവ്വു ബൌണ്ടറി സൂക്ഷിക്കേണ്ട ഗാർഡുകളും ഫാറസ്ററ് സിൽബന്ധികളും ഇപ്പോഠം കൂടിപ്പുരയിടങ്ങളിൽ ചുററിനടന്നു കൂടിയാനവന്മാരാരെങ്കിലും തേക്കുതടിയുടെ കാമ്പു മുറിക്കുന്നുണ്ടോ എന്നു

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitomman.]

നോക്കിക്കൊണ്ടിരിക്കയാണ്. അവർ റിസർവു സൂക്ഷിക്കാൻപോയാൽ അവക്കുകിട്ടാവുള്ള ആദായം കിട്ടുകയില്ല. കുടികളെ ഉപദ്രവിച്ചാലെ അവക്കു വല്ലതും കിട്ടുകയുള്ളൂ. ഇങ്ങിനെ കുടികൾക്കു പലപ്രകാരത്തിലും ഉപദ്രവത്തെ ഉണ്ടാക്കുന്ന ഈ റായൽടി ഏർപ്പാടു നിർദ്ദോഷം നിറുത്തൽചെയ്യണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ ബലമായി പിൻതാങ്ങുന്നു.

**MR. R. DHANUKOTI PILLAI** (*Conservator of Forests*): Sir, the members on the other side have gone through several aspects of the question and it is not possible for me to answer all the points raised in the cut motion brought forward by Mr. Kochutomman. His motion is "to reduce the allotment of Rs. 2 lakhs for royal trees by Re. 1". That is not what he was talking about. He was speaking on the removal of the royal trees on private lands and also the delay caused to the people with regard to getting back the *kudivila* due to them. The suggestion he made was that as there were considerable difficulties in obtaining the Proverthicar's help in preparing the mahazar the department should resort to the old system of the Forest subordinates giving receipts. Sir, that was the practice prevalent some time ago. But it was found out later on that claims were preferred by the owners and the department was not able to know whether the claimant was the real owner or not. In fact the certificates of the Forest subordinates are so vague and they themselves did not take the trouble of investigating who the real owner was, that there were many difficulties. In order to remedy that, it was ordered that the Revenue Department should co-operate with the Forest Department in the preparation of the mahazar, and the Government ordered that the Proverthicars should be consulted for the preparation of the mahazars. Mr. Kochutomman is a contractor of our department and he is in a better position to realise the difficulties of the Proverthicars in the preparation of the mahazars.

**MR. V. J. OOMMEN** (*Commerce and Industry, North*): കടിവകപ്പുരയിടങ്ങളിൽ നില്ക്കുന്ന തടിവെട്ടുന്നതിനുമുമ്പു ഉടമസ്ഥനു മുന്നറിവു കൊടുക്കണമെന്നു വല്ല ഏർപ്പാടും ഇപ്പോഴുണ്ടോ?

**MR. R. DHANUKOTI PILLAI** (*Conservator of Forests*): In some cases, we do it, Sir. Last time there was an interpellation about this and the answer shows that as far as possible previous intimation is given to the owners. But in the case of a department like the Forest Department it is not possible to do so. As the rule says, it is not incumbent on the department to give intimation to the owners but invariably the contractors are given intimation.

**MR. V. J. OOMMEN** (*Commerce and Industry, North*): ഫാറസ്റ്റു ഡിപ്പാർട്ടുമെന്റു് ഉടമസ്ഥനു മുന്നറിവു കൊടുക്കണമെന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

MR. R. DHANUKOTI PILLAI (*Conservator of Forests*): ഇല്ല.

MR. V. J. OOMMEN (*Commerce and Industry, North*): മുന്നറിവു കൊടുക്കാതെ ഇങ്ങനെ ചെയ്യുന്നപക്ഷം രണ്ടു ഉടമസ്ഥന്മാരുടെ തടികളും ഒന്നിച്ചിട്ടുമ്പോൾ നീളവും വണ്ണവും കുറഞ്ഞതടി നീളവും വണ്ണവും കൂടിയതടിയുടെ ഉടമസ്ഥന്റെ പേരിലും, നീളവും വണ്ണവും കൂടിയതടി നീളവും വണ്ണവും കുറഞ്ഞ ഉടമസ്ഥന്റെ പേരിലും മാറിപ്പോകയില്ലെ? അങ്ങിനെ മാറിപ്പോകാതിരിക്കാൻ എന്താണ് ചെയ്യുന്നതു്?

MR. R. DHANUKOTI PILLAI (*Conservator of Forests*): It is for that, Sir, that we generally prepare a general mahazar. The Proverthicar is to tell us which land belongs to X and which to Y. There is a printed form for the mahazar and there is a column in it which shows the number of trees. It is only after the mahazar is prepared that we give the intimation.

MR. V. J. OOMMEN (*Commerce and Industry, North*): ജായിന്റ മഹസറിനകത്തു ആരെല്ലാം ചേർന്നു ഒപ്പിടണമെന്നാണ് വ്യവസ്ഥ?

MR. R. DHANUKOTI PILLAI (*Conservator of Forests*): The Proverthicar and the owner. The receipt is also sent to the owner alter. But if the owner is an absentee it may not be possible for us to give it to the owner.

MR. V. J. OOMMEN (*Commerce and Industry, North*): ഉടമസ്ഥനു മുൻകൂട്ടി നോട്ടീസു് കൊടുക്കുന്നതിൽ എന്താണു വിരോധം?

MR. R. DHANUKOTI PILLAI (*Conservator of Forests*): That also can be done. But invariably it will be that we may not be able to know who the owner of the land is unless the Proverthicar previously tells us who the owner is.

MR. V. J. OOMMEN (*Commerce and Industry, North*): തടിവെട്ടുന്ന പുരയിടത്തിന്റെ സർവ്വെ നമ്പർ അറിഞ്ഞിട്ടല്ലേ തടിവെട്ടാൻ ചെല്ലുന്നതു്?

MR. R. DHANUKOTI PILLAI (*Conservator of Forests*): The name of the owner will also be incorporated in the mahazar as far as it is possible for us to know.

MR. V. J. OOMMEN (*Commerce and Industry, North*): ഉടമസ്ഥൻ ഇന്നാരാണെന്നു പാവപ്പെട്ടവർക്കു മുഖാന്തിരം കണ്ടുപിടിച്ചു നോട്ടീസു് കൊടുക്കാൻ പാടില്ലെ?

MR. R. DHANUKOTI PILLAI (*Conservator of Forests*): As far as the department is concerned, we are doing everything that is possible. In fact we are anxious to dispose of the old claims which have accumulated to such an extent that it is impossible to get on without suits. I also feel the difficulty. But we have to get through the arrears. Government have sanctioned special officers to get through

LIBRARY ARCHIVES Kerala Legislative Assembly

[Mr. R. Dhanukoti Pillai.]

these things. Quarterly statements of disposals are sent to Government. Government review the statements and pass remarks. But it is thought that the amount of arrears cannot be reduced very much because of this difficulty. I could say that we are making some progress, but the progress that we would like to have cannot be made unless some additional staff is sanctioned.

MR. V. J. OOMMEN (*Commerce and Industry, North*): പത്തുകൊല്ലത്തിനു മേലായിട്ടും കടിവില കൊടുക്കാതെ കടിശിഖ ഇട്ടിരിക്കുന്നതായി അറിയാമോ?

MR. R. DHANUKOTI PILLAI (*Conservator of Forests*): I do not know, Sir.

MR. V. J. OOMMEN (*Commerce and Industry, North*): അഞ്ചു വർഷത്തിലധികമായിട്ടും കടിവില കൊടുത്തുതീർക്കാതെയുണ്ടെന്നറിയാമോ?

MR. R. DHANUKOTI PILLAI (*Conservator of Forests*): അറിയാം.

MR. V. J. OOMMEN (*Commerce and Industry, North*): അങ്ങിനെയുള്ളതിനെ പരിഹരിക്കാൻ കൺസർവേറർ എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ?

MR. R. DHANUKOTI PILLAI (*Conservator of Forests*): വളരെ നടപടി നടത്തിയിട്ടുണ്ട്.

MR. V. J. OOMMEN (*Commerce and Industry, North*): അങ്ങിനെ നടപടി നടത്തിയിട്ടും ജനങ്ങളുടെ സങ്കടത്തിനു യാതൊരുപരിഹാരവും ഉണ്ടായിട്ടില്ലെന്നു കൺസർവേറർക്കുതന്നെ അറിയാമോ?

MR. R. DHANUKOTI PILLAI (*Conservator of Forests*): കുറെ ഒക്കെ പ്രയോജനം ഉണ്ടായിട്ടുണ്ട്.

MR. V. J. OOMMEN (*Commerce and Industry, North*): മുന്നറിവു കൊടുക്കാതെ തടി മുറിച്ചുകൊണ്ടുപോകുന്നതുകൊണ്ട് ഒരാളിന്റെ വകതടി മറെറാരാളിന്റെ വകയായി മാറാറുണ്ടല്ലോ?

MR. R. DHANUKOTI PILLAI (*Conservator of Forests*): അറിഞ്ഞുകൂടാ.

MR. V. J. OOMMEN (*Commerce and Industry, North*): എന്നാൽ അങ്ങിനെ നടക്കുന്നുണ്ടെന്നു ഞാൻ പറയുകയാണെങ്കിൽ അതു വിശ്വസിക്കാമോ?

PRESIDENT: What is the use of asking a general question like that?

LIBRARY ARCHIVES Kerala Legislative Assembly

**MR. V. J. OOMMEN** (*Commerce and Industry, North*): കഴിഞ്ഞ ആണ്ടിൽ ഞാൻ ഇതു ഗവണ്മെൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവന്നശേഷം, കഴിഞ്ഞബഡ്ജറ്റുസമ്മേളനത്തിൽ, ഇതുപോലെ ക്രിയിമം നടന്നു എന്നു പറഞ്ഞതിനു യാതൊരു നടപടിയും നടത്തിയിട്ടില്ല. ഇങ്ങനെയുള്ള സംഗതികളെപ്പററി.....

**PRESIDENT**: Are you making a speech?

**MR. V. J. OOMMEN** (*Commerce and Industry, North*): No, Sir.

**PRESIDENT**: You can have a speech in your turn. He has already said that wherever possible notice is being given.

**MR. R. DHANUKOTI PILLAI** (*Conservator of Forests*): Coming to the subject of Mr. Kochutomman's motion we find that he wants the certificates of the Proverthicars not obligatory in the preparation of the joint mahazar. I do not know how far the practical difficulty will be met by not requiring the presence of the Proverthicar. The Proverthicar is necessary for us to help in the preparation of accurate records of ownership so that there may not be difficulties later on. Mr. Kochutomman is an experienced contractor and I do not know whether he is right or the procedure adopted by the department is right. I will make an investigation, and if it is found that the preparation of the mahazar is a bugbear to some of the subordinates of the Revenue Department, because they have to tell us who the actual owner is, we will abolish this system. It may be that the village sheets are available, but the ownership might have changed so often that it is not possible for us to know the owner. But in the case of an absentee landlord who may not be there on the spot, there will be difficulties of giving the notice.

**RAO BAHADUR K. A. KRISHNA AIYANGAR** (*Nominated, Deputy President*): May I know whether he has not got a survey staff under him?

**MR. R. DHANUKOTI PILLAI** (*Conservator of Forests*): Our surveyors are only for surveying and demarcating. We have got only three surveyors.

**RAO BAHADUR K. A. KRISHNA AIYANGAR** (*Nominated, Deputy President*): Am I to understand him as saying that the staff under him is for identifying the property under the settlement register?

**MR. R. DHANUKOTI PILLAI** (*Conservator of Forests*): He may not be able to know who the owner of the land is.

**RAO BAHADUR K. A. KRISHNA AIYANGAR** (*Nominated, Deputy President*): Is there any notification published in the Government Gazette that royal trees standing on a particular survey number will be cut down?

**MR. R. DHANUKOTI PILLAI** (*Conservator of Forests*): Nowadays we are publishing such a notification.



LIBRARY ARCHIVES Kerala Legislative Assembly

[Mr. R. Dhanukoti Pillai.]

The Proverthicar will help the department in the preparation of the joint mahazar. This matter will be gone through in a Conference with the officers of the department.

The mover of the motion was also speaking about the payment of *Kudivila*. That is a subject which has been brought forward in this House on several occasions and discussed fully. There are so many suggestions made by the members for the payment of *kudivila*. So far as the department is concerned we are doing whatever is possible. But in practice, so many things come in the way. One thing said was with regard to treasury verification. Sir, the refund form is Form No. 10 or so. That is the form used by all the departments of the State. It is verified just to show that it has been verified in the Treasury. The Account Officers and others who have gone into this matter are of the opinion that the treasury verification in the case of *kudivila* payments is not necessary. As Mr. Kochutomman himself said, the amount realised will be remitted in several treasuries. An Officer will remit one sum pertaining to, say, Shencotta in the Haripad Treasury; and a sum pertaining to Haripad may be remitted in Shencotta. So, the amount will be partly in the Haripad Treasury and partly in the Shencottah Treasury. Anyhow the verification is a procedure which only hampers the department in the matter of settlement. The Account Officer who had inspected the Shencottah Divisional Forest Office, is also of the opinion that such verification is not necessary and he has recommended that so long as the Divisional Officers certify the amount they should be entrusted with the responsibility for the payment.

MR. V. J. OOMMEN (*Commerce and Industry, North*): കുടിപുരയിടങ്ങളിൽനിന്നും തടി വെട്ടിക്കൊണ്ടുപോകുമ്പോൾ ഉടമസ്ഥനു രസീതുകൊടുക്കണമെന്നു നിർബന്ധമുണ്ടോ?

MR. R. DHANUKOTI PILLAI (*Conservator of Forests*): ഉടമസ്ഥനു രസീതുകൊടുക്കണമെന്നു ചട്ടം ഉണ്ട്.

MR. V. J. OOMMEN (*Commerce and Industry, North*): അങ്ങിനെ ഇപ്പോൾ കൊടുക്കുന്നുണ്ടോ?

MR. R. DHANUKOTI PILLAI (*Conservator of Forests*): ഉടമസ്ഥനാരെ അറിഞ്ഞാൽ കൊടുക്കും.

MR. V. J. OOMMEN (*Commerce and Industry, North*): അങ്ങിനെ കൊടുക്കുന്ന രസീതിൽ തടിയുടെ നീളം വണ്ണം ഇവ വിവരിക്കണമെന്നു നിർബന്ധമുണ്ടോ?

MR. R. DHANUKOTI PILLAI (*Conservator of Forests*): ഏകദേശം വിവരിച്ചാണ് രസീതു കൊടുക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. V. J. OOMMEN (*Commerce and Industry, North*): തടി ലേല ത്തിൽവിറ്റ് പണം ഗവണ്മെൻറിൽ മുതൽക്കൂട്ടിയതിനുമുമ്പ് രസീതു കൊടുക്കണമെന്നു നിർബന്ധമുണ്ടോ?

MR. R. DHANUKOTI PILLAI (*Conservator of Forests*): സാധാരണ കുടിവില മഹസർ തയ്യാറാക്കി അയക്കുമ്പോൾ ആ മഹസറോടുകൂടി തന്നെ രസീതും അയക്കും.

MR. V. J. OOMMEN (*Commerce and Industry, North*): ഉടമസ്ഥൻ ഇല്ലാതിരുന്നാലോ?

MR. R. DHANUKOTI PILLAI (*Conservator of Forests*): ഉടമസ്ഥൻ ഇല്ലാതെയിരുന്നാൽ മഹസർമാത്രം അയക്കും.

MR. V. J. OOMMEN (*Commerce and Industry, North*): ഈ രസീതു കിട്ടിയാലല്ലാതെ തടിയുടെ നീളം വണ്ണം ഇവ അറിയാൻ സാധിക്കുമോ?

MR. R. DHANUKOTI PILLAI (*Conservator of Forests*): അതുയേയൊള്ളൂ.

MR. V. J. OOMMEN (*Commerce and Industry, North*): തടി ലേലം ചെയ്യുന്നതിനുമുമ്പ് രസീതു കൊടുക്കുമോ?

MR. R. DHANUKOTI PILLAI (*Conservator of Forests*): സൌകര്യമുണ്ടെങ്കിൽ കൊടുക്കും.

MR. V. J. OOMMEN (*Commerce and Industry, North*): അപ്പോൾ അതു സൌകര്യംപോലെയാണോ കൊടുക്കുന്നതു്?

MR. R. DHANUKOTI PILLAI (*Conservator of Forests*): അതെ.

MR. V. J. OOMMEN (*Commerce and Industry, North*): ലേലം ചെയ്യുന്നതിനുമുമ്പേ കൊടുക്കണമെന്നു നിർബന്ധമില്ലെ?

PRESIDENT: If a man applies for a receipt don't you give him a receipt?

MR. R. DHANUKOTI PILLAI (*Conservator of Forests*): The receipt is always given. Only when the owner is not there the receipt could not be given. Nowadays we have prescribed a form So far as the present practice is concerned there is no difficulty.

Then, the member also pointed out that the owners are not given the difference between their claims and the *kudivila* sanctioned. Suppose it consists of a large number of survey numbers. Claims in respect of some of the logs will reach the Depot in the same year and some of them only next year. Some of the timber cut in some of the survey numbers may be lying in the Depot for a number of months. In a case like this it may not be possible for intimation being given to the owner. We have considered the question in the Royal Tree Committee

LIBRARY ARCHIVES Kerala Legislative Assembly

[Mr. R. Dhanukoti Pillai.]

and we have also suggested amendments in the procedure for the recovery of *kudivila*. But that is also under the consideration of Government.

**RAO BAHADUR K. A. KRISHNA AIYANGAR** (*Nominated, Deputy President*): Am I to understand that the Conservator is suggesting that the owner will have to wait until all the logs in a survey number are in the Depot?

Would it not be paid for the particular number of logs ordered to be sold at a particular time?

**MR. R. DHANUKOTI PILLAI** (*Conservator of Forests*): He may not be able to claim the amount until all the logs are disposed of.

**RAO BAHADUR K. A. KRISHNA AIYANGAR** (*Nominated, Deputy President*): Is it not possible to give the claimant part payment? I do not mean by "part payment" the exact half of the value realised.

**MR. R. DHANUKOTI PILLAI** (*Conservator of Forests*): Part of the *kudivila* due will not be paid until the logs are disposed of.

Mr. Raman Pillai suggested that the royalty may as well be abolished as soon as possible. Sir, that is a subject which has been discussed here for the last so many years and every one on the other side knows that a Committee was appointed. The Committee had gone into the whole question and they have submitted a report which is before the Government The report is pending before the Government and I can assure the House that it will be considered and early orders passed.

Mr. Kochutomman brought in so many facts. These facts are not new. In fact all these facts have been discussed in the Committee and the Committe had gone into all those facts. I have submitted a report based on the majority decision. Then Mr. Raman Pillai said, that the owners may as well be given right to sell the timber, or reserve it for their own bonafide use. That is a thing which we are doing every day. If the owner wants the timber he is allowed to give one-half of the tariff value provided he is the real claimant of the *kudivila*.

**MR. R. RAMAN PILLAI** (*Kottayam*): ഗവണ്മെൻറ് ആവശ്യംപോലെ എല്ലാവർഷത്തിലും കുടിയാനവന തന്നെ കൊടുക്കുന്നതുകൊണ്ട് എന്താണ് നഷ്ടമുള്ളത്?

**MR. R. DHANUKOTI PILLAI** (*Conservator of Forests*): ഇപ്പോൾ അങ്ങിനെ കൊടുത്തുവരുന്നുണ്ടല്ലോ?

**MR. R. RAMAN PILLAI** (*Kottayam*): ഇപ്പോൾ അങ്ങിനെകൊടുക്കാത്തതുകൊണ്ടാണ് പറയുന്നത്.

**MR. R. DHANUKOTI PILLAI** (*Conservator of Forests*): അപേക്ഷിച്ചാൽ കൊടുക്കും.

LIBRARY ARCHIVES Kerala Legislative Assembly

**MR. R. RAMAN PILLAI** (*Kottayam*): കൺസർവേറ്ററുടെ ഉത്തരവനുസരിച്ച് പണം ഒട്ടുക്കി. അസിസ്റ്റൻറ് കമ്മീഷണരുടെ ഉത്തരവനുസരിച്ച് ആ പണം തിരിച്ച് മേടിച്ചു.

**MR. R. DHANUKOTI PILLAI** (*Conservator of Forests*): അങ്ങനെയുള്ളത് എനിക്കറിഞ്ഞുകൂടാ.

**MR. TARIATU KUNJITOMMAN** (*Muvattupuzha* cum *Todupuzha*): കുടിപുരയിടങ്ങളിൽനിൽക്കുന്ന തേക്കുതടികൾക്കു ഗവണ്മെൻറിനുകിട്ടുന്ന ശുദ്ധാദായത്തിൻെറ നിരക്കനുസരിച്ച് വില മേടിച്ചുകൊണ്ട് കുടികൾക്കുതന്നെ വിട്ടുകൊടുക്കാൻ വ്യവസ്ഥയുണ്ടോ?

**MR. R. DHANUKOTI PILLAI** (*Conservator of Forests*): അതു സംഗതികളെല്ലാം കമ്മിറ്റിയിൽ നിശ്ചയിച്ചിട്ടുണ്ട്.

**MR. TARIATU KUNJITOMMAN** (*Muvattupuzha* cum *Todupuzha*): ഇപ്പോൾ നടപ്പിലിരിക്കുന്ന വല്ല വ്യവസ്ഥയിലും ഗവണ്മെൻറിനുകിട്ടുന്ന ശുദ്ധാദായം ഉടമസ്ഥൻ തന്നാൽ അയാൾക്കു അയാളുടെ പുരയിടത്തിൽ നിൽക്കുന്ന തടി വിട്ടുകൊടുക്കാമെന്നുണ്ടോ?

**MR. R. DHANUKOTI PILLAI** (*Conservator of Forests*): അങ്ങിനേയും ചെയ്യുവരാറുണ്ട്.

**MR. TARIATU KUNJITOMMAN** (*Muvattupuzha* cum *Todupuzha*): ഇപ്പോൾ താരിപ്പുവിലയ്ക്കല്ലാതെ ശുദ്ധാദായവിലയായി പുരയിടഉടമസ്ഥനു കൊടുത്തുവരുന്നുണ്ടോ?

**MR. R. DHANUKOTI PILLAI** (*Conservator of Forests*): കൊടുത്തുവരുന്നുണ്ട്.

**MR. TARIATU KUNJITOMMAN** (*Muvattupuzha* cum *Todupuzha*): അങ്ങിനെ കൊടുക്കുന്നതിനു തടസ്സമില്ലേ?

**PRESIDENT**: Do you understand his question?

**MR. R. DHANUKOTI PILLAI** (*Conservator of Forests*): In the case of people occupying the land who apply for the removal of royal trees standing on their land, we allow them to purchase it at a rate which we consider reasonable. We sell the timber. This is being done even now.

**MR. TARIATU KUNJITOMMAN** (*Muvattupuzha* cum *Todupuzha*): ഇപ്പോൾ കുടിപ്പുരയിടത്തിൽ ധാരാളം തേക്കുതടി നിൽക്കുന്നതു ഡിപ്പാർട്ടുമെൻറിൽനിന്നും മുറിക്കുന്നതുകൊണ്ട് മറുവിളവുകൾക്കു ദോഷംവരുന്നുണ്ട്. അതുകൊണ്ട് അവ അവിടവിടെതന്നെ നിന്നുകൊള്ളട്ടെ. ഗവണ്മെൻറുഡിപ്പോവിൽ കിട്ടുന്ന ശുദ്ധാദായക്രമത്തിനു വില തന്നുകൊള്ളാമെന്നു കുടികൾ ഡിപ്പാർട്ടുമെൻറിനെ അറിയിക്കയാണെങ്കിൽ അതുകൂടി

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitomman.]

കളോട് വിലവാങ്ങിക്കൊണ്ടു തടി വിട്ടുകൊടുക്കാൻ ഡിപ്പാർട്ട്മെന്റിനു സമ്മതമുണ്ടോ?

MR. R. DHANUKOTI PILLAI (*Conservator of Forests*): അങ്ങിനെ ചെയ്യുന്നുണ്ട്. തേക്കുതടിമുറിക്കുന്നതു മറ്റു കൃഷിക്കുപദ്രവകരമായിരുന്നാൽ ആ കൃഷിക്കാരൻ അപേക്ഷിക്കുന്നുവെങ്കിൽ ആ തടി അയാൾക്കുതന്നെ കൊടുക്കുന്നുണ്ട്.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): സാധാരണ അങ്ങിനെ ചെയ്യാമെന്ന വ്യവസ്ഥയുണ്ടോ?

MR. R. DHANUKOTI PILLAI (*Conservator of Forests*): സാധാരണഎല്ലാവരും അപേക്ഷിക്കുന്നില്ല.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അപേക്ഷിച്ചിട്ടുള്ളവക്കെല്ലാം കൊടുത്തിട്ടുണ്ടോ?

PRESIDENT: I think that you do not quite understand Mr. Kunjitomman's question. His question was not whether if the owner wants to cut down a tree you would allow him to cut it down on payment of half of the net profit. His question is whether you will allow him to pay for the trees and keep them standing on the land as his trees. Is there any rule allowing it at present?

MR. R. DHANUKOTI PILLAI (*Conservator of Forests*): There is no rule like that.

PRESIDENT. That is the question he asked.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അങ്ങിനെ കൊടുക്കുന്നതിന്—

PRESIDENT: അങ്ങിനെ കൊടുക്കുന്നതിന് റൂൾസ് ഇല്ലാഎന്നാണ് കൺസർവേറ്റർ പറയുന്നത്.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഇപ്പോൾ ഡിപ്പാർട്ടുമെന്റിൽ നിന്നും തടിമുറിച്ച് സമുദ്രതീരത്തു കൊണ്ടുപോയി വിറ്റാൽ താരിപ്പുവില കിട്ടുമോ?

MR. R. DHANUKOTI PILLAI (*Conservator of Forests*): നല്ലതടിയായിരുന്നാൽ താരിപ്പുവിലയും അതിൽ കൂടുതലും കിട്ടും.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അതു് അപൂർവം ചിലസമയങ്ങളിൽ കുറെ തടികഠംക്കു് എന്നല്ലാതെ സാധാരണ താരിപ്പുവിലയിൽ കുറവായിട്ടല്ലേ കിട്ടിവരുന്നതു്?

MR. R. DHANUKOTI PILLAI (*Conservator of Forests*): അതു് അപ്പഴപ്പോഴുള്ള മാർക്കറ്റ് കണ്ടിഷൻ പോലെയിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuhaz*): ശരാശരി ക്ക ഠ ഠ-ന ൬ ൫ വീതവും കുറഞ്ഞ വിലയല്ലേ കിട്ടുന്നത്?

MR. R. DHANUKOTI PILLAI (*Conservator of Forests*): കുറവായിരിക്കും.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അങ്ങിനെ കൊടുക്കുന്നത് അധികവും വിദേശികൾക്കുമല്ലേ?

MR. R. DHANUKOTI PILLAI (*Conservator of Forests*): സ്വദേശികളും വാങ്ങിക്കുന്നുണ്ട്.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അപ്പോൾ കുടിഉടമസ്ഥനു് ഡിപ്പോവിൽ വിറ്റാൽ കിട്ടുന്നതിലധികം വിലകൊടുക്കണം, ആസ്ഥിതിമാറ്റി ആ തടി അയാളുടെ മറുവിളവുകളേയും കൂടി സംരക്ഷിക്കത്തക്കവണ്ണം അയാൾക്കുതന്നെ കൊടുക്കുന്നതിൽ എന്താണു് വിരോധം?

MR. R. DHANUKOTI PILLAI (*Conservator of Forests*): അങ്ങിനെ കൊടുക്കുന്നുണ്ടു്.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അങ്ങിനെ കൊടുക്കുന്നില്ലെന്നു പറഞ്ഞല്ലോ.

PRESIDENT: ഉടമസ്ഥൻ തടിവെട്ടി എടുക്കാൻ ആവശ്യപ്പെടുകയാണെങ്കിൽ കൊടുക്കുന്നുണ്ടെന്നാണു പറയുന്നതു്.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഗവണ്മെൻറിനു കിട്ടുന്ന ശുല്കാദായംവാങ്ങി തടി ആവശ്യപ്പെടുന്നവർക്കെല്ലാം കൊടുക്കുന്നുണ്ടോ?

MR. R. DHANUKOTI PILLAI (*Conservator of Forests*): എല്ലാം കൊടുക്കുന്നില്ല.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): താരിപ്പുവിലയല്ലേ ഈടാക്കുന്നതു്?

MR. R. DHANUKOTI PILLAI (*Conservator of Forests*): We fix the rate and then if he agrees to it we give it.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഞാൻതന്നെ താരിപ്പുവിലകൊടുത്തു ഡിവിഷൻ ആഫീസരോടു വാങ്ങിച്ചിട്ടുണ്ടു്. അന്നാം ഞാൻ ജനപ്രതിനിധിയായിരുന്നു. അതിനെനിഷേധിച്ചു കൺസർവേറ്റർക്കുപറയാമോ?

MR. R. DHANUKOTI PILLAI (*Conservator of Forests*): I do not remember. Probably in a case like this he would select the best trees of the whole lot. I myself do not remember whether he had applied for.

LIBRARY ARCHIVES Kerala Legislative Assembly

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*: മലയാളത്തിൽ പറഞ്ഞാൽകൊള്ളാം.

PRESIDENT. Please explain it in malayalam.

MR. R. DHANUKOTI PILLAI (*Conservator of Forests*): മി. കുഞ്ഞിത്തൊമ്മൻ ഒരുസ്ഥലത്തുനിൽക്കുന്ന തടി മുറിച്ചെടുക്കുന്നതുകൊണ്ട് ഉടമസ്ഥനു നഷ്ടമാണെന്നു പറഞ്ഞു.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അങ്ങിനെപറഞ്ഞില്ല. പുരയിടത്തിൽ കൃഷിക്കുപദ്രവമായിട്ടു വൃക്ഷങ്ങൾ നിൽക്കുമ്പോൾ അവക്കു ശുദ്ധാദായവിലക്രമത്തിനു വിലകൊടുക്കാമെന്നു മറ്റു കൃഷിക്കുവരുന്ന നഷ്ടങ്ങളെ ഗണിച്ചു കൂടികൊണ്ടു പറയുമ്പോൾ താരിപ്പു വിലതരണമെന്നു പറയുന്നതു ശരിയല്ലെന്നാണ് പറഞ്ഞതു്. അതു എനിക്കനുഭവമാണ്.

MR. R. DHANUKOTI PILLAI (*Conservator of Forests*): അതു നിങ്ങളുടെസാമത്ഥ്യക്കുറവുകൊണ്ടാണെവരുന്നതു്?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): നടപ്പിലിരിക്കുന്ന നിയമത്തെ ലംഘിക്കുന്നതിനു ഒരുങ്ങാതെ അവയെ ഭേദപ്പെടുത്തുവാൻ ആവശ്യപ്പെടുന്നതാണൊ സാമത്ഥ്യക്കുറവു് എന്നുപറയുന്നതു്? കൺസർവേറ്റർ മലയാറ്റൂർ ഡിവിഷനാഫീസറായിരുന്നകാലത്തുനേര്യമംഗലം റേഞ്ചിൽഇങ്ങനെ കുടി പുരയിടങ്ങളിൽ നിന്നതടി ഉടമസ്ഥനു ശുദ്ധാദായവിലക്കു തടി ആവശ്യപ്പെട്ടിട്ടുകൊടുത്തിട്ടില്ലെന്നറിയാമൊ?

MR. R. DHANUKOTI PILLAI (*Conservator of Forests*): എനിക്കു ഓർമ്മയില്ല.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഈ നില തുടർന്നു കൊണ്ടിരുന്നാൽ കുറെ കഴിയുമ്പോൾ കുടി പുരയിടങ്ങളിൽ തേക്കു തടി ഇതുപോലെ തന്നെ ഉണ്ടായിരിക്കുമെന്നും ഡിപ്പാർട്ടുമെൻറിനു ഇതു പോലെ ആദായം കിട്ടുമെന്നും കൺസർവേറ്റർ വിശ്വസിക്കുന്നുണ്ടോ?

MR. R. DHANUKOTI PILLAI (*Conservator of Forests*): കുറെ കാലം തേക്കു കിട്ടികൊണ്ടിരിക്കും.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): കുറെകാലം കഴിയുമ്പോൾകുടി പുരയിടങ്ങളിൽ തേക്കു തടി തീരെ ഇല്ലാതാവുകയും ആ ഇനത്തിലുള്ള വരുമാനം ഇല്ലാതാവുകയുംചെയ്കയില്ലേ?

MR. R. DHANUKOTI PILLAI (*Conservator of Forests*): ചെയ്യേക്കാം. ഇതിനെ സംബന്ധിച്ചു കൗൺസിലിൽനിന്നും തന്നെ ഒരു കമ്മിറ്റി ഏർപ്പെടുത്തി.

LIBRARY ARCHIVES Kerala Legislative Assembly

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഈ കമ്മിറ്റി സ്ഥാപിച്ചിട്ട് എട്ട് കൊല്ലത്തോളമായി എന്ന മെംബർക്ക് റിയാമോ?

MR. R. DHANUKOTI PILLAI (*Conservator of Forests*): ആയിരിക്കും.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): ഇപ്പോഴത്തെ സമ്പ്രദായം തുടർന്നു കൊണ്ടിരുന്നാൽ കുടിപുരയിടങ്ങളിൽ ഒരു പക്ഷേ തടി ഇല്ലാതെ ആയേക്കാം എന്നു പറഞ്ഞു. അപ്പോൾ തടിവിറ്റുമാത്രം ഡിപ്പാർട്ടുമെൻറിലേക്കു ലഭിച്ചു കൊണ്ടിരിക്കുന്ന ആദായത്തിനു കുറവുവന്നേക്കുമെന്നുള്ളതിനെപ്പറ്റി കൺസർവേറ്റർ ചിന്തിച്ചിട്ടുണ്ടോ?

MR. R. DHANUKOTI PILLAI (*Conservator of Forests*): ഈ വിഷയം ഇപ്പോൾ ഉണ്ടായിട്ടുള്ളതല്ല. മിസ്റ്റർ രാമറാവുവിന്റെകാലത്തു് ആരംഭിച്ചതാണു്.

PRESIDENT. (That is not what he asks.)

MR. R. DHANUKOTI PILLAI (*Conservator of Forests*): I am coming to his point. വനത്തിൽനിന്നും ഇതുവരേയും തടിവെട്ടി തുടങ്ങീട്ടില്ല. അതുകൊണ്ടു് കുടിപുരയിടങ്ങളിലുള്ള —

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): (Stood up to ask a question.)

PRESIDENT: Please wait, Mr. Piraviperumal Pillai. Allow the member to finish his sentence before you cut in.

MR. R. DHANUKOTI PILLAI (*Conservator of Forests*): റിസർവു എക്സ്പ്ലോയിറ്റു ചെയ്യാൻ തുടങ്ങിയിട്ടില്ല.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): ഇപ്പോൾ വനത്തിലുള്ള തടിവില്ക്കുന്നില്ലയോ?

MR. R. DHANUKOTI PILLAI (*Conservator of Forests*): ഇല്ല.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): ഡിപ്പാർട്ടുമെൻറിലെ വനവിഭവം എന്നു പറയുന്നതു് ഈ തടി ഒരിനമേയൊള്ളോ?

MR. R. DHANUKOTI PILLAI (*Conservator of Forests*): അല്ല; ആന, തടി, തേൻ, മെഴുകു, കുന്തിരിക്കം ഇങ്ങനെ മറ്റു പലതുമുണ്ടു്.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): ഇപ്പോൾതടിയിൽനിന്നുമാണു് കൂടുതൽ ആദായം ലഭിക്കുന്നതെന്നു ഡിപ്പാർട്ടുമെൻറു് സമ്മതിക്കുന്നുണ്ടോ?

MR. R. DHANUKOTI PILLAI (*Conservator of Forests*): ഉണ്ടു്.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): ഈ തടികഠംവെട്ടുന്നതു കുടിപുരയിടങ്ങളിൽനിന്നുമാണെന്നു സമ്മതിക്കുന്നുണ്ടോ?



LIBRARY ARCHIVES Kerala Legislative Assembly

MR. R. DHANUKOTI PILLAI (*Conservator of Forests*): തേക്കുമാത്രമേ കടിപുരയിടങ്ങളിൽനിന്നും വെട്ടുന്നൊള്ളൂ.

MR. A. C. KURIAKOSE (*Minachil cum Devicolam*): കടികാരംക്കു കൊടുക്കാനുള്ള ആദായം കൊടുക്കാൻ കാലതാമസം വരുത്തുകയും പിന്നെയും പിന്നെയും തടിവെട്ടിവില്ക്കയും ചെയ്യുന്ന നയം നല്ലതാണെന്നു തോന്നുന്നുണ്ടോ?

MR. R. DHANUKOTI PILLAI (*Conservator of Forests*) : അതിലേക്കാണല്ലോ രൂപംസും മറ്റുമൊക്കെ ഉണ്ടാക്കി പുതിയ പദ്ധതിനടപ്പിലാക്കിയതു്.

MR. A. C. KURIAKOSE (*Minachil cum Devicolam*) : സങ്കടപരിഹാരത്തിനുണ്ടാക്കിയ രൂപം സങ്കടകരമായി തീർന്നിരിക്കുന്നു എന്നു കൺസർവേറ്റർക്കു ബോധമുണ്ടോ?

MR. R. DHANUKOTI PILLAI (*Conservator of Forests*): എല്ലാത്തിലും കുറെ സങ്കടം കാണും.

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): ഇതു പോലെ ഏതെങ്കിലും രാജ്യത്തു കടി പുരയിടങ്ങളിൽ നില്ക്കുന്ന തേക്കുതടി ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റു യഥേഷ്ടം മുറിച്ചു കൊണ്ടുപോയിവില്ക്കുന്നുണ്ടോ?

MR. R. DHANUKOTI PILLAI (*Conservator of Forests*): കൊച്ചിയിൽ ഉണ്ടായിരുന്നു.

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*) : ഇപ്പോഴുണ്ടോ?

MR. R. DHANUKOTI PILLAI (*Conservator of Forests*): അവിടെ രണ്ടു വർഷത്തിനു മുമ്പു അതു abolish ചെയ്തു.

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*) : ഇപ്പോൾ ഏതെങ്കിലും രാജ്യത്തുണ്ടോ?

MR. R DHANUKOTI PILLAI (*Conservator of Forests*): മൈസൂരിൽ ഉണ്ടു്.

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*) : മൈസൂരിൽ തേക്കുതടിയെ സംബന്ധിച്ചു ഇങ്ങനെ നടപ്പുണ്ടോ?

MR. R. DHANUKOTI PILLAI (*Conservator of Forests*) ചന്ദനം റായൽടിയാണു്. മൈസൂരിൽ തേക്കില്ലാത്തതുകൊണ്ടു് അതു നെപ്പറ്റി ഒന്നും ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : മൈസൂരിൽ ഷിമോഗാമുതലായചില ഡിസ്ട്രിക്ട്കളിൽ തേക്കുതടിയുള്ളതായിട്ടറിയാമോ?

MR. R. DHANUKOTI PILLAI (*Conservator of Forests*) : ഫ്ാറസ്റ്റിലുണ്ട്.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : കുടി പുരയിടങ്ങളിൽ ഉണ്ടോ?

MR. R. DHANUKOTI PILLAI (*Conservator of Forests*) : കുറെ കാണുമായിരിക്കാം.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : അതു കുടികൾക്കു മുറിച്ചുപയോഗിക്കാൻ സ്വാതന്ത്ര്യമുള്ളതായിട്ടറിയാമോ?

MR. R. DHANUKOTI PILLAI (*Conservator of Forests*) : എനിക്കറിഞ്ഞുകൂടാ. ഇവിടെ ആഞ്ഞിലി ജനങ്ങൾ സ്വാതന്ത്ര്യമായി മുറിച്ചുപയോഗിക്കുന്നതുപോലെ അവിടെ തേക്കുതടിയും മുറിച്ച് ഉപയോഗിക്കുമായിരിക്കാം.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : ബ്രിട്ടീഷ് മലബാർ, സൌത്ത് കാനറ ഈ ജില്ലകളിൽ കുടികൾക്കു തേക്കുതടിയുടെ പൂണ്ണാവകാശമുണ്ടെന്നറിയാമോ?

MR. R. DHANUKOTI PILLAI (*Conservator of Forests*) : അറിയാം.

PRESIDENT : മി: കുഞ്ഞിത്തൊമ്മൻതന്നെ ഇതു മറൊരു രാജ്യത്തും പതിവില്ല ഇവിടെ മാത്രമേയുള്ളു എന്നു പറയുകയുണ്ടായി. പിന്നെ എന്തിനാണു വെറുതെ ചോദ്യം ചോദിക്കുന്നതു?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : വ്യക്തമായിട്ടു സമ്മതിക്കാത്തതുകൊണ്ടാണു് ചോദിക്കുന്നതു്.

MR. R. DHANUKOTI PILLAI (*Conservator of Forests*) : This is the first time that I hear a suggestion from Mr. Madhavan that the poor people are not allowed to graze their cattle in the forest. Personally I do not see there is any objection why cattle should not be allowed to graze in the reserves. As a matter of fact Travancore cattle are allowed to graze in forest reserves. I do not see any harm in poor people being allowed to do it.

PRESIDENT : What Mr. Madhavan said was that poor people should be allowed to go into the forests where grazing is not allowed, for the purpose of cutting grass.

MR. R. DHANUKOTI PILLAI (*Conservator of Forests*) : I do not see any reason why that should not be allowed either. I do not think there would be any harm if the poor people are allowed to do that.

LIBRARY ARCHIVES Kerala Legislative Assembly

[Mr. R. Dhanukoti Pillai.]

Mr. Kesava Pillai was talking about the Police Department which I did not hear. I do not think I have any thing to do with that.

He wanted a general permission for cutting manure leaves from the Vengolam Reserve. Evidently the member is not aware of the adjoining Ponmudi Reserve where the people are allowed to collect manure. There was a reference by Government on the matter and they have sanctioned it. I do not think people are availing themselves of the opportunity to collect manure from that Reserve.

It was also suggested that goats should be allowed to graze in the forests. I have no objection to allow ordinary sheep to graze. There is no harm in ordinary sheep grazing in forests. But in the case of goats, I regret to say, I cannot allow it. Goats are not allowed to graze inside the forests. Nowhere is it allowed, not only here.

**MR. V. CHELLAM PILLAI** (*Tovala*): May I know from the Conservator whether there is a practice of issuing pass for removing cart-load of manure from the forests near Thadikarankonam ?

**MR. R. DHANUKOTI PILLAI** (*Conservator of Forests*): Yes, there was that practice.

**MR. V. CHELLAM PILLAI** (*Tovala*): Has he stopped that practice?

**MR. R. DHANUKOTI PILLAI** (*Conservator of Forests*): No, it continues. But I am not sure whether people are actually removing manure leaves from there.

Reference was also made to the cultivation of tobacco. I do not know whether I should go into that question. As a matter of fact Kanies here and there grow tobacco for their own consumption. But I do not think they are selling it. Even if they sell it there would be nobody to purchase, because the curing is so badly done. The suggestion that has been made today is that tobacco cultivation should be introduced in Travancore. This is a matter with which I am not concerned. The Director of Agriculture is the proper authority on the matter.

Something was said about Kanipattu lands. They are outside the jurisdiction of the Forest Department and so I have nothing to do with it.

Reference was also made to the disafforestation of Valia ela which is situated to the west of Pachipara. This is about 50 or 60 acres in area. That is not disafforested because of the Chittar Scheme. When once that scheme is brought into force that area would be included. Government would not then have to pay compensation for it and acquire it. That is why it has not been disafforested and they are not open for the public for cultivation.

**MR. A. C. KURIAKOSE** (*Minachil cum Devicolam*): സർ, ഞാൻ മി. കൊച്ചുതൊമ്മൻ ഇവിടെ ഹാജരാക്കിട്ടുള്ള ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ട് ഈ അവസരത്തിൽ രണ്ടുവാക്കു പറയണമെന്നു വി

LIBRARY ARCHIVES Kerala Legislative Assembly

കാരിക്കുന്നു. കഴിഞ്ഞവർഷവും ഇതുപോലെതന്നെ കുടിവക വൃക്ഷങ്ങളുടെ വിലകൊടുത്തുതീർക്കുന്നതിനെ സംബന്ധിച്ച് ഇവിടെ പരാതിപ്പെടാതെ ഇരുന്നിട്ടില്ല. എല്ലാസന്ദർഭത്തിലും അതു ന്യായമായിട്ടു കുടികടംക്കു ചെല്ലേണ്ടതാണ്. വേഗത്തിൽ അതു കൊടുക്കാൻ ശ്രമിക്കാമെന്നു ഗവണ്മെൻറു മെമ്പർ മറുപടി പറഞ്ഞിട്ടുള്ളതായിട്ടു കാണാം. എന്നാൽ ഇപ്പോഴും പത്തു വർഷമായിട്ടുള്ളതും അതിലുമധികം കാലത്തേക്കുള്ളതുമായ തുകകടംപോലും കൊടുത്തുതീർക്കാനുണ്ടെന്നു അദ്ദേഹംതന്നെ സമ്മതിക്കുന്നു. ഈ ദീർഘകാല അളവിൽ ഈ തുക കൊടുക്കുന്നതിനുള്ള പ്രതിബന്ധം എന്തെന്നാൽ വസ്തു ഉടമസ്ഥനെ തിരിച്ചറിയുന്നതിൽ നേരിടുന്ന കാലതാമസമാണ് എന്നു അദ്ദേഹം പറയുന്നു. തിരുവിതാംകൂർ ഗവണ്മെൻറിൽനിന്നും ഓരോ വസ്തു ഉടമസ്ഥന്മാരുടേയും പക്കൽനിന്നും പ്രതിവർഷം നികുതി ഈടാക്കുന്നതിനു യാതൊരുതരത്തിലുള്ള പ്രതിബന്ധവും നേരിടുന്നില്ല. നികുതി ഇനത്തിലും മറ്റും ഗവണ്മെൻറിനു ചെല്ലുവാനുള്ള പണം കുടിയാനവൻ കൊടുത്തില്ലെങ്കിൽ നോട്ടീസയച്ചും വസ്തു ലേലംചെയ്തു വിറ്റും യാതൊരുദാക്ഷിണ്യവുമില്ലാതെ ഗവണ്മെൻറു ഈടാക്കിവരുന്നുണ്ട്. അതിലേക്കു അങ്ങിനെ ഒക്കെ വേണമെന്നതന്നെയാണ് എൻറെയും അഭിപ്രായം. ഇങ്ങിനെ നികുതിപിരിക്കുന്നതിനുള്ള ഒരു സാഹചര്യത്തിൽ വസ്തുഉടമസ്ഥന്മാരെ കണ്ടുപിടിക്കാൻ ഗവണ്മെൻറിനു കഴിയുമായിരിക്കേ കുടിപുരയിടങ്ങളിലുള്ള തടിവെട്ടിക്കൊണ്ടുപോയിഅന്യനാട്ടുകാർക്കു താരിപ്പുവിലയിലും കുറച്ച്, ഗവണ്മെൻറിനേയും കുടികളേയും നഷ്ടപ്പെടുത്തി വിറ്റു പ്രതിവർഷം ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിൽ ധാരാളം ആദായം ഉണ്ടെന്നുകാണിച്ച് കാടയാപനം ചെയ്തുകൊണ്ടിരിന്നാൽ ഒരു ഡിപ്പാർട്ടുമെൻറു കുടികടംക്കു ന്യായമായികൊടുക്കണമെന്നു നിശ്ചയിച്ച തുക കൊടുക്കുന്നതിനു കാലതാമസം വരുത്തുന്നതിൻറെ അർത്ഥമെന്താണ്? ജനപ്രതിനിധികൾ പ്രതിവർഷം സങ്കടം പറയുമ്പോൾ കൊടുക്കാം, കൊടുക്കാം, എന്നു ഗവണ്മെൻറു പറയുന്നുണ്ട്. അതിനെ ക്രമപ്പെടുത്തിക്കൊടുക്കുന്നതിനു പ്രത്യേകം സ്റ്റാഫോ പണമോ വേണമെങ്കിലും അനുവദിച്ചു കൊടുക്കാൻ തയ്യാറുണ്ട്. എന്നാൽ ഇതിലേക്കു ഒരു പ്രതിബന്ധമായി നിൽക്കുന്നതു ഞാൻ മുമ്പുപ്രതിപാദിച്ചതുപോലെ ഉടമസ്ഥാവകാശം നിശ്ചയിക്കുന്നതിനു ഉതകത്തക്കവണ്ണമുള്ള തഹശീൽദാരുടെ ഒരു സർട്ടിഫിക്കറു വേണമെന്നുള്ളതാണ്. ആ കാരണത്തിനേൽ കുടികടംക്കു ന്യായമായി ചെല്ലേണ്ടപണം

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. C. Kuriakose.]

—ഗവണ്മെൻറു കൊടുക്കേണ്ടതാണെന്നു സമ്മതിക്കുന്നതായ തുക—കൊടുത്തു തീർക്കുന്നതിനു് അമാന്തിക്കുന്നതു് ശരിയായിട്ടുള്ളതല്ല. ഈ നില തുടർന്നു കൊണ്ടു പോകുന്നപക്ഷം കുറെ കഴിയുമ്പോൾ ഡിപ്പാർട്ടുമെൻറു വലിയ കടത്തിലാകും. ജനങ്ങൾ വളരെ കഷ്ടപ്പെടുകയും ചെയ്യും. ക്രമേണ കുടിവകപുരയിടങ്ങളിൽ രാജകീയ വൃക്ഷങ്ങൾതീരെ ഇല്ലാതെ വന്നേയ്ക്കും എന്നു് വിദഗ്ധനായ ഫാറസ്റ്റ് കൺസർവേറാർ അഭിപ്രായപ്പെട്ടതു പോലെതന്നെ ഒരുഭാവി രാജ്യത്തു വന്നു ചേരുകയില്ലേ എന്നും സംശയിക്കേണ്ടതായിട്ടുണ്ടു്. അങ്ങിനെ വരുമ്പോൾ വനത്തിൽ കയറി തടിവിറകു മുതൽ ഉണ്ടാക്കാമെന്നു് ആദ്ദേഹം സൂചിപ്പിക്കയുണ്ടായി. തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലേ പ്രജകളെ സംകടപ്പെടുത്തി, അവക്കു ന്യായമായി കിട്ടേണ്ട പണം കൊടുക്കുന്നതിനു കാലതാമസപ്പെടുത്തി, കാടു സംരക്ഷിക്കുന്ന നിലയിൽ പ്രവർത്തിക്കുന്ന ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറുകാരുടെ പ്രവർത്തനം കൊണ്ടു് ഒരു കാടായി തീരത്തക്കവണ്ണം ഒരു ഡിപ്പാർട്ടുമെൻറു സംരക്ഷിച്ചു കൊണ്ടു പോകുന്നു എന്നു കാണിക്കമാത്രം ചെയ്യുന്നു എന്നല്ലേ ഇതിൽ നിന്നും മനസ്സിലാക്കേണ്ടതു്. അതിനാൽ റവന്യു ഡിപ്പാർട്ടുമെൻറുകാരുടെ തടസ്ഥമാണെന്നുവരികിൽ അതിനിടവരുത്താതേ ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറും റവന്യൂ ഡിപ്പാർട്ടുമെൻറും കൂടി യോജിച്ചു് വസ്തു ഉടമസ്ഥന്മാക്കു കൊടുക്കേണ്ട പണം കൊടുക്കുന്നതിനു വേണ്ട ഏർപ്പാടു ചെയ്യണമെന്നാണു് ഈ ഉപക്ഷേപത്തേ അനുകൂലിച്ചു കൊണ്ടു എനിക്കു പറയുവാനുള്ളതു്.

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*): ജനങ്ങൾക്കു ബുദ്ധിമുട്ടിനിടയാകാതെ എത്രയുംവേഗത്തിൽ കുടിവില കൊടുത്തുതീർക്കത്തക്കവണ്ണം വേണ്ട വ്യവസ്ഥചെയ്യണമെന്നു് ഗവണ്മെൻറിനെ ഉൽബോധിപ്പിക്കാനായിട്ടായിരുന്നു ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചതു്. കുടിവിലയ്ക്കു ഡിവിഷനൻ ഫാറസ്റ്റ് ആഫീസിൽ അപേക്ഷിക്കുമ്പോൾ രസീതുകൾ ചോദിക്കുന്നു എന്നും, രസീതു കൊടുക്കുമ്പോൾ രസീതിൽ തെറ്റുവരാതെ ഇരിക്കുന്നതിനുവേണ്ടി ആണ്ടു് ജായിൻറു മഹസർസിസ്റ്റം ഏർപ്പെടുത്തിയതെന്നും കൺസർവേറാർ പറയുക ഉണ്ടായി. എന്നാൽ ജായിൻറുമഹസർ എഴുതിയതിനുശേഷം കൊടുക്കുന്ന രസീതു് കുടിവില വാങ്ങിക്കാൻ ഉപകാരപ്പെടുന്നില്ല. കുടിവില വാങ്ങിക്കണമെങ്കിൽ തഹശീൽദാരുടെ സർട്ടിഫിക്കറുതന്നെ ഹാജരാക്കണം. ഒരു രൂപാമുതൽ ഏഴു രൂപാവരെ ശമ്പളമുള്ള റയിഞ്ചാഫീസരന്മാർ അവരുടെ അധികാരാർത്തിയിൽ ഉൾപ്പെട്ട സ്ഥലങ്ങളിലുള്ള പുരയിടങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളിൽ ഉള്ള സംഗതികാം മുഴുവനും അറിയാവുന്നവരായിരിക്കും. അതു കൊണ്ടു് തടിമുറിക്കുന്ന സമയത്തുതന്നെ ഒരു നാമിനൽരസീതു കൊടുക്കുന്നതിനു് റവന്യൂഉദ്യോഗസ്ഥന്മാരുടെ ആവശ്യംഇല്ല. എന്നുമാത്രമല്ല കുടിവില വാങ്ങിക്കുന്നതിനു ഫാറസ്റ്റുദ്യോഗസ്ഥന്മാരുടെ സർട്ടിഫിക്കറു വേണമെന്നുള്ളതിനാൽ ഈ അധ്വാനംകൊടുക്കുന്ന രസീതുകൊണ്ടു് പ്രയോജനവുമില്ല.

ട്രഷറി പരിശോധന മുതലായ ഉപയോഗശൂന്യമായ നടപടികളും നിത്തേണ്ട സംഗതിയിൽ അക്കൗണ്ടാഫീസർ അനുകൂലിക്കുന്നുഎന്നു പറഞ്ഞതിൽ ആശ്വാസത്തിനുവഴിയുണ്ടു്. ഇതുയും പറഞ്ഞുകൊണ്ടു് ഈ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

The motion was by leave, withdrawn.

***Motion 143.***

To reduce the allotment of Rs. 5,09,370 for timber and other produce removed from forests by Government agency by Rs 5.

**MR. TARIATU KUNJITOMMAN** (*Muvattupuzha* cum *Todupuzha*): റിസവ്വിൽനിന്നും വൃക്ഷങ്ങളും മറും മാററികൊണ്ടുപോകുന്നതിൽ ചേത്തിട്ടുള്ള ൫,൦൯,൩൭൦ രൂപായിൽനിന്നും ൫ രൂപാ കുറയ്ക്കണമെന്നുള്ളതാണു് ഞാൻ ഇവിടെ അവതരിപ്പിക്കുന്ന ഉപക്ഷേപം. കുടികളുടെ പേരിൽ പതിവു ഭൂമികളിൽ നില്ക്കുന്ന വൃക്ഷങ്ങളും മുള മുതലായവയെ മുറിച്ചുമാററികൊണ്ടുപോകുന്നതിനു ഇപ്പോൾ ഫ്റാസ്റ്റ് ഡിപ്പാർട്ടുമെൻറിൽനിന്നുമാണു് പ്രീപാസ് കൊടുക്കേണ്ടതു്. ആ സമ്പ്രദായം ഭേദപ്പെടുത്തി റവന്യൂഡിപ്പാർട്ടുമെൻറിനെ മുമ്പതലപ്പെടുത്തണമെന്നും ചിലഇനം വൃക്ഷങ്ങളെ ഇപ്പോഴത്തെ പ്രീപാസ് വ്യവസ്ഥയിൽനിന്നും ഒഴിവാക്കണമെന്നും ഗവണ്മെൻറിനെ ഉൽബോധിപ്പിക്കാനാണു് ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിക്കുന്നതു്.

കുടികളുടെ വക പുരയിടങ്ങളിൽനില്ക്കുന്ന മുള മുതലായ വൃക്ഷങ്ങളും മുറിച്ചുമാററിക്കൊണ്ടുപോകുന്നുണ്ടോ എന്നു നോക്കുവാൻ റിസവ്വിനെ സൂക്ഷിക്കേണ്ട ഫാറസ്റ്റുദ്യോഗസ്ഥന്മാരും ഗാർഡുകളും നാട്ടിൻപുറങ്ങളിൽ ചുററിനടക്കയാണു്. റിസവ്വ് ഭരണമാണല്ലോ ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിന്റെ പ്രധാനകൃത്യം. അതു ശരിയായിട്ടു നിവ്വഹിക്കാൻ അവർക്കു സാധിക്കുന്നില്ല. ഫാറസ്റ്റിനകത്തു ധാരാളം അഴിമതികളും നടക്കുന്നുണ്ടു് എന്നാണു് പരക്കെയുള്ള സംസാരം. അവയെ കണ്ടുപിടിക്കുന്നതിനുതന്നെ സമയമില്ലാത്ത ഫാറസ്റ്റുദ്യോഗസ്ഥന്മാർ മിക്കവാറും നാട്ടിൻപുറങ്ങളിൽ ചുററിനടക്കയാണു്. ഇതിനുള്ള പ്രധാനകാരണം നാട്ടി

LIBRARY ARCHIVES Kerala Legislative Assembly

ൻപുറങ്ങളിൽ ചുറ്റിനടന്നാൽമാത്രമേ ഈ ഉദ്യോഗസ്ഥന്മാർക്ക് ആദായത്തിനു വഴിയൊള്ളൂ എന്നുള്ളതാണ്. റിസർവ്വിൽപോയാൽ ഒന്നും കിട്ടുകയില്ല. പ്രീപാസു സിസ്റ്റം നിമിത്തം ഇവർക്കു പല അഴിമതികളും നടത്തുന്നതിനു സൌകര്യം ലഭിക്കുന്നുണ്ട്. കുടിവക പുരയിടങ്ങളിൽനിന്നും വൃക്ഷങ്ങളൊ മുളയൊ വിറകൊ മുറിച്ചുമാറ്റിക്കൊണ്ടുപോകണമെങ്കിൽ ഫാറസ്റ്റുകാരുടെ പാസുവേണമെന്നു വച്ചിട്ടുണ്ട്. അതു പ്രീപാസാണെങ്കിലും കിട്ടുന്നതിനു വളരെ വിഷമം നേരിടുന്നുണ്ട്. പ്രീപാസില്ലാതെ തടികഠം കൊണ്ടുപോയാൽ കുറ്റകരവുമാണ്. ഈ പ്രീപാസുസിസ്റ്റം നടപ്പിലിരിക്കുന്നതുകൊണ്ട് ഫാറസ്റ്റുഡിപ്പാർട്ടുമെൻറിലെ ചില്ലറ ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടുകൂടി ഫാറസ്റ്റിൽനിന്നുംതന്നെ തടിമുറിച്ചു കടത്തിക്കൊണ്ടുപോകുന്നതിനു സൌകര്യം നൽകുന്നുണ്ട്. പാസുവാങ്ങിക്കുന്നതിനുള്ള ചിലവും ബുദ്ധിമുട്ടും ആലോചിക്കുമ്പോൾ ഫാറസ്റ്റുകാരുടെ സഹായത്തോടുകൂടി റിസർവ്വിൽനിന്നുംതന്നെ തടി കൊണ്ടുവരാമെന്നു ജനങ്ങൾ വിചാരിക്കുന്നതിനു അവരെ പ്രേരിപ്പിക്കുകയാകുന്നു ചെയ്യുന്നതു്. അതുകൊണ്ട് ഈ പ്രീപാസുതന്നെ വേണ്ടെന്നുവയ്ക്കുണം. അഥവാ പാസു വേണമെന്നു നിശ്ചയിക്കയാണെങ്കിൽ അതു റവന്യൂഡിപ്പാർട്ടുമെൻറിൽനിന്നും കൊടുക്കുന്നതിനു വേണ്ട വ്യവസ്ഥചെയ്താൽ നന്നായിരിക്കുമായിരുന്നു. ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരുടെ അധികാരാതിർത്തി തഹശീൽദാരന്മാരുടെ അധികാരാതിർത്തിയെക്കാൾ വളരെ വിസ്താരമായിട്ടുള്ളതാണ്. പാവപ്പെട്ടകാരന്മാർ മുഖാന്തിരം റക്കമെൻറുചെയ്തു പ്രീപാസുകൊടുക്കുന്നതിനു റയിഞ്ചാഫീസർമാരെക്കാൾ അധികം സൌകര്യം സ്ഥലം തഹശീൽദാർന്മാക്കാണുള്ളതു്. പുരയിടങ്ങളുടെനിശ്ചയവും അവക്കായിരിക്കുമല്ലൊ. പുതുവൽ പ്രതിക്കുക മരവില, തറവില മുതലായതു ഈടാക്കുക, പട്ടയംകൊടുക്കുക, നികുതിപിരിക്കുക മുതലായവ ചെയ്യുന്നതു റവന്യൂഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരാണ്. അവക്കു സ്ഥലമറിയാം അതുകൊണ്ട് ഇങ്ങിനെ ഒരു ഏർപ്പാടു ചെയ്യുന്നപക്ഷം അതു സൌകര്യപ്രദമായിരിക്കും.

ഭക്ഷണം പാകംചെയ്യുന്നതിന് വിറകു് അത്യാവശ്യമാണല്ലൊ. അതുപോലെതന്നെ മുളയും കൃഷി ഉപകരണങ്ങൾക്കും മറ്റും ജനങ്ങൾക്കു അത്യാവശ്യമാണ്. ഫാറസ്റ്റ ഡിപ്പാർട്ടുമെൻറുകാരുടെ പാസു കിട്ടുന്നതുവരെ കാത്തിരിക്കയെന്നു വന്നാൽ ആവശ്യം നടക്കുകയില്ല. അതുപോലെതന്നെ പുരപണിക്കു അത്യാവശ്യമായ ഒന്നാണു് തടി. അതിലേക്കു പാസുവേണമെങ്കിൽ ഡിവിഷനാഫീസരുടെഅടുക്കൽ അപേ

LIBRARY ARCHIVES Kerala Legislative Assembly

ക്ഷകൊടുത്തു് ആ അപേക്ഷ റയിഞ്ചാഫീസരുടെ അടുക്കൽവന്നു തടി പരിശോധിച്ചു റിപ്പോർട്ടു ഡിവിഷൻ ആഫീസരുടെ അടുക്കൽപോയി പാസുകിട്ടുന്നതിനു വളരെപ്രയാസങ്ങൾ ഉണ്ടു്. കാട്ടിലെ കായ്ങ്ങൾ നോക്കുന്നതിനു ചുമതലപ്പെടുത്തിയിട്ടുള്ള ആളുകളെ നാട്ടിലെ ജനങ്ങളുടെകായ്ംക്കുടി നോക്കാൻ ചുമതലപ്പെടുത്തുന്നതു വളരെ ഉപദ്രവകരമായ ഒരു സ്ഥിതിയാണു്. തരിശുഭൂമികളിലും പുറമ്പോക്കുകളിലും നില്ക്കുന്ന തടി മുറിച്ചാൽ അതിനു കേസെടുത്തു മജിസ്ട്രേട്ടിൽ ചാർജ്ജ് ചെയ്യുന്നതു റവന്യൂ ഡിപ്പാർട്ടുമെൻറാണു്. അതു പോലെ കുടികളുടെ പുരയിടങ്ങളിൽ നില്ക്കുന്ന തടി മുറിച്ചുകൊണ്ടുപോകുന്നതിനു് പാസുകൊടുക്കുന്നതിനുള്ള അധികാരവും ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറുകാക്കല്ല, റവന്യൂക്കാക്കാണു് ഇരിക്കേണ്ടതു്. ഇന്നങ്ങിനെ ചെയ്യുന്നതു് അസ്വഭാവികമായ ഒരേർപ്പാടായിരിക്കും. എന്നാൽ പാടെ എടുക്കേണ്ടെന്നു വയ്ക്കുന്ന പക്ഷം ഫാറസ്റ്റ് ബൌണ്ടറിക്കു സമീപമുള്ള നമ്പർകളിൽ പാസ് കൊടുക്കുന്നതിനുള്ള അധികാരം ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിനും ശേഷമുള്ള സ്ഥലങ്ങളിൽ പാസ് കൊടുക്കുന്നതിനുള്ള അധികാരം റവന്യൂക്കാക്കും കൊടുക്കുന്നതിനെങ്കിലും വ്യവസ്ഥ ചെയ്യണം. ഇതു് ഗവണ്മെൻറിനും ജനങ്ങൾക്കും ഒരുപോലെ ഗുണകരമാണു്.

രണ്ടാമതു എനിക്കുപറയാനുള്ളതു് ചിലവൃക്ഷങ്ങളെ പ്രീപാസു ചട്ടത്തിൽനിന്നും ഒഴിക്കേണ്ടതിനെപ്പറ്റിയാണു്. അതായതു സാധുക്കൾക്കു് ഭവനം പണികഴിക്കുകൃഷി ഉപകരണങ്ങൾക്കും അത്യാവശ്യമായ മരുതു്, കാട്ടുപുന്ന, ചടച്ചി, വെന്തേക്കു് ഇങ്ങനെ നാലുതരം തടികളെയെങ്കിലും ഒഴിക്കേണ്ടതായിട്ടുണ്ടു്. ഇതെല്ലാം അധികംനാളത്തേയ്ക്കു ഉപയോഗിക്കാൻ കൊള്ളുകയില്ല. ചിതൽ തിന്നുന്നതാണു്. സാധുക്കൾ കുടിൽകെട്ടുന്നതിനും തൊഴുത്തുകെട്ടുന്നതിനും മറ്റുമൊക്കെ ഇതാണു ഉപയോഗിക്കുന്നതു്. ഇതിനെല്ലാം പാസുവാങ്ങിക്കൊണ്ടുപോകണം എന്നുപറയുന്നതു വലിയകഷ്ടമാണു്! മുമ്പു ഒരു വലിയവെള്ളപ്പൊക്കം വന്നകാലത്തു ഭവനംനശിച്ചു പോയ ചിലർ എന്നോടുവന്നു ഭവനം പണിക്കുറെ ഈ ഇനം തടിവേണമെന്നു ചോദിച്ചു. പാസില്ലാതെ തടികൊണ്ടുപോയാൽ തടി കൊടുത്തയാളേയും കൊണ്ടുപോയ ആളിനേയും പിടിച്ചു കേസാക്കുമെന്നു പറഞ്ഞു ഞാൻ ഒഴിയുകയാണു് ചെയ്തതു്. അതുകൊണ്ടു മേൽപ്രസ്താവിച്ച നാലിനം തടികളും മുളയും പാസിൽ നിന്നു് ഒഴിയ്ക്കേണ്ടതാണു്. പാസുകൊടുക്കുന്നതിനുള്ള അധികാരം റവന്യൂഡിപ്പാർട്ടുമെൻറിനും കൊടുക്കണമെന്നു പറഞ്ഞു കൊണ്ടു ഞാൻ ഈ ഉപക്ഷേപം വാജരാക്കിക്കൊള്ളുന്നു.



LIBRARY ARCHIVES Kerala Legislative Assembly

MR. R. DHANUKOTI PILLAI (*Conservator of Forests*): The House will remember that last time when this question came up for discussion, Government promised that they would constitute a Committee to go into the whole question and see whether the scheduled area could be pushed further towards the reserves and to see whether the area within which the Free Pass Rules do not operate cannot be extended. Accordingly a Committee was constituted consisting of 3 official members and 3 members of this Council including Mr. Kunjitomman. This Committee sat for 3 days and have made a recommendation to Government according to which only half the area of the State would be.....

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): കമ്മിറിക്കു ഏതെങ്കിലും വൃക്ഷങ്ങളെ ഫ്രീപാസ്സ്റൂൾസ്സിൽനിന്നും ഒഴിക്കാൻ അധികാരമുണ്ടായിരുന്നുവോ?

MR. R. DHANUKOTI PILLAI (*Conservator of Forests*): ഇല്ലായിരുന്നു.

According to the recommendation of that Committee nearly half of the State would be excluded from the Free Pass Rules. I have purposely made a map of Travancore for this purpose just to show this House the area that would be outside the operation of these Rules under the recommendation of the Committee. (Conservator was then showing a map of Travancore to the House). The red line is the limit at present. The green line shows the boundary of the Reserves. A mere look at the map would show that the Forest Rules would operate only within the narrow strip of land shown here. Mr. Thariatu Kunjitomman was also one of the members of the Committee. I am surprised to find that he now comes forward with the suggestion that the working of the Rules should be entrusted to the Revenue Department. I do not see how he has so much animosity towards the Forest Department. I asked Mr. Robinson about the suggestion but he tells me that his department would be the last to undertake any more work. He has been saying that his department is the most overworked and undermanned.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): മലയാളത്തിൽ പറഞ്ഞാൽകൊള്ളാം.

PRESIDENT: Can you express it in Malayalam, Mr. Dhanukoti Pillai? These are points which Mr. Kunjitomman raised. So it would be better if you would explain them in Malayalam.

MR. R. DHANUKOTI PILLAI (*Conservator of Forests*): ഒരു കമ്മിറി ഏർപ്പെടുത്തി. അതിൽ മി. കുഞ്ഞിത്തൊമ്മനും മെമ്പറായിരുന്നു.

MR. TARIATU KUNJITOMMAN (*Muattupuzha* cum *Todupuzha*): ഫ്രീപാസ്സ് കമ്മിറിക്കു പുതിയ ഫ്രീപാസുകൊടുക്കേണ്ട സ്ഥലത്തിന്റെ അതിർത്തി നിണ്ണയിക്കുന്നതിനല്ലാതെ ഇന്നയിന്നതും വൃക്ഷങ്ങളും അതിൽനിന്നും ഒഴിക്കണമെന്നുപറയാൻ അധികാരമുണ്ടായിരുന്നുവോ?

LIBRARY ARCHIVES Kerala Legislative Assembly

MR. R. DHANUKOTI PILLAI (*Conservator of Forests*): അതുത്തിനിണ്ണയിക്കാനാണ് പറഞ്ഞിട്ടുള്ളതു്. ഞാൻ പറയുന്നതു മുഴുവനും കേട്ടശേഷം ചോദ്യംചോദിച്ചാൽ ഉത്തരം പറയാം. ഈരാജ്യത്തിൽ പകുതി ഭാഗവും പ്രീപാസു് റൂംസിൽനിന്നും ഒഴിച്ചിട്ടുണ്ടു്. ഈ അതുത്തിനിണ്ണയകമ്മിറ്റിയിൽ മെ. കൊച്ചുത്തൊമ്മൻ, കുഞ്ഞിത്തൊമ്മൻ, ഡാക്ടർ മാധവൻപിള്ള ഇതുയുംപേർ മെമ്പർമാരായിരുന്നു.

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): കമ്മിറ്റിക്കധികാരമില്ലാത്തസംഗതിയല്ലേ ഏതാനുംവൃക്ഷങ്ങളെ പ്രീ പാസ്റൂളിൽനിന്നും ഒഴിക്കണമെന്നുള്ളതു്?

MR. R. DHANUKOTI PILLAI (*Conservator of Forests*): ഞാൻ പറയേണ്ടതു മുഴുവനും പറഞ്ഞുവരുമ്പോൾ അറിയാം.

PRESIDENT: Mr. Dhanukoti Pillai, that is not the answer. Mr. Kunjitomman says that he now raises a point which he could not raise before the Committee.

MR. R. DHANUKOTI PILLAI (*Conservator of Forests*): There is only a narrow strip of land over which the Forest Department will have jurisdiction under the recommendation of the Committee.

PRESIDENT: It is in regard to that narrow strip of land that he wants particular trees to be exempted. What do you say with regard to that?

MR. R. DHANUKOTI PILLAI (*Conservator of Forests*): ഈ കമ്മിറ്റിയുടെ ശുപാർശപ്രകാരം വളരെ വിസ്തൃതമായ ഒരുസ്ഥലത്താണ് പ്രീപാസ്റൂംസ് ബാധിക്കുന്നതു്. അങ്ങിനെയുള്ളസ്ഥലത്തുകൂടി പ്രീപാസു കൊടുക്കുന്നതിനുള്ള അധികാരം റവന്യൂ ഡിപ്പാർട്ടുമെൻറുകാർ വഹിക്കണമെന്നുപറയുന്നതു് ഒട്ടും ശരിയല്ല. മി. റാബിൻസന്റെ അടുക്കൽ ഞാൻ ചോദിച്ചതിൽ അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെൻറിനു വളരെ ജോലികഠം ഉള്ളതുകൊണ്ടു് ഈ ജോലിക്കൂടി നിർവഹിക്കാൻ സാധിക്കയില്ലെന്നുപറയുന്നുണ്ടു്. അതുകൊണ്ടു് മി. കുഞ്ഞിത്തൊമ്മൻ പറയുന്നതുപോലെ പ്രീപാസുകൊടുക്കാനുള്ള അധികാരം റവന്യൂഡിപ്പാർട്ടുമെൻറുകാക്കു കൊടുക്കാൻ നിവൃത്തിയില്ല. അതിനുംപുറമെ തടിസംബന്ധിച്ച ചുമതലയെല്ലാം ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിനാണ്. പിന്നീട് പ്രീപാസ് ചട്ടത്തിൽനിന്നും വേങ്ങ, മരുതി, തമ്പകം മുതലായവൃക്ഷങ്ങളെ ഒഴിവാക്കണമെന്നു പറഞ്ഞു. അതുകൊണ്ടു് ഗവണ്മെൻറിനു വലിയ നഷ്ടമുള്ളതുകൊണ്ടു് അതു സ്വീകരിക്കാൻ നിവൃത്തിയില്ല.

PRESIDENT: He did not say that Venga should be exempted.

MR. R. DHANUKOTI PILLAI (*Conservator of Forests*): I think he said Venga and some other trees also. I do not see the force of his argu-

LIBRARY ARCHIVES Kerala Legislative Assembly

[Mr. R. Dhanukoti Pillai.]

ment when he says that, when it has been recommended by the Committee that the area over which the Rules should operate should be reduced to a very narrow strip which would be only about half the area of the State, particular species should be exempted from the Rules.

**PRESIDENT:** He wants those trees to be exempted with regard to the scheduled area also.

**MR. R. DHANUKOTI PILLAI** (*Conservator of Forests*): That cannot be done, because these are species which are found in our forest close by.

**MR. TARIATU KUNJITOMMAN** (*Muvattupuzha* cum *Todupuzha*): പുതുവലിനു പുറത്തു വേങ്ങ കാണുമോ?

**MR. R. HANUKOTI PILLAI** (*Conservator of Forests*): നെടുമങ്ങാട്ടു പോയാൽ അങ്ങിനെ ഉണ്ടെന്നുകാണാം.

**MR. TARIATU KUNJITOMMAN** (*Muvattupuzha* cum *Todupuzha*): നെടുമങ്ങാട്ടു റിസർവ്വിനുസമീപത്തുള്ള ചേരിക്കൽ പ്രദേശങ്ങളെയല്ലേ പ്രീപാസു വേണമെന്നുള്ള വ്യവസ്ഥയിൽ ഉൾപ്പെടുത്തിയിരിക്കുന്നതു?

**MR. R. DHANUKOTI PILLAI** (*Conservator of Forests*): അല്ല. ചിലതൊക്കെ ഒരുപക്ഷേ ഉൾപ്പെടുമായിരിക്കാം. ചിലതു് അതിനു വെളിയിലുംകാണും.

**MR. TARIATU KUNJITOMMAN** (*Muvattupuzha* cum *Todupuzha*): പ്രീപാസു നിമിത്തമുള്ള ഉപദ്രവങ്ങളെ പറ്റി തുടച്ചയായി കൌൺസിലിൽ പറഞ്ഞുകൊണ്ടിരിക്കയാണു്. ആദ്യത്തെ തവണ കൌൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടു വന്നപ്പോൾ അതിലേക്കു് ഒരു കമ്മിറ്റിയെ ഏർപ്പെടുത്തി. പിന്നീടു ആ കമ്മിറ്റിക്കാണു് റയൽടിയേപ്പറ്റി റിപ്പോർട്ടു ചെയ്യുന്നതിനുള്ള അധികാരം നൽകിയതു്. ഈ കാര്യങ്ങൾക്കും രണ്ടു കമ്മിറ്റിറിപ്പോർട്ടു സമർപ്പിച്ചിട്ടും അതിന്റെ റിപ്പോർട്ടു ഇതുവരെയും വെളിക്കു വന്നിട്ടില്ല. ആ റിപ്പോർട്ടനുസരിച്ചു് എന്തെല്ലാമാണു നടത്തീട്ടുള്ളതെന്നു് ഈ കൌൺസിലിലേ ജനപ്രതിനിധികൾക്കു് അറിയുന്നതിനും സാധിച്ചിട്ടില്ല. ആ റിപ്പോർട്ടിലേ ശുപാർശ അനുസരിച്ചു് പ്രവർത്തിക്കാത്തതു കൊണ്ടാണു് വീണ്ടും ഞാൻ ഈ സംഗതി ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. ഈ രാജ്യത്തിൽ വലിയ ഭാഗവും മലകളാണല്ലോ. ഈ മലംപ്രദേശങ്ങളിൽ താമസിച്ചു കാലക്ഷേപം ചെയ്യുന്നവർക്കു വിറകു്, മുള, കൃഷിആയുധങ്ങൾ ഇവ ഉണ്ടാക്കുന്നതിനു് ആവശ്യമുള്ള മറ്റു തടികൾ അവരുടെ ചേരിക്കൽനിന്നും മുറിച്ചു് ഉപയോഗിക്കുകയല്ലാതെ സമുദ്രതീരത്തുള്ള ഡിപ്പോവിൽ നിന്നും വാങ്ങികൊണ്ടു വരികയെന്നുള്ളതു വളരെ വിഷമമാണു്. ഈ വിധത്തിലുള്ള പല കഷ്ടതകളും

LIBRARY ARCHIVES Kerala Legislative Assembly

ളേയും പരിഹരിക്കണമെന്ന് ഈ കൗൺസിലിൽ തുടൻ പറഞ്ഞു കൊണ്ടിരിക്കയാണ്. പ്രീപാസുനിമിത്തം ജനങ്ങൾക്ക് അത്യാവശ്യമുള്ള തടികൾ മുറിച്ചു കൊണ്ടുപോകുന്നതിനുസൌകര്യമില്ല. റിസർവ് വനങ്ങളിലുള്ള തടികളെ സൂക്ഷിക്കുന്നതിനു വേണ്ടിയാണ് പ്രീ പാസ്സ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുള്ളതു്. എന്നാൽ റിസർവ് തീരെയില്ലാത്ത അമ്പലപ്പുഴ, ചേർത്തല മുതലായ താലൂക്കുകളിൽ മുളപോലും കടത്തിക്കൊണ്ടു പോരുന്നതിന് പാസുവേണം. ഈ വിഷമതകളെ ഒഴിക്കുന്നതിന് ആയിരിക്കാം രാജ്യത്തിന്റെ പകുതി ഭാഗത്തേക്ക് പാസ്സ് വേണ്ടാ എന്നു ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളതു്. രാജ്യത്തിൽ തെക്കു വടക്കായി റോഡ് ഉത്തരതിരുവിതാംകൂറിലെ ഉൾഭാഗങ്ങളില്ല. റോഡിനെ അതിരാക്കിയുള്ള ഷെഡ്യൂൾ ഏരിയാ കൊണ്ടു ആ പ്രദേശങ്ങളിൽ പറയത്തക്കവണ്ണം യാതൊരു ഗുണവുമുണ്ടായിട്ടില്ല. റിസർവിൽ നിന്നും ഒരു ക്ലിപ്തദൂരം എന്നോ മറേറാ പറഞ്ഞാൽ വല്ലതും ഗുണമുണ്ടായിരുന്നു. എന്നാൽ ഈ ക്ലിപ്തദൂരം സർവേ നമ്പരോ മറേറാ അതിരായിട്ടു നിശ്ചയിച്ച് കല്പിക്കുന്നപക്ഷം ഈ വിഷയത്തിൽ റോഡില്ലാത്ത ദോഷത്തിനു പരിഹാരമുണ്ടാകുമായിരുന്നു. റോഡില്ലാത്തതു് ജനങ്ങളുടെ കുറവല്ല. അതുകൊണ്ടു് സർവേ നമ്പരിനെ അടിസ്ഥാനപ്പെടുത്തി പാസു വേണം എന്നുള്ള സ്ഥലത്തിന്റെ അതിരുകൾ നിശ്ചയിക്കേണ്ടതാണ്. പ്രീ പാസുതന്നെ വേണ്ടായെന്ന് വക്കണമെന്നു് ഒരു പ്രമേയം ഈ കൌൺസിലിൽ തന്നെ അവതരിപ്പിച്ചിട്ടുണ്ടു്. ഗവണ്മെൻറ് അതിനേപ്പറ്റിയാതൊന്നും ചെയ്തിട്ടില്ല.

പാസു കൊടുക്കുന്നതിനുള്ള അധികാരം റവന്യൂ ഡിപ്പാർട്ടുമെൻറിനേ ഏല്പിച്ചാൽ അതു സ്വീകരിക്കുന്നതിനു മിസ്റ്റർ റാബിൻസൺ തയാറല്ലായെന്നു പറഞ്ഞതായി കൺസർവേറർ അവർകൾ പറയുകയുണ്ടായി. ഉദ്യോഗസ്ഥന്മാർ ഗവണ്മെൻറിന്റെ വലം കയ്യും ഇടം കയ്യുമാണല്ലോ. അവർ യോജിച്ചേ ഇരിക്കൂ. കൺസർവേറർക്ക് ഈ അധികാരം റവന്യൂ ഡിപ്പാർട്ടുമെൻറിലേക്കു വിട്ടുകൊടുക്കാൻ മടിയുള്ളതുകൊണ്ടു് റവന്യൂ ഡിപ്പാർട്ടുമെൻറു് മേലദ്ധ്യക്ഷൻ അതിനനുസരിച്ചു കുഴികയില്ലെന്നേ പറയുകയുള്ളൂ. ഗവണ്മെൻറ് ആജ്ഞാപിക്കുന്ന പക്ഷം അദ്ദേഹം നിശ്ചയമായിട്ടും അതു സ്വീകരിക്കും. ഗവണ്മെൻറാണ് പറയേണ്ടതു്, കൺസർവേററല്ല. തിരുഭൂമികളിലും മറും നിൽക്കുന്ന തടികളുടെ അവകാശം ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിൽ നിന്നും റവന്യൂ ഡിപ്പാർട്ടുമെൻറിലേക്കു വിട്ടു കൊടുത്തതു കൊണ്ടു് യാതൊരു ദോഷവും

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitomman.]

വന്നിട്ടില്ല. കുടികളുടെ പുരയിടങ്ങളിൽ ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറ് കാർകടന്നു തടികളെ സംബന്ധിച്ചുള്ള അധികാരം നടത്തുന്നതു യുക്തി ഹീനവും അനീതിയുമാണ്. കുടി പുരയിടങ്ങളുടെ അടുത്തുള്ള പുറം പോക്കിൽ അവക്ക് അവകാശമില്ല. എന്നുമാത്രമല്ല പട്ടയപകർപ്പു മുതലായതു റവന്യൂ ഡിപ്പാർട്ടുമെൻറിൽ സൂക്ഷിക്കുന്നതുകൊണ്ട് പ്രീപാസ് കൊടുക്കുന്നതിനുള്ള ചുമതല അവരെ ഏല്പിക്കുന്നതായാൽ ഉടമസ്ഥതയറിഞ്ഞു പ്രവത്തിക്കാൻ കഴിയും, റിസർവിന് രക്ഷയുമുണ്ടാകും. ഞാൻ മുൻപു സൂചിപ്പിച്ചതു പോലെ ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിലെ കീഴ്ദ്യോഗസ്ഥന്മാരുടെ ആനുകൂല്യത്തോടുകൂടി റിസർവിൽ നിന്നും തടി മോഷ്ടിക്കുന്നതിന് അതു എളുപ്പമുണ്ടാക്കുകയില്ല. എന്തുകൊണ്ടെന്നാൽ പാസു കൊടുക്കുന്നതിനുള്ള അധികാരം റവന്യൂ ഡിപ്പാർട്ടുമെൻറു കാക്കിരിക്കുന്നതുകൊണ്ട് ഈ രണ്ടു ഡിപ്പാർട്ടുമെൻറുകാരും യോജിച്ചാൽ മാത്രമെ റിസർവിനകത്തുകേറി തടി മുറിച്ചു കൊണ്ടു പോകാൻ സാധിക്കയുള്ളു. അതു സാധാരണസാദ്ധ്യമല്ല.

അതുകൊണ്ട് പ്രീപാസു നല്കുന്നതിനെ സംബന്ധിച്ച് അതിരു നിണ്ണയിച്ച റിപ്പോർട്ടു വന്നിരിക്കുന്ന ഈ അവസരത്തിൽ ഇവയെപ്പറ്റി ക്രുടിവേണ്ടവണ്ണം ആലോചിച്ചു വേണ്ടവ്യവസ്ഥ ചെയ്യണമെന്നു ഓർമ്മിപ്പിച്ചുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനനുവാദം ചോദിച്ചുകൊള്ളുന്നു.

The motion was, by leave, withdrawn.

The Council rose for lunch at 2-15 P. M. and reassembled at 2-45 P. M.

**Motion 144.**

The following motion was deemed to have been withdrawn as the member was absent.

MR. P. S. MAHOMED:

To reduce the allotment of Rs. 22,000 for sowing and planting by Rs. 10.

**Motion 145.**

To reduce the allotment of Rs. 5,95,335 for Conservancy and works by Rs. 10.

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): റിസർവ്വ് സംരക്ഷണച്ചിലവിനുള്ള ഒ,ൻ ഒ,നര ലക്ഷത്തിൽ നിന്നു ഫ ഠ രൂപാകുറയ്ക്കണം എന്നാണ് എന്റെ ഉപക്ഷേപം. റിസർവിലെ കൃഷിയ്ക്ക് ഉപയോഗകരങ്ങളായ സ്ഥലങ്ങളെ റിസർവിൽ നിന്നും വേർപെടുത്തി കൃഷിക്ക് പതിച്ചു കൊടുക്കേണ്ട ആവശ്യകതയെ ഗവണ്മെൻറിനെ ഉൽബോധിപ്പിക്കണമെന്നാണ് ഞാൻ ഈ ഉപക്ഷേപംകൊണ്ട് ഉദ്ദേശിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ഈ രാജ്യത്തെ ജനങ്ങളിൽ ഭൂരിപക്ഷവും കൃഷിക്കാരാണല്ലോ. രാജ്യത്തെ ജനസംഖ്യ വർദ്ധിച്ചു വരുന്നതനുസരിച്ച് കൃഷി സ്ഥലങ്ങളുടെ പോരായ്മകൊണ്ട് ജനങ്ങൾ വളരെ കഷ്ടപ്പെടുന്നു. തൊഴിലില്ലാ കമ്മിറ്റിയുടെ നിർദ്ദേശം കൃഷിയ്ക്ക് ഉപയുക്തമായ സ്ഥലങ്ങളെ റിസർവിൽ നിന്നു വേർപെടുത്തി കൃഷിക്കാർക്ക് തിരിച്ചുകൊടുത്തു കൃഷി ചെയ്യിക്കണമെന്നാണല്ലോ. രാജ്യത്തെ ആവശ്യത്തിനു വേണ്ടുന്നതിൽ വളരെ കൂടുതൽ സ്ഥലം റിസർവ്വായി ഇട്ടിരിക്കുന്നു എന്ന് ഇവിടെ പലപ്പോഴും പ്രസ്താവിച്ചിട്ടുണ്ട്.

രാജ്യത്തിന്റെ മൂന്നിലൊരുഭാഗം ഇങ്ങനെ റിസർവായിവച്ചു കൊണ്ടിരിക്കുകയാണെങ്കിൽ ജനങ്ങൾക്കു ആവശ്യമായ ആഹാരസാധനങ്ങൾ പ്രതിവത്സരം വിദേശങ്ങളിൽ നിന്നും വരേണ്ടതുനിമിത്തം വളരെപണം പുറത്തുപോകുന്നു. നാടു പോലെ തന്നെ റിസർവും നിമ്നോന്നതമായി താണവയലുകളോടും ഉയർന്ന കുന്നുകളോടുകൂടിയുമാണ് കിടക്കുന്നത്. റിസർവു എല്ലാം കുന്നും കാടുമാണ്. അവിടെ വയലുകളില്ല എന്നു അതു സ്ഥലങ്ങളെ പരിശോധിച്ചിട്ടില്ലാത്തവർക്ക് തോന്നാം. എന്നാൽ പരിശോധിച്ചിട്ടുള്ളവർക്ക് നേരേമറിച്ച് നാടുപോലെ തന്നെറിസർവിനകത്തും കൃഷിയ്ക്ക് ഉപയുക്തമായ വയലുകൾ വളരെ ഉണ്ടെന്നും അറിയാം. അവിടെ ഒരു കാലത്തു കൃഷി ചെയ്തിരുന്നു എന്നും കുടിപാർത്തിരുന്നു എന്നും തെളിയിക്കുന്ന ഗ്രാമങ്ങളുടേയും ക്ഷേത്രങ്ങളുടേയും ലക്ഷ്യങ്ങൾ റിസർവിനകത്തു കാണാം. റിസർവിൽ മുമ്പു കൃഷിചെയ്തിട്ടുള്ള ചതുപ്പുനിലങ്ങൾ ധാരാളം ഉണ്ട്. അവിടെ കൃഷി ചെയ്തിരുന്നു എന്നു കാണിക്കുന്ന കൃഷിയ്ക്ക് ഉപയോഗപ്പെടുന്നതും കൃഷിയുടെ രക്ഷയ്ക്കു ആവശ്യമായിട്ടുള്ളതും ആയ നടകളും കല്ലുകയ്യാലകളും ധാരാളമായി കാണാം. ഇങ്ങനെയുള്ള സ്ഥലങ്ങളെ പതിച്ചു കൊടുക്കുന്നതു കൊണ്ടു യാതൊരു ദോഷവും റിസർവിനില്ല. ജനങ്ങളുടെ പുരയിടങ്ങളിലേ തേക്കിൽനിന്നുള്ള ആദായമാണ് ഇപ്പോൾ കാണുന്നതു്. അല്ലാതെറി സർവിൽ നിന്നും ഏക്കറിനുകാൽ രൂപാപോലും ആദായം കിട്ടുന്നില്ല. ഇങ്ങനെയുള്ളഭൂമികളെ പതിച്ചു കൊടുത്താൽ ഏക്കറിനു നല്ല തറവിലകിട്ടും. അതിനും പുറമെ സ്ഥിരമായ കരവും കിട്ടും. ജനങ്ങൾക്ക് ആഹാരസാധനങ്ങൾ കൃഷിചെയ്തുണ്ടാക്കി ഒരു കാലക്ഷേപംചെയ്യുന്നതിനുമാർഗ്ഗവും കിട്ടും. ഇപ്പോൾ യാതൊരുപയോഗവും ഇല്ലാതെ വന്യജന്തുക്കൾക്കു മാത്രം വസിക്കുന്നതിനു സൗകര്യം ആക്കി ഗവണ്മെൻറിനേറയും ജനങ്ങളുടേയും-

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitomman.]

ആളായങ്ങളെ തടഞ്ഞുകൊണ്ടിട്ടിരിക്കുന്ന ഏർപ്പാട് വളരെ ദോഷകരമാണ്. ഈ കായ്യം പറയുമ്പോൾ നാട്ടിൽ തന്നെ ധാരാളം സ്ഥലമുണ്ടല്ലോ, അതു് കഴിഞ്ഞിട്ട റിസർവ്വ് ഒഴിച്ചാൽ പോരായോ എന്നാണ് കണസർവേറ്റർ ചോദിക്കുന്നതു്. നാട്ടിൻപുറത്തു് കൃഷിക്കു് കൊള്ളാവുന്ന സ്ഥലങ്ങൾ ഇല്ല. ചിലസ്ഥലങ്ങൾ അവിടെയവിടെ ശേഖരമായിട്ട് ഉണ്ടെങ്കിൽ അവജന്മികളുടെ ചേരിക്കലൊ, ധനവാന്മാരുടെ ഭ്രമിയോ ആയിരിക്കും. സാമാന്യജനങ്ങൾക്കു് ഭ്രമിയില്ല. ഭ്രസ്വത്തു് ശരാശരി കണക്കാക്കിയാൽ ആളോഹരി ക്രമത്തിനു അരഏക്കറിൽക്കൂടുതലില്ല. ഈ അരഏക്കർകൊണ്ടുവേണം അവർ കാലക്ഷേപം കഴിക്കാൻ. ഗവണ്മെൻറിന്റെ ഉദ്ദേശം ജനങ്ങളുടെ ഐശ്വര്യം അഭിവൃദ്ധിപ്പെടുത്തി അവക്കു് ക്ഷേമവും സമാധാനവും വളത്തികൊണ്ടു വരണമെന്നാണല്ലോ. ഈ വിഷയത്തിൽ ദാരിദ്ര്യംകൊണ്ടു് കഷ്ടപ്പെടുന്ന ജനങ്ങളുടെ ക്ഷേമവും സമാധാനവും പുലത്തുന്ന ഗവണ്മെൻറു ഈ അരഏക്കർ ഭ്രമികൊണ്ടു് കാലക്ഷേപം കഴിച്ചുകൊണ്ടു് ക്ഷേമമായിരിക്കണമെന്നു പറയുന്നു എങ്കിൽ അതു ഒരിക്കലും യോജിച്ചതല്ല. അതുകൊണ്ടു് ഈ റിസവ്വ് തുറന്നു കൃഷിക്കായി കൊടുക്കണം. വർദ്ധിച്ചുവരുന്ന ജനതതി ദാരിദ്ര്യത്തിൽ പെടാതിരിക്കുന്നതിനു് ഇതല്ലാതെ വേറൊരു നിവർത്തിയുമില്ല. രാജ്യത്തിലെ ഉൽപന്നങ്ങളായ കരുമുളക്, ചുക്കു്, നാളികേരം ഇവക്കു് വിലയില്ലാത്തതിനാൽഈകയറുമതി സാധനങ്ങളും വിറ്റിട്ടു് ഇറക്കുമതി സാധനങ്ങളായ ആഹാരം വസ്ത്രം മുതലായവവിദേശത്തു നിന്നും വരുത്തി ഉപയോഗിക്കുന്നതിനു് എന്തു മാർഗ്ഗമാണുള്ളതു്. ഒരു മാർഗ്ഗവുമില്ല. എന്നാൽ നെൽകൃഷിവർദ്ധിപ്പിച്ചു ആഹാരസാധനങ്ങളുടെ ഇറക്കുമതി കുറയ്ക്കാൻനോക്കേണ്ടതു് അത്യാവശ്യമാണു്. അതിലേക്കു് ഇവിടത്തെ റിസർവിലുള്ള സ്ഥലങ്ങളിൽ സാധുക്കൾക്കു് കൃഷിചെയ്യുന്നതിനു് സാധിക്കത്തക്കവണ്ണമുള്ള സൗകര്യങ്ങൾ ഉണ്ടാക്കികൊടുത്താൽ നെല്ലുമാത്രമല്ല; പുലയർ,പറയർ, മുതലായവക്കു് മരച്ചീനിമുതലായവയും കൃഷിചെയ്യുന്നതിനു് സാധിക്കുന്നതാണു്. കിഴക്കോട്ടുകടന്നാൽ റിസർവുഫൊറെസ്റ്ററിയും,പടിഞ്ഞാറോട്ടു കടന്നാൽ സമുദ്രവും ജനങ്ങളെ തടുക്കുന്നു. അവക്കു് ഭ്രമി കിട്ടുന്നതിനു് യാതൊരുമാർഗ്ഗവുമില്ല.ഒരു കുടുംബത്തിലേ കാരണവർ കുടുംബത്തിന്റെ ഭാവിഐശ്വര്യത്തിനു വേണ്ടി ഒരു കുടുംബത്തിലുള്ള കുട്ടികളെ പട്ടിണിയിട്ടു അവരെ കഷ്ടപ്പെടുത്തിയിട്ടു സ്വത്തു സമ്പാദിക്കുന്ന പോലെയാണു് റിസർവ് ഭാവിയിലേ ജനങ്ങൾക്കു് കൊടുക്കാനാണെന്നു ഗവണ്മെൻറു പറഞ്ഞു ജനങ്ങളെ കഷ്ടപ്പെടുത്തുന്നതു്. ഗവണ്മെൻറു അപ്പോഴപ്പോഴുള്ള ജനങ്ങളുടെ കാലക്ഷേ

LIBRARY ARCHIVES Kerala Legislative Assembly

പമാസ്ത്തെ പ്രഥമമായിഗണിച്ച പ്രവത്തിക്കണം. അതുകഴിഞ്ഞുവേണം ഭാവിയേപ്പററിചിന്തിക്കാൻ. രാജ്യത്തിന്റെ മൂന്നിലൊരുഭാഗം റിസർവായിവച്ചുകൊണ്ടു ഭ്രമിക്കുവേണ്ടി ജനങ്ങളെകഷ്ടപ്പെടുത്തുന്ന നയംഒരിക്കലും ആശാസ്യമായിട്ടുള്ളതല്ല. ബ്രിട്ടീഷ് മലബാർ, മൈസൂർമുതലായ രാജ്യങ്ങളിൽ ചുരുങ്ങിയ തറവിലക്കും കുറേക്കാലത്തേക്കു കരം ക്രടാതേയും കൃഷിക്കാരായ അന്യദേശക്കാക്ക് ഭ്രമി കൊടുത്തു കൃഷിയെപ്രോത്സാഹിപ്പിച്ചു് വരികയാണു്. അവിടെ ജനസംഖ്യ കുറഞ്ഞും ഭ്രമിക്രടിയുമാണിരിക്കുന്നതു്. അതുകൊണ്ടാണു് ഭ്രമിക്കു വില കുറയാനുള്ളകാരണം. ഇവിടെ നല്ല തറവില കൊടുക്കാം, തടിവില കൊടുക്കാം, കരം കൊടുക്കാം, പതിച്ചു കൊടുത്താൽ മതിയെന്നു് ആളുകൾ പറയുന്നു. ഒരു സാധനത്തിന്റെ ആവശ്യകതയും, ദൌർലഭ്യവുമാണല്ലോ, വില ക്രുടുതൽ ഉണ്ടാക്കുന്നതു്. ജനങ്ങൾക്കു് കാലക്ഷേപമാസ്ത്തിനു ഇവിടെ കൃഷി തൊഴിലല്ലാതെ മറു്. ഒന്നും കാണുന്നില്ല. അതിലേക്കു റിസർവിലുള്ള സ്ഥാമ്പിയേരിയ പതിച്ചുകൊടുക്കണമെന്നു ഒരു റെസല്യൂഷൻ തന്നെ ഈ കൌൺസിലിൽ പാസാക്കീട്ടുണ്ടു്: ക്രടാതെ ഒരു സ്ഥാമ്പിഫെരിയാ കമ്മിററിയും ഉണ്ടാക്കി. ഇതുവരെ ഭ്രമി പതിച്ചു കൊടുത്തിട്ടില്ല. കമ്മററിയിൽ ഞാനും ഒരു മെമ്പരായിരുന്നു. ഒരു സ്ഥലം സ്ഥാമ്പിയേരിയ ആണെന്നു അനുദ്യോഗസ്ഥൻ പറഞ്ഞാൽ, അല്ലെന്നു ഫാറസ്റ്റ് ഉദ്യോഗസ്ഥൻ പറയും. അതിനെ മറു് ഉദ്യോഗസ്ഥമെമ്പർമാരും സമ്മതിക്കും. ഇപ്പോൾ പറഞ്ഞുവല്ലോ കൺസർവേററർ ആവശ്യപ്പെടുന്നതു റവന്യുകമ്മീഷണർ സമ്മതിച്ചുവെന്നു്.

ഉദ്യോഗസ്ഥന്മാരുടെ സാധാരണ പതിവ് ഒരാൾ പറയുന്ന അഭിപ്രായത്തോടു മറുള്ളവരും അനുകൂലിക്കുക എന്നതാണു്. അതിനാൽ റവന്യുകമ്മിഷണരുടേയോ, കൃഷിഡയറക്ടരുടേയോസമ്മതത്തോടുകൂടി കൃഷിക്കു ഭ്രമി കൊടുക്കുവാൻ സാധിക്കുകയില്ല. ജനങ്ങൾക്കു് ആവശ്യമുള്ള സ്ഥലം ഗവണ്മെൻറുതന്നെ പതിച്ചുകൊടുക്കണം. ഇതിൽ ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിന്റേയൊ കൃഷിഡിപ്പാർട്ടുമെൻറിന്റേയൊ അഭിപ്രായത്തെ മാത്രം ഗണിച്ചാൽ പോരാ. ഈ മാതിരി സംഗതികളിൽ ജനാഭിപ്രായത്തേക്രടി നോക്കണം. നെൽകൃഷിക്കു കൊള്ളാവുന്ന ധാരാളം ഭ്രമിയുണ്ടു്. ജനങ്ങളുടെ സാമ്പത്തികാവസ്ഥ നന്നായതിൽമാത്രമേ രാജ്യത്തു ക്ഷേമവും സമാധാനവും അഭിവൃദ്ധിയും ഉണ്ടാവുകയുള്ളു. ഈ സംഗതിയിൽ പ്രത്യേകം ഗവണ്മെണ്ടു് ശ്രദ്ധിക്കേണ്ടതാണു്. കൃഷിക്കാരായ ജനങ്ങളുടെ പ്രതിനിധികളായഞങ്ങൾക്കു് കൃഷിയുടെ അഭിവൃദ്ധിക്കുവേണ്ട



LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitommman.]

മാർഗ്ഗങ്ങളും ചൂണ്ടിക്കാണിക്കേണ്ട പ്രത്യേക കടമയുണ്ട്. ഗവണ്മെൻറ് അനുഭാവപൂർവം ആലോചിക്കണം. ഇതിൽ ഡിപ്പാർട്ടുമെൻറ് അദ്ധ്യക്ഷന്മാർ ചിലർ വിപരീതാഭിപ്രായക്കാരായിരിക്കാം. ഡിപ്പാർട്ടുമെൻറ അദ്ധ്യക്ഷന്മാരുടെ അഭിപ്രായംമാത്രം ലാക്കാക്കി പ്രവർത്തിക്കാതെ ഈകാര്യത്തിൽ ഗവണ്മെൻറ് നേരിട്ട് ശ്രദ്ധിക്കണം. മഴപെയ്യുന്നതിനു റിസർവ് വേണമെന്നു പറയുന്നുണ്ട്. ആ അഭിപ്രായത്തിൽ വിദഗ്ധന്മാർക്കുതന്നെ അഭിപ്രായവ്യത്യാസമുണ്ട്. അങ്ങിനെ വേണമെങ്കിൽ അതിലേയ്ക്ക് പർവതപംക്തികളെ എടുത്തുകൊള്ളട്ടെ. അവിടെ ധാരാളം വൃക്ഷങ്ങളും ഉണ്ട്. അവ നീരാവിയെ തണുപ്പിച്ച് മഴയാക്കിക്കൊള്ളട്ടെ. നമുക്കു അതിൻറെ താഴ്വര മതിയാകും. അങ്ങനെയുള്ള സ്ഥലം വിട്ടുകൊടുത്തു കൃഷി വർദ്ധിപ്പിക്കുന്നതിനും ജനങ്ങൾക്കു കാലക്ഷോഭമാർഗ്ഗം ഉണ്ടാക്കുന്നതിനും ഗവണ്മെൻറ് ശ്രദ്ധിക്കണമെന്നു പ്രത്യേകം പറഞ്ഞുകൊണ്ടു വിരമിക്കുന്നു.

**MR. T. C KESAVA PILLAI** (*Kalkulam cum Vilavankod*): റിസർവ് ഫാറസ്റ്റിനകത്തു കിടക്കുന്ന കൃഷിസ്ഥലങ്ങളെ പതിച്ചുകൊടുക്കണമെന്ന് തുടരെ തുടരെ ഈ കൌൺസിലിൽ നിവേദനങ്ങൾ വന്നിട്ടുള്ളതായി കാണുന്നു. റിസർവു ഫാറസ്റ്റിനകത്തും വെളിയിലുമുള്ള സ്ഥലങ്ങളെ പതിച്ചുകൊടുക്കാൻ പാടില്ലെന്നും ഈ കൗൺസിലിൽ നിവേദനങ്ങൾ വന്നിട്ടുണ്ട്. അങ്ങനെ പതിച്ചുകൊടുക്കുന്നതു ൧൦൦ ഏക്കറിൽ കൂടിയിരിക്കാൻപാടില്ലെന്നും ഈ കൗൺസിലിൽ വരുന്ന നിവേദനങ്ങളുടെ കൂട്ടത്തിൽ കാണുന്നുണ്ട്. റിസർവ്വിനകത്തുനിന്നും അധഃകൃതർക്ക് മൂന്നേക്കർവീതം പതിച്ചുകൊടുക്കണമെന്നും നിവേദനങ്ങൾ വന്നിട്ടുണ്ട്. എന്നാൽ ഇവയെ പതിച്ചുകൊടുക്കേണ്ടതു എങ്ങിനെയാണെന്നോ, അതിനെ കൃഷിസ്ഥലങ്ങളാക്കിതീർക്കേണ്ടതു എങ്ങിനെയാണെന്നോ, അതു എപ്രകാരം സാധിക്കാമെന്നോ ഉള്ള സംഗതികളെ സംബന്ധിച്ചു ഉദ്യോഗസ്ഥ സാമാജികന്മാരൊ അനുദ്യോഗസ്ഥ സാമാജികന്മാരൊ ഒന്നും തന്നെ പറഞ്ഞുകാണുന്നില്ല. മി. രാഘവയ്യായുടെകാലത്തു ഒരു ലാൻഡ് കാളനൈസേഷൻ സ്കീം തുടങ്ങിയിട്ടുണ്ട്. അതു വടക്കൻതിരുവിതാംകൂറിനെസംബന്ധിക്കുന്നതല്ലാതെ തെക്കൻ തിരുവിതാംകൂറിനേ സംബന്ധിച്ചിടത്തോളം ഇപ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കുന്നതിനു പേഷ്കാർ യാതൊരു നടപടിയും ചെയ്തിട്ടില്ല. ആ സ്കീമിനെ സംബന്ധിച്ചു ഗവണ്മെൻറിൽനിന്നും യാതൊരു നടപടിയും നടത്തിയതായി കാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. R. RAMAN PILLAI (*Kottayam*) : വടക്കൻതിരുവിതാംകൂറിൽ ഈ ലാൻഡ് കാളനൈസേഷൻ സ്കീം അനുസരിച്ച് ധാരാളം പതിച്ചുകൊടുത്തു എന്നാണോ മെംബറുടെ അഭിപ്രായം?

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*) : റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതു് പന്ത്രണ്ടു കമ്മിറ്റികളും കൂടിക്കരിച്ച് കൊസ്ഥലം പതിച്ചുകൊടുക്കാൻ തീരുമാനിച്ചു എന്നാണു്.

യഥാർത്ഥത്തിൽ പൊതുജനങ്ങൾക്കു ഗവണ്മെൻറു് നന്മചെയ്യണമെന്നു വിചാരിക്കുന്നപക്ഷം ധാരാളം കൃഷിസ്ഥലങ്ങൾ ഉള്ള റിസർവിനെ കുട്ടിവയ്ക്കേണ്ട ആവശ്യം ഇല്ലെന്നു് തീരുമാനിക്കണം. അങ്ങനെയുള്ള സ്ഥലങ്ങളിൽനിന്നു് നെൽകൃഷിക്കു് ഉപകരിക്കുന്നതായ ഭൂമികൾ ഇറിഗേഷനും മറ്റും തടസ്ഥമില്ലാത്തവിധത്തിൽ പതിച്ചുകൊടുക്കണം. അളുക്കുടാതെ മൂന്നു ഏക്കർവീതം അധീകൃതക്കു് പതിച്ചുകൊടുത്താൽ അതിനെ കൃഷിചെയ്തു് നല്ലനിലയിൽ കൊണ്ടുവരുന്നതിനു് അവർക്കു സാധിക്കുന്നതല്ല. വലിയ മലംപ്രദേശങ്ങളിലും മറ്റും ഇങ്ങനെ മൂന്നു ഏക്കറോ മറ്റോ അവർക്കു പതിച്ചുകൊടുത്താൽ അവർ അവിടെപോയി മലമ്പനിപിടിച്ചു് നശിച്ചുപോകുകയല്ലാതെ നിവർത്തിയില്ല. ശേഖരമായി അയ്യായിരമോ ആറായിരമോ ഏക്കർ സ്ഥലം പതിച്ചുകൊടുക്കുന്നതായാൽ അവർക്കു അവിടെപോയി താമസിച്ചു കൃഷിചെയ്യുന്നതിനു് സാധിക്കും.

MR. K. MADHAVAN (*Nominated*) : தாழ்ந்த பதற்ற வீடுகள் காட்டுப்புறங்களில் இருந்தாலல்லவா நலம்.

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): അളുകൊണ്ടു കൂടുതൽ സ്ഥലംപതിച്ചുകൊടുക്കണമെന്നാണു് പറയുന്നതു്.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*) : ഇങ്ങനെ കൂടുതൽ സ്ഥലം പതിച്ചുകൊടുക്കുകയാണെങ്കിൽ പനി വരുകയില്ലേ?

MR. T. C KESAVA PILLAI (*Kalkulam cum Vilavankod*): കൂടുതൽ സ്ഥലമുണ്ടായിരുന്നാൽ അവിടെ ആളുകൾ സംഘംചേർന്നുപോയി താമസിക്കുന്നതിനും തന്നിമിത്തം പനി വരാതിരിക്കുന്നതിനും കാരണമാകും. അയ്യായിരം ഏക്കർ ബ്ലാക്കായിട്ടു തിരിച്ചു് അതിൽ അഞ്ചോ പത്തോ രൂപാ തറവില നിശ്ചയിച്ചു് അതിലേക്കു അഞ്ചുവർഷത്തേക്കു ചിലവാക്കാൻ പത്തുലക്ഷം രൂപായും അനുവദിക്കുന്നതായാൽ അഞ്ചുവർഷം കഴിഞ്ഞു് ആ എസ്റ്റേറുകളെ ഇപ്പോൾ ജോലിയില്ലാതെ അലഞ്ഞുനടക്കുന്ന ആളുകൾക്കു പതിച്ചുകൊടുത്താൽ ഗവണ്മെൻറിനു ചിലവായിട്ടുള്ള തുക പത്തുവർഷത്തിനകം പിരിഞ്ഞുകിട്ടുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

MR. R. RAMAN PILLAI (*Kottayam*): ഇങ്ങനെയുള്ള ആദായം വരുന്നതുവരെ ഈ സ്ഥലങ്ങളെ കൃഷിചെയ്യേണ്ടതു് ആരാണു്?

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): അതിലേക്കു് ഗവണ്മെൻറും അനുദ്യോഗസ്ഥന്മാരും യോജിച്ചു് ഒരാളെനിയമിക്കണം. ഇങ്ങനെയുള്ള ലാൻഡ് കാളനൈസേഷൻസ്കീം ഗവണ്മെൻറു് ഏർപ്പെടുത്തണമെന്നു് ഞാൻ പ്രത്യേകം അപേക്ഷിക്കുന്നു. പ്രമേയം അവതരിപ്പിച്ച മി. കുഞ്ഞിത്തൊമ്മൻ റിസർവിൽനിന്നും ഇങ്ങനെ സ്ഥലം ഒഴിച്ചുകൊടുക്കണം എന്നു പറഞ്ഞിട്ടുള്ളതല്ലാതെ ഇന്നരീതിയിൽ പ്രായോഗികമാക്കിത്തീർക്കണം എന്നുള്ളതിനെപ്പറ്റി ഒന്നും പറഞ്ഞുകാണുന്നില്ല.

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): മുമ്പു് ഞാൻ ഇതിനെ സംബന്ധിച്ചു ഒരു പ്രമേയം കൊണ്ടുവന്നപ്പോൾ ഇന്ന ഇന്നരീതിയിൽ ഭൂസ്വത്തില്ലാത്തവർക്കു് ഇത്രയിത്ര ഏക്കർ വീതം തിരിച്ചു് ലേലം ചെയ്തുകൊടുക്കണം എന്ന വ്യക്തപ്പെടുത്തി പറഞ്ഞിട്ടുള്ളതായി മെമ്പർക്കു് അറിയാമോ?

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): അറിയാം, അന്നു് ഞാനുംകൂടെ ഹാജരുണ്ടായിരുന്നു. എന്നാൽ ഗവണ്മെൻറിനു് അതിനെയഥാർത്ഥമായി പ്രായോഗികമാക്കിത്തീർക്കത്തക്ക നിലയല്ല ഉള്ളതു്. അതുകൊണ്ടു് അനുദ്യോഗസ്ഥസാമാജികന്മാരുൾപ്പെട്ട ഒരു കമ്മിറ്റിയെ അതിലേക്കു് രൂപീകരിക്കണമെന്നു് ഞാൻ ഗവണ്മെൻറിനോടു് അത്യുമായി അപേക്ഷിച്ചുകൊള്ളുന്നു.

പേച്ചിപ്പാറ അണയ്ക്കു് സമീപം പി. ഡബ്ലൂ. ഡി. റിസർവ് ഫാറസ്റ്റു് എന്നും പറഞ്ഞു് അതിനാവശ്യമില്ലാത്ത അയിരം ഏക്കർ സ്ഥലം ഉണ്ടു്. അതിനെ കൺസർവേറ്റർ അവർകളോടു നിർബന്ധിച്ചു് ഡിസ്സഫാറസ്റ്റുചെയ്യുന്നതിനു് വേണ്ട ഉത്തരവുകൊടുക്കണമെന്നു് ഈ കൌൺസിലിനോടു് അപേക്ഷിച്ചുകൊള്ളുന്നു.

ഇതുകൂടാതെ ഞാൻ മുമ്പുപറഞ്ഞതുപോലെ വലിയ ഏലായിൽ അയിരം കോട്ടനിലം റിസർവ് ഫാറസ്റ്റിനകത്തു് കൃഷിക്കുപയോഗപ്പെടുത്താവുന്നതായി കിടക്കുന്നുണ്ടു്. അവിടെ മുമ്പു് ആളുകൾ താമസിച്ചു് കൃഷിചെയ്തുവന്നിരുന്നതായി ഗ്രാമത്തിൻറെയും ചില കോവിലുകളുടേയും ലക്ഷ്യങ്ങൾ കാണുന്നുണ്ടു്. അതിനാൽ അവയേയും പരിഗണിച്ചുകൊടുക്കണം.

നെയ്യാറിൻകര താലൂക്കിൽ കിടക്കുന്നതും ഇപ്പോൾ ഫാറസ്റ്റിൻറെകൈവശത്തിലാണെന്നും, അതല്ല, റവന്യൂഡിപ്പാർട്ടുമെൻറു വകയാ

LIBRARY ARCHIVES Kerala Legislative Assembly

ണെന്നു തക്കിച്ചുകൊണ്ടിരിക്കുന്നതുമായ പത്തിരുപതിനായിരം ഏക്കർ കാണി ഭൂമിയെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിൽനിന്നും കഴിയുന്നതും വേഗം ഒരു തീരുമാനംഉണ്ടാക്കി അതിനെ പൊതുജനങ്ങൾക്കു ഉപകാരപ്രദമാക്കി തീർക്കണമെന്നുള്ള അപേക്ഷയോടുകൂടി മി. കുഞ്ഞിത്തൊമ്മന്റെ ഉപക്ഷേപത്തെ ഞാൻ ഹൃദയപൂർവം പിൻതാങ്ങുന്നു.

MR. A. C. KURIAKOSE (*Minachil cum Devicolam*): ഞാനും ഈ ഉപക്ഷേപത്തെ അനുകൂലിച്ചു കൊള്ളുന്നു. ഇതു് കൌൺസിലിന്റെ ദീർഘകാലമായ ആലോചനയ്ക്കു് വിഷയമായിട്ടുള്ള ഒരു സംഗതിയാണു്. നാട്ടിൻപുറങ്ങളിൽ കൃഷിസ്ഥലങ്ങളില്ലാതെ കഷ്ടപ്പെടുന്നു. പട്ടണങ്ങളിലാണെങ്കിൽ കച്ചവടംചെയ്യും മറ്റു ഓരോതൊഴിലുകൾകൊണ്ടും കാലയാപനം ചെയ്യാൻ സൗകര്യം ഉണ്ടു്. നാട്ടിൻപുറത്തുകാരായ ഞങ്ങൾക്കു് ഈ തിബാധകർനിമിത്തവും മറ്റും ഇതുമാതിരിയുള്ള തൊഴിലുകൾ നിർവ്വഹിക്കുന്നതിനു വേണ്ടത്തക്ക സാഹചര്യം ഇല്ലാതാണിരിക്കുന്നതു്. വിസ്തീർണ്ണമായ വന പ്രദേശങ്ങൾ ഗവണ്മെൻറു കൈവശംവെച്ചുകൊണ്ടിരിക്കുന്നതുകൊണ്ടുള്ള ആദായം വളരെ തുച്ഛമാണു്. ജനങ്ങൾക്കു് കൃഷിക്കു ഉപയോഗപ്പെടുന്ന ഭാഗങ്ങൾ പതിച്ചുകൊടുക്കുകയാണെങ്കിൽ ഗവണ്മെൻറിനു് സാരമായ ആദായം ഉണ്ടാകുകയും തന്നിമിത്തം ജനങ്ങൾക്കു് ക്ഷേമം ഉണ്ടാകുകയും ചെയ്യും. അതുകൊണ്ടു് അങ്ങനെയുള്ള ചതുപ്പുനിലങ്ങൾ വനങ്ങളിൽനിന്നും വനസംരക്ഷണത്തിനു ഉപദ്രവമില്ലാത്തവിധത്തിൽ പതിച്ചുകൊടുക്കണം എന്നാണു വാദവിഷയം. ഈ തത്ത്വത്തോടു് ഗവണ്മെൻറും യോജിച്ചു പ്രജാസഭ മെമ്പറന്മാരും നിയമസഭാമെമ്പറന്മാരും ഉൾപ്പെട്ട ഒരു കമ്മിറ്റി ഏർപ്പെടുത്തി അന്വേഷണം നടത്തിയതായിട്ടു അറിയാം. അതിന്റെ ഫലമായി ഏതുതോളം സ്ഥലം പതിച്ചു കൊടുക്കാമെന്നു ആലോചിക്കുന്നതു് സാധാരണജനങ്ങൾക്കുപകാരമായിട്ടുള്ള സംഗതികൾ പ്രവൃത്തിക്കുന്നതിൽ കാണിക്കുന്ന താമസം പോലെതന്നെ ഇതിലും കാണുന്നുണ്ടു് എന്നുവിചാരിക്കേണ്ടിയിരിക്കുന്നു. ഇപ്രകാരം സ്ഥലം പതിച്ചു കൊടുക്കുന്നതു ജനക്ഷേമത്തിനു് ഒഴിച്ചുകൂടാൻ പാടില്ലാത്തൊന്നാണെന്നു ഗവണ്മെൻറു സമ്മതിക്കുന്നു. സമ്മതിച്ചതിനെ ആധാരമാക്കി പ്രവർത്തിക്കുന്നതിനു് ഉള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കാൻ നമുക്കു ധാരാളം വിദഗ്ധന്മാരുംഉണ്ടു്. ഗവണ്മെൻറു ഒരു തത്വം അംഗീകരിക്കുകയും അതിനെ പ്രായോഗികമാക്കിത്തീർക്കുന്നതിനുള്ള നിർദ്ദേശങ്ങൾ വരികയും ചെയ്തുകഴിഞ്ഞാൽ ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഈ വിഷയത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. C. Kuriakose.]

ഗവണ്മെൻറുനയം എന്താണെന്നു തീർച്ചപ്പെടുത്തേണ്ടതു് മുഖ്യമായ ഒരു സംഗതിയാണു്. അതിനെ പ്രായോഗികമാക്കിത്തീർക്കുന്നതായാൽ അതു നാട്ടിനു ശ്രേയസ്സാണെന്നും ജനങ്ങൾക്കു് അഭിവൃദ്ധി ഉണ്ടാക്കുന്നതാണെന്നും ഉള്ള സംഗതികളെപ്പറ്റി മി. കുഞ്ഞിത്തൊമ്മൻ പ്രസ്താവിച്ചിട്ടുള്ളതിനാൽ അതിനെപ്പറ്റി കൂടുതലായി ഒന്നും വിവരിക്കണമെന്നു വിചാരിക്കുന്നില്ല. സാധുക്കളായ കൃഷിക്കാർക്കു ധാരാളം സ്ഥലം പതിച്ചുകൊടുക്കുന്നതിനു ഉടനടി സാധിക്കുന്നതല്ലെങ്കിലും അതിന്റെ പ്രാധാന്യത്തെ പരിഗണിച്ചു് ജനങ്ങൾക്കു സമാധാനകരമായ വിധത്തിലും നാട്ടിനു നന്മയും അഭിവൃദ്ധിയും ഉണ്ടാകത്തക്ക വിധത്തിലും ഉള്ള സംഗതികൾ പ്രവൃത്തിക്കുന്നതിനു ഗവണ്മെൻറു കൂടുതൽ ശ്രദ്ധ പതിപ്പിക്കാതിരുന്നാൽ അടുത്ത ഭാവിയിൽ ജനങ്ങളുടെ സ്ഥിതി ഇപ്പോഴത്തേക്കാളും ദയനീയമായിത്തീരുകയും മി: കേശവപിള്ള സംശയിക്കുന്നതുപോലെ മൂലധനം ഇല്ലാതേയും കൃഷി ചെയ്യുന്നതിനു സ്ഥലമില്ലാതേയും കൃഷിക്കാർ നാടുകടപ്പെടേണ്ടിവരുകയും ചെയ്യും. ഈ സാഹചര്യങ്ങളെ പരിഗണിച്ചു് ഗവണ്മെൻറു തിരുവിതാംകൂറിൽ ഒരു കാളനൈസേഷൻ സ്കീം ഏർപ്പെടുത്തി നടപ്പിലാക്കാതെ ഇട്ടിട്ടുണ്ടല്ലോ. തൊഴിലില്ലായ്മ അധികരിച്ചു തൊഴിലില്ലാതെ അലഞ്ഞു നടക്കുന്ന യുവാക്കന്മാക്കു് ഈ സ്കീം നടപ്പിൽ വരുത്തിയാൽ അതിൽ ഏർപ്പെട്ടു് പ്രവൃത്തിക്കുന്നതിനു സാധിക്കുന്നതാണു്. നാട്ടിന്റെ പല ഭാഗങ്ങളിലും ഈ സ്കീംപ്രകാരം ക്ലിപ്തമായ കുറെ ഭൂമി ശരിയായ വ്യവസ്ഥയിന്മേൽ പതിച്ചുകൊടുക്കണം; അതിലേക്കു് കുറെ ധനം വ്യയം ചെയ്താലും തരക്കേടില്ല. ഉത്തരതിരുവിതാംകൂറിൽ ഈ സ്കീം പ്രയോഗത്തിൽ വന്നിട്ടില്ല. തിരുവിതാംകൂറിന്റെ ഏതെങ്കിലും സ്ഥലത്തു് ഈ സ്കീം നടപ്പിൽ വന്നിട്ടുണ്ടോ എന്നും അറിഞ്ഞുകൂടാ. ഉത്തരതിരുവിതാംകൂറിൽ ഈ സ്കീം അനുസരിച്ചു സ്ഥലം പതിച്ചു കിട്ടുന്നതിനു അപേക്ഷ കൊടുത്തിട്ടു യാതൊരു സ്ഥലവും പതിച്ചുകൊടുത്തിട്ടില്ല. അങ്ങനെ അപേക്ഷ കൊടുത്തപ്പോൾ ഇതു് വനത്തിൽ ഉൾപ്പെട്ടതാണു് എന്നും മറ്റുമുള്ള ഓരോ സമാധാനം പറഞ്ഞു സമയം നീട്ടിക്കൊണ്ടു പോകുന്നു. അതുകൊണ്ടു് ഉത്തരതിരുവിതാംകൂറിൽ ഈ സ്കീം അനുസരിച്ചു് ചില സ്ഥലങ്ങൾ പതിച്ചുകൊടുത്തു വേലനടക്കുന്നു എന്നു സംശയിക്കുന്നതു് വെറുതെയാണു്. രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും ഉൾപ്രദേശങ്ങളിലും ഉള്ള കൃഷിക്കുപയുക്തമായ സ്ഥലങ്ങളെ വനസംരക്ഷണത്തിനു

LIBRARY ARCHIVES Kerala Legislative Assembly

ബാധകമല്ലാത്ത വിധത്തിൽ ജനങ്ങൾക്ക് പതിച്ചുകൊടുക്കണം എന്നുള്ളതാണ് എന്റെ അഭിപ്രായം. ഈ അഭിപ്രായത്തെ പ്രകാശിപ്പിച്ചുകൊണ്ട് മി. കുഞ്ഞിത്തൊമ്മന്റെ ഉപക്ഷേപത്തെ ഞാനും പിൻതാങ്ങുന്നു.

**Mr. V. J. OOMMEN** (*Commerce and Industry, North*): മി. കുഞ്ഞിത്തൊമ്മൻ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാനും പിൻതാങ്ങുന്നു. വനത്തിലുള്ള ചതുപ്പുനിലങ്ങളെ പതിച്ചുകൊടുക്കേണ്ട അത്യാവശ്യകതയെക്കുറിച്ച് എന്റെ മാന്യസ്നേഹിതന്മാരിൽ രണ്ടുമൂന്നുപേർ സംസാരിച്ചതിനാൽ അതിനെ സംബന്ധിച്ച് കൂടുതലായി ഒന്നും പറയേണ്ട ആവശ്യം ഇല്ല. ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നതിനു പ്രേരിപ്പിച്ച സംഗതി ഈ ഡിപ്പാർട്ടുമെന്റു മേധാവിയും അദ്ദേഹത്തിന്റെ നീതിക്കുറവുകൊണ്ടോ പ്രാപ്തിക്കുറവുകൊണ്ടോ അതല്ല ഗവണ്മെന്റിന്റെ നിഷ്കർഷക്കുറവുകൊണ്ടോ ഈ ഡിപ്പാർട്ടുമെന്റിലെ സിൽബന്ധികളും മൂലം തിരുവിതാംകൂറിലെ ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന സങ്കടത്തെ ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നുള്ളതാണ്. ഇതിനെ സംബന്ധിച്ച് കഴിഞ്ഞ ബഡ്ജറ്റു സമ്മേളന അവസരത്തിൽ തടികൾ യാതൊരു മുൻ അറിവുകളും കൊടുക്കാതെ വെട്ടിമുറിക്ക മുതലായ പ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കുന്ന ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിലെ കീഴുദ്യോഗസ്ഥന്മാരുടെ അക്രമങ്ങളെ സംബന്ധിച്ച് ഞാൻ പറഞ്ഞിട്ടുണ്ട്. അതിനെ തടയുന്നതിന് വേണ്ടവിധത്തിൽ നിഷ്കർഷിച്ച് ഉത്തരവു കൊടുക്കണമെന്നും പറഞ്ഞു. ജനങ്ങൾ ഈ വിഷയത്തിൽ വളരെ സങ്കടം അനുഭവിച്ചുകൊണ്ടിരിക്കുന്നു. ജനങ്ങളുടെ പുരയിടങ്ങളിൽ നിൽക്കുന്ന തടികളെ, യാതൊരു മുന്നറിവും കൊടുക്കാതെ മുറിച്ചുകൊണ്ടു പോകുന്നു. അതിനു രസീതു കൊടുക്കുന്നില്ലാ. അതുകൊണ്ട് ജനങ്ങൾ പരാതിപ്പെടുന്നുണ്ട്. അങ്ങിനെ രസീതുകൾ കൊടുക്കാതെ ഒരു സർവ്വെനമ്പരിൽ ഉൾപ്പെട്ട പുരയിടത്തിൽനിന്ന് തടി മുറിച്ചു കൊണ്ടു പോയിട്ടുണ്ടോ എന്നു ചോദിച്ചതിന് എനിക്കു തന്ന മറുപടി ൨൨൦൫ മിഥുനം ൨൫-ാംനു- ഈ സർവ്വെനമ്പരിൽനിന്നും തടിവെട്ടി എന്നും ൨൨൦൫ മിഥുനം ൨൫-ാംനു- രസീതു കൊടുത്തു എന്നുമാണ്. അതു കൊടുത്തു എന്നചോദ്യത്തിന് എറുമാന്തർ റേഞ്ചർ അതെന്നു പറയുന്നു. ഈ സർവ്വെനമ്പരിൽനിന്നും വെട്ടിയതടിയുടെ നീളം വണ്ണം ഇവയെ വിവരിച്ച് ഉടമസ്ഥനു രസീതു കൊടുത്തിട്ടുണ്ടോ എന്നു ചോദിച്ചതിന് കോട്ടയം അസിസ്റ്റൻറ് കൺ

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. J. Oommen.]

സർവേറർ സർവെ൪ന൨-ഫ ൩-ൽനിന്ന് ഫ ഫ ൦ ൪-ഫ ഫ-ഫ ൭-ൽ അങ്ങിനെ ഒരു തടിവെട്ടി ലേലം ചെയ്തിട്ടുണ്ട് എന്ന് മറുപടി തന്നു.

ഇതിൽനിന്നു മനസിലാക്കാവുന്നതു് ഫ ഫ ൦ ൪-ഫ ഫ-ഫ ൭-ൽ ലേലത്തിൽ വിറ്റതടിക്കു് ഫ ൦ ൭ മിഥുനം ൨ ൭-ാംനു- രസീതു കൊടുത്തിരിക്കുന്നു എന്നാണു്. തടിലേലം ചെയ്തു് ഡിപ്പോവിൽ കൊണ്ടുവന്നു് വിറ്റു് ഒരു വർഷം കഴിഞ്ഞിട്ടാണു് തടിമുറിച്ചതിലേക്കുള്ള രസീതുകൊടുത്തിരിക്കുന്നതു്. എന്നാൽ തടിവെട്ടി ആറുമാസവും ഒരു വർഷവും കഴിഞ്ഞാലും അതിലേക്കുള്ള രസീതു കൊടുത്തിട്ടില്ല എന്നു്, എന്റെ വാക്കുകളെ വിശ്വസിക്കാമെങ്കിൽ, തിരുവിതാംകൂർ ദിവാൻജി അവർകളുടെ മുമ്പിൽവച്ചു പറയുന്നു. ഇത്രഅക്രമപരമായസംഗതികൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നശേഷവും ഡിപ്പാർട്ടുമെൻറു മേധാവി ജനങ്ങളുടെ സങ്കടത്തിനു് നിവൃത്തിവരുത്താതിരിക്കുന്നതിലാണു് ജനങ്ങൾക്കു് കൂടുതൽ സങ്കടം ഉള്ളതു്.

**PRESIDENT:** What was it that you first read from?

**MR. V. J. OOMMEN** (*Commerce and Industry, North*): Council Proceedings, Volume XVI, No. 10, page 890.

**PRESIDENT:** You said that something happened in Mithunam 1105.

**MR. V. J. OOMMEN** (*Commerce and Industry, North*): That is, the receipt was issued on 24th Mithunam 1105.

**PRESIDENT:** When was that question answered?

**MR. V. J. OOMMEN** (*Commerce and Industry, North*): On the 6th Edavom 1105.

**PRESIDENT:** It must be a mistake.

**MR. V. J. OOMMEN** (*Commerce and Industry, North*): I made a mistake in saying 'Mithunam' for 'Minam' 1105.

ഇതിലേക്കു് അനേകം ഉദാഹരണങ്ങൾ കാണിക്കാൻ ഞാൻ തയ്യാറാണു്. യാതൊരുമുന്നറിവുംകൊടുക്കാതെകുടികളുടെ സ്ഥലങ്ങളിൽനിന്നു് തോന്ന്യവാസമായിട്ടു് കൺടാക്ടരും റേഞ്ചരും കീഴ്ദ്യോഗസ്ഥന്മാരുംകൂടിച്ചെന്നു തടിവെട്ടിക്കൊണ്ടുപോകുന്നു എന്നു് ഇന്നത്തെ പ്രസിഡൻറിന്റെ മുമ്പിൽ വച്ചാണു് പറഞ്ഞിട്ടുള്ളതു്. ഇങ്ങനെ കുടികളുടെ പുരയിടങ്ങളിൽനിന്നു് അവർക്കു മുന്നറിവു കൊടുക്കാതെ തടിവെട്ടിക്കൊണ്ടുപോയി ലേലം ചെയ്യുന്നതിനു ഇവർക്കു് എന്താണു് ഇത്ര ധൃതി. തടികൾ വെട്ടുന്നതിൽ ആ സർവെ നമ്പർ ആരുടെ കൈവശത്തിലാണെന്നും അതിന്റെ ഉടമസ്ഥൻ ആരാണെന്നും റവന്യൂഡിപ്പാർട്ടുമെൻറിൽനിന്നു കണ്ടു പിടിച്ചു് അവർക്കു നോട്ടീസുകൊടുത്തു് തടിയുടെ നീളവും വണ്ണവും അളന്നു് അ

LIBRARY ARCHIVES Kerala Legislative Assembly

വരെ ബോധ്യപ്പെടുത്തി തടിവെട്ടിക്കൊണ്ടുപോയി ലേലം ചെയ്യുന്നതായാൽ അതു നിമിത്തം യാതൊരു പരാതിക്കും വഴിയില്ല.

അതോപോകട്ടെ. പത്തുവർഷമായി കുടിവില കൊടുക്കാതിരിക്കുന്നു എന്ന് ഇവിടെ മുമ്പു പറഞ്ഞു. പത്തുവർഷമെന്ന് പറഞ്ഞതു പന്ത്രണ്ടും പതിനഞ്ചും വർഷം ആകാം. ഇതിൽ പരം ഒരക്രമം എന്താണു ഗവണ്മെൻറ് കുടിയാനവന്മാരോട് ചെയ്യാനുള്ളതു്. ഏതു വിധത്തിലും ഒരു പൗരന്റെ ചില്ലിക്കാശു് ഞെക്കിപ്പിഴിഞ്ഞെടുക്കുന്നതിനു് അധികാരമുള്ള ഗവണ്മെൻറ് പ്രജകളുടെ ക്ഷേമത്തെ ഇങ്ങനെയാണോ കാക്കുന്നതു്. ഗവണ്മെൻറ് ഈ നിലയിൽ പ്രവൃത്തിക്കുകയാണെങ്കിൽ കുടിയാനവന്മാർ തിരുവിതാംകൂറിൽ കഴിച്ചു കൂട്ടുന്നതെങ്ങിനെയാണു്. ഈ കുടിവിലയെ സംബന്ധിച്ചു് അനേകം പരാതികഥം പറഞ്ഞുകൊണ്ടിരിക്കുന്നു. എന്നിട്ടും അതിനെ കേൾക്കാൻ ആളില്ല. അനേകായിരം ആളുകൾ ഓരോ ഫ്യാറസ്റ്റ് ആഫീസുകളിൽ പോയി കുടിവിലകിട്ടുന്നതിനു് കാത്തു കിടക്കുന്നു. അതുകൊണ്ടു് മേലാലെങ്കിലും ദയവുചെയ്തു് ഒരു സ്പെഷ്യലാഫീസരെ നിയമിച്ചു് ഈ കുടിവിലയുടെ അവകാശം അന്വേഷിച്ചു അതിനെ കൊടുത്തു തീർക്കുന്നതിനു് ഗവണ്മെൻറ് വേണ്ട ഏർപ്പാടുചെയ്തില്ലെങ്കിൽ കുടികൾ കഷ്ടപ്പെടാതിരിക്കുന്നതിനു് യാതൊരു നിവൃത്തിയും ഇല്ല. സാമാന്യേന കുരുമുളകിനു വളരെ വിലകുറഞ്ഞിരിക്കുന്ന ഈ കാലത്തു് അൻപതോ നൂറോ ഉള്ളതു് കിട്ടുന്ന എങ്കിൽ അതു് വലിയ ഉപകാരമായിരിക്കും. അതുകൊണ്ടു് ഒരു സ്പെഷ്യലാഫീസരെ നിയമിച്ചില്ലാ എങ്കിൽ അക്കായ്യം ഈ ഡിപ്പാർട്ടുമെൻറിനു് ചെയ്തീർക്കാൻ സാധിക്കുമെന്നു് എനിക്കു അശേഷം വിശ്വാസമില്ല. ഇതുവരെ സാധിച്ചിട്ടുമില്ല; ഇനിമേൽ സാധിക്കുകയും ഇല്ല. അതിനാൽ ഗവണ്മെൻറ് ഈ വിഷയത്തിൽ വേണ്ടവണ്ണം നിഷ്കർഷിച്ചു പ്രവൃത്തിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ വിരമിച്ചു കൊള്ളുന്നു.

**MR. R. DHANUKOTI PILLAI** (*Conservator of Forests*): The question of registering swampy areas inside the reserves, is not a new one. It has come up, both in the Assembly and in this Council, several times.

During the time of Dewan Gopalachari, the question was taken up, and a committee was appointed to go into it. He collected information from all Revenue officers and Forest officers. A G. O. was issued laying down the policy of Government, with regard to reservation and also saying that areas fit for cultivation which are inside the reserves, may as well be opened, for cultivation. That policy, Government have followed steadily, ever after that. Some of the proposals which were submitted to Government for reservation of areas, were asked to



LIBRARY ARCHIVES Kerala Legislative Assembly

[Mr. R. Dhanukoti Pillai]

be withdrawn, and Government also registered some lands. During the time of Dewan Krishnan Nayar, the same subject came up for consideration and it was ordered that the areas of 100 acres and more of swampy lands situated inside the reserves, might be registered, even though, they were inside the *settled* reserves. Accordingly, an area of 2100 acres were disafforested and registered.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*) : അങ്ങിനെ തെക്കൻതിരുവിതാംകൂറിൽ എത്ര സ്ഥലം ഉണ്ട്?

MR. R. DHANUKOTI PILLAI (*Conservator of Forests*): തിരുവിതാംകൂറിൽ മുഴുവനും ഉള്ളതാണ് പറയുന്നത്.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*) : തെക്കൻതിരുവിതാംകൂറിൽ അങ്ങിനെ ഒരേക്കർ എങ്കിലും ഉണ്ടോ?

MR. R. DHANUKOTI PILLAI (*Conservator of Forests*) : തെക്കൻതിരുവിതാംകൂറിൽ ഉണ്ടോ എന്നറിഞ്ഞുകൂടാ.

Subsequently during the time of Dewan Mr. Raghaviah, this Council again took up the question and it was ordered that swampy areas of not less than 10 acres of lands in accessible places inside the reserve might be registered. And accordingly committees consisting of officials and non-officials were appointed for 10 taluks. These were the so-called Taluk Committees. They inspected all lands inside the reserve fit for paddy cultivation, and they submitted their recommendations.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : ഇതിൽ മൂവാറ്റുപുഴതാലൂക്കിൽനിന്നും എത്ര ഏക്കർ സ്ഥാനിയേശിയാ സ്ഥലം പതിച്ചുകൊടുക്കണമെന്നാണ് ശുപാർശചെയ്തിട്ടുള്ളത്?

MR. R. DHANUKOTI PILLAI (*Conservator of Forests*) : അത് എനിക്ക് ഓർമ്മയില്ല.

We have first of all to disafforest the lands, demarcate them, and get them surveyed and then transfer them to the Land Revenue Department. That department takes steps to register them according to the orders of Government. Naturally there is some delay. But I may assure the House that we are taking every step that we possibly can, to hasten the procedure. We submit a monthly statement of steps taken for the handing over of disafforested areas to the Revenue Department. The delay therefore is due to the ordinary work pertaining to the department.

Sir, as I said before, the ten Taluk Committees submitted their recommendations and an area of about 3000 acres was disafforested, and asked to be registered. These areas are in process of registry.

When the western outlet road was opened, it was suggested, that as the road passed through dense forest for several miles, small villages might be formed along it to make the road popular, and accordingly an area of 1100 acres at Kuttampuzha, 550 acres at Pooyamkutty and

LIBRARY ARCHIVES Kerala Legislative Assembly

another 6000 acres at Perumpazhuthur were disafforested. The lans was practically an ever green belt extending from Perumpazhuthur to Kuttampuzha. This area was disafforested, the tree growth on it wad sold, and the land made available for registry.

**MR. TARIATU KUNJITOMMAN** (*Muvattupuzha* cum *Todupuzha*): ഇത് മൂവാറ്റുപുഴ താലൂക്കിനെ സംബന്ധിക്കുന്നതാകയാൽ മലയാളത്തിൽ പറഞ്ഞാൽ കൊള്ളാം.

**MR. R. DHANUKOTI PILLAI** (*Conservator of Forests*): This Kuttampuzha block was really a very fertile land and some of it fetched 130 Rupees per acre and the rest fetched Rs. 50 on an average per acre. It is now about 7 years since the land was registered. It is a site for inspection. The land is devoid of all tree-growth and the people who got these lands registered are absentee landlords. They never care to stop and use the lemon grass which grew there. Now the land is destitute of all tree-growth and there are only short stunted stumps. There is no more lemon grass oil.

**PRESIDENT**: Kindly explain what you want to say about Muvattupuzha Taluk in Malayalam to Mr. Tariatu Kunjitomman.

**MR. R. DHANUKOTI PILLAI** (*Conservator of Forests*): കുട്ടമ്പുഴയിൽ ൧൦൦ ഏക്കർ പതിച്ചുകൊടുത്തതിൽ ഏക്കറിന് ൧൩൦ രൂപാവീതം കിട്ടി. കണ്ടൻപാറെ കൊടുത്തതിൽ ൫൦ രൂപാവീതം കിട്ടിട്ടുണ്ട്. ഇതു് ൭ വർഷത്തിനുമുമ്പാണ്.

**MR. TARIATU KUNJITOMMAN** (*Mavattupuzha* cum *Todupuzha*): ഈ സ്ഥലം മുഴുവനും കൃഷിചെയ്തിട്ടുണ്ടെന്ന് അറിയാമോ?

**MR. R. DHANUKOTI PILLAI** (*Conservator of Forests*): അറിയാം, ഇഞ്ചിപ്പുല്ല് കൃഷിചെയ്യുന്നതായി അറിയാം.

**MR. TARIATU KUNJITOMMAN** (*Mavattupuzha* cum *Todupuzha*): ഇഞ്ചിപ്പുല്ല് അല്ലാതെ റബ്ബർ, അടക്കാമരം, വാഴ, നെല്ല മുതലായവ, കൃഷി ചെയ്യുന്നതായി അറിയാമോ?

**MR. R. DHANUKOTI PILLAI** (*Conservator of Forests*): ഞാൻ സ്ഥലത്തു പോയ അവസരത്തിൽ റബ്ബർകൃഷി ഇല്ലായിരുന്നു. ഇഞ്ചിപ്പുല്ല് കൃഷി ഉണ്ടായിരുന്നു.

**MR. TARIATU KUNJITOMMAN** (*Mavattupuzha* cum *Todupuzha*): നെൽകൃഷി ഉണ്ടായിരുന്നതായി അറിയാമോ?

**MR. R. DHANUKOTI PILLAI** (*Conservator of Forests*): ഞാൻ യാതൊരുസ്ഥലത്തും നെൽകൃഷി ചെയ്തിരിക്കുന്നതായി കണ്ടില്ല. മിസ്റ്റർ റാബിൻസൺ പറയുന്നതു നെൽകൃഷി ഇല്ലായിരുന്നു എന്നാണ്,

LIBRARY ARCHIVES Kerala Legislative Assembly

MR. TARIATU KUNJITOMMAN (*Mavattupuzha* cum *Todupuzha*): മിസ്റ്റർ റാബിൻസൺ എന്നാണ്ട് അവിടെ പോയത്?

MR. R. DHANUKOTI PILLAI (*Conservator of Forests*): ആ സ്ഥലങ്ങൾ ഇപ്പോൾ പല്ലുപിടിച്ച മരുഭൂമിപോലെ കിടക്കുന്നു. അതുപോലെ ഡിസ്സൊഫാറസ്റ്റ് ചെയ്ത 1000 ഏക്കർ സ്ഥലം അക്വിഷൻചെയ്തതിൽ ചില സ്ഥലം 15 രൂപായായി പോയിട്ടുണ്ട്.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അത് കണ്ണമ്പുഴയുറിന്റെ അരുകിലല്ലെ?

MR. R. DHANUKOTI PILLAI (*Conservator of Forests*): അതേ.

MR. TARIATU KUNJITOMMAN (*Mavattupuzha* cum *Todupuzha*): അത് റോഡിന്റെ രക്ഷക്കായി പതിച്ചുകൊടുക്കണമെന്ന് 50 വർഷം മുമ്പെ തീരുമാനിച്ചതല്ലെ?

MR. R. DHANUKOTI PILLAI (*Conservator of Forsests*): അതുകൊണ്ടാണ് മുമ്പു പതിച്ചുകൊടുത്തത്.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അതിനെ പതിച്ചുകൊടുക്കുന്നതിൽ തടസ്സംപോറഞ്ഞ് കാലതാമസപ്പെടുത്തിയതു ഫാറസ്റ്റ്റഡിപ്പാർട്ടുമെൻറല്ലെ?

MR. R. DHANUKOTI PILLAI (*Conservator of Forests*): അത് എനിക്ക് അറിഞ്ഞുകൂടാ.

Sir, it has been the policy of the department to disafforest the lands and make it available for registry wherever it is possible. It was I that brought to the notice of Government the existence of swampy areas of Mannankandam extending nearly 1000 acres. The Government appointed a committee. The committee inspected the lands and made some recommendations. Subsequently the Pallivasal road was taken up which passed near this valley. It was ordered by the Government that the land could not be made available for registry till the Pallivasal road is opened. But it is under contemplation to register the lands on either side of the road when it is completed.

Mr. T. C. Kesava Pillai referred to the Pachippara P. W. Reserve. That P. W. D. Reserve is handed over to the P. W. Department to meet emergencies, when something occurs to the dam or to the protective works. At the time the dam was under construction the P. W. D. wanted a lot of charcoal and other articles and it could not be had except through the Forest Department. It was then suggested that they should have a small area to obtain charcoal and other articles that are absolutely necessary for the maintenance of irrigation work. That was how that area was transferred to the P. W. D. It may not be possible for the department to make use of the Reserve but it is to meet emergent contingencies that the land is placed at the disposal of the P. W. Department.

LIBRARY ARCHIVES Kerala Legislative Assembly

**PRESIDENT**: The time allotted for the Demand has expired and the remaining motions lapse.

**MOtions 145**

The above and the following motions lapsed.

MR. R. RAMAN PILLAI:

146. To reduce the allotment of Rs. 12,020 for Head Clerk, etc. by Rs. 5.

MR. A. S. DAMODARAN ASAN:

147. To reduce the allotment of Rs. 16 44 for establishment by Rs. 5.

MR. MATTHEW MURIKKAN:

148. To reduce the allotment of Rs. 16,24, for establishment by Rs. 100.

MR. A. C. KURIAKOSE;

149. To reduce the allotment of Rs. 16,244 for establishment by Rs. 100.

MR. R. KESAVA PILLAI:

150. To reduce the allotment of Rs. 3,500 for travelling allowances by Re. 1.

MR. R. KESAVA PILLAI:

151. To reduce the allotment of Rs. 3,500 for travelling allowances by Re. 1.

MR. V. CHELLAM PILLAI:

152. To reduce the allotment of Rs. 3,500 for travelling allowances by Re. 1.

MR. A. C. KURIAKOSE:

153. To reduce the allotment of Rs. 3,500 for travelling allowances by Rs. 50.

MR. K. P. NILAKANTA PILLAI;

154. To reduce the allotment of Rs. 24,689 for direction by Rs. 100.

MR. P. S. MAHOMED:

155. To reduce the allotment of Rs. 3,060 for depot Officers by Rs. 10.

MR. A. C. KURIAKOSE:

156. To reduce the allotment of Rs. 1,72,939 for establishment by Rs. 100.

MR. A. C. KURIAKOSE:

157. To reduce the allotment of Rs. 26,500 for travelling allowances by Rs 100.

MR. MURUVELIL PACHU PILLAI:

158. To reduce the allotment of Rs. 2,32,215 for establishment by Re. 1

MR. MURUVELIL PACHU PILLAI:

159. To reduce the allotment of Rs 2,32,215 for Establishment by Re. 1.

MR. G. P. NILAKANTA PILLAI:

160. To reduce the total allotment of Rs. 8,27,550 under Demand IV by Re. 1.

MR. A. THANU PILLAI:

161. To reduce the total allotment of Rs. 8,27,550 under Demand IV by Re. 1.

MR. T. C. KESAVA PILLAI:

162. To reduce the total allotment of Rs. 8,27,550 under Demand IV by Re. 1.

MR. P. S. MAHOMED:

163. To reduce the total allotment of Rs 8,27,550 under Demand IV by Rs. 50.

MR. MATTHEW MURIKKAN:

164. To reduce the total allotment of Rs. 8,27,550 under Demand IV by Rs. 100.

MR. V. J. OOMMEN:

165. To reduce the total allotment of Rs. 8,27,550 under Demand IV by Rs. 100.

MR A. G. MENON:

166. To reduce the total allotment of Rs. 8,27,550 under Demand IV by Rs. 100

MR. T. C. KESAVA PILLAI:

167. To reduce the total allotment of Rs. 8,27,550 under Demand IV by Rs. 100.

MR. TARIATU KUNJITOMMAN:

168. To reduce the total allotment of Rs. 8,27,550 under Demand IV by Rs. 100.

LIBRARY ARCHIVES Kerala Legislative Assembly

**PRESIDENT**: I now put Demand No. IV—Forests—for Rs. 8,27,550. to the vote of the House.

The grant was made.

DEMAND V.—STAMPS.

**PRESIDENT**: The House will now proceed to Demand No. V—Stamps.

**MR. R. NILAKANTA PILLAI** (*Ag. Financial Secretary to Government*): I beg to move for a grant not exceeding Rs. 1,04,026 under Demand V—Stamps.

**Motion 169.**

The following motion was not moved:

MR. S. PIRAVIPERUMAL PILLAI:

To reduce the allotment of Rs. 20,000 for purchase of card boards and covers by Rs. 8,000.

**Motion 170.**

The following motion was deemed to have been withdrawn as the member was absent.

MR. R. KESAVA PILLAI:

To reduce the allotment of Rs. 28,249 for Manufactory by Re. 1

**Motions 171 and 172.**

The following motions were not moved:

MR. T. C. KESAVA PILLAI:

171. To reduce the total allotment of Rs. 1,04,026 under Demand V by Re. 1.

MR. P. S. MAHOMED:

172. To reduce the total allotment of Rs. 1,04,026 under Demand V by Rs. 26.

**PRESIDENT**: The Demand under V—Stamps Rs. 1,04,026 is placed before this House.

The grant was made.

DEMAND VI —REGISTRATION.

**MR. T. K. MADHAVAN NAYAR** (*Ag. Secretary to Government*): I beg to move for a grant not exceeding Rs. 3,39,453 under Demand VI—Registration.

***Motions 173 to 175.***

The following motions were deemed to have been withdrawn as the members wer absent.

MR. A. S. DAMODARAN ASAN:

173. To reduce the allotment of Rs. 8,920 for establishment by Re. 1.

MR. R. KESAVA PILLAI:

174. To reduce the allotment of Rs. 8,920 for establishment by Re. 1.

MR. A. THANU PILLAI:

175. To reduce the allotment of Rs. 8,920 for establishment by Rs. 10.

***Motion 176.***

To reduce the allotment of Rs. 8,920 for establishment by Rs. 100.

**MR. A. C. KURIAKOSE** (*Minachil cum Devicolam*): എസ്റ്റാബ്ലിഷ്മെൻറ് ഇനത്തിൽ ആവശ്യപ്പെട്ടിട്ടുള്ള വ,ൻറ 0 രൂപയിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly